2018 AUGUST - VOL 17 - ISSUE 8 - PAGE 36 - PRICE ₹20

KAIROS MAGAZINE FOR TEENS & YOUTH

# കെയ്റോസ്



## വരൂ! നമുക്ക് പുറത്തിറങ്ങി

# കളിക്കാം

# “കായിക വിനോദങ്ങൾ ജീവിതത്തെ സ്നേഹിക്കാൻ പ്രേരിപ്പിക്കുന്നു.”

ഫുട്ബോൾ പ്രിയനായിരുന്ന വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയെ ‘ഏറ്റവും ആരോഗ്യവാനായ പാപ്പ’ എന്നും വിശേഷിപ്പിച്ചിരുന്നു. ഫുട്ബോൾ കോർട്ടിൽ ഗോൾ കീപ്പറിന്റെ റോളായിരുന്നു അദ്ദേഹത്തിന് ഏറെ ഇഷ്ടം. നീന്തൽ, സ്കേറ്റിങ്ങ് തുടങ്ങിയ വിനോദങ്ങൾ വേറെയും.

**കായികവിനോദ പ്രിയനായിരുന്ന വി. ജോൺ പോൾ മാർപാപ്പയുടെ വാക്കുകൾ:**

“യുവാക്കൾ ഏതെങ്കിലും കായികവിനോദത്തിൽ ഏർപ്പെടുകയെന്നത് ഈ കാലഘട്ടത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. വിശ്വസ്തത, പരിശ്രമശീലം, സൗഹൃദം, പങ്കുവയ്ക്കൽ, ഐക്യമത്യം തുടങ്ങിയ സുപ്രധാന മൂല്യങ്ങളിൽ വളരുവാൻ അത് യുവജനങ്ങളെ പ്രോത്സാഹിപ്പിക്കും”.

“ജനങ്ങൾ തമ്മിൽ സമാധാനപരമായ പരസ്പരധാരണ വളർത്തുവാനും സ്നേഹത്തിന്റെ പുതിയ സംസ്കാരം സ്ഥാപിക്കുവാനും കായികവിനോദങ്ങൾക്ക് ഫലപ്രദമായ സംഭാവനകൾ നൽകാനാകും എന്നത് ഒരു വാസ്തവമാണ്”.

“കായികവിനോദങ്ങൾ ജീവിതത്തെ സ്നേഹിക്കാൻ പ്രേരിപ്പിക്കുന്നു. ത്യാഗമനോഭാവത്തിൽ വളരുവാനും മറ്റുള്ളവരെ ആദരിക്കാനും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാനും കായികവിനോദങ്ങൾ പഠിപ്പിക്കുന്നു”.

“ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ ശക്തനായ കായികാഭ്യാസിയാകാൻ വിളിക്കപ്പെട്ടവനാണ്”. അവിടത്തെ സുവിശേഷത്തിന്റെ വിശ്വസ്തനും ധീരനുമായ സാക്ഷിയാകുവാൻ! പക്ഷേ, ഈ ഉദ്യമത്തിൽ വിജയിക്കണമെങ്കിൽ അവൻ പ്രാർഥനയിൽ നിരന്തരമായി പരിശ്രമിക്കുകയും മൂല്യങ്ങളിൽ പരിശീലനം നേടുകയും ദിവ്യഗുരുവിനെ എല്ലാ കാര്യങ്ങളിലും പിൻചെല്ലുകയും വേണം.



## എഡിറ്റോറിയൽ



# വരൂ! നമുക്ക് പുറത്തിറങ്ങി കളിക്കാം

കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണത്തിന്റെ മുഖപത്രമായ ജീവജ്വാലയുടെ 1994 നവംബർ ലക്കം ജീസസ് യൂത്ത് സ്പെഷ്യലായിരുന്നു. 52 പേജിൽ കവർ ഉൾപ്പെടെ മുഴുവനും ജീസസ് യൂത്ത് വിശേഷങ്ങൾ

അനുഭവക്കുറിപ്പുകളും മിനിസ്ട്രി വിശേഷങ്ങളും എല്ലാം ഉൾപ്പെടുത്തിയാണ് അബ്രാഹം പള്ളിവാതുക്കൽ അച്ചൻ ചീഫ് എഡിറ്ററായിരുന്ന മാസിക അന്ന് പുറത്തിറങ്ങിയത്.

ഇന്ന് ജീസസ് യൂത്ത് ഫോർമേഷൻ ഡയറക്ടറായി പ്രവർത്തിക്കുന്ന മനോജ് സണ്ണിയുടെ അന്നത്തെ പ്രധാന പ്രവർത്തന മേഖല മ്യൂസിക് മിനിസ്ട്രിയായിരുന്നു. ജീസസ് യൂത്ത് സ്പെഷ്യൽ ജീവജ്വാലയിൽ മനോജ് സണ്ണി സംഗീത ശുശ്രൂഷയെക്കുറിച്ചെഴുതിയ കുറിപ്പിന്റെ തലക്കെട്ട് 'ഏറ്റവും നല്ലത് ഏറ്റവും മനോഹരമായി ദൈവത്തിന്' എന്നതായിരുന്നു. അടുത്തയിടെ ഫ്രാൻസിസ് മാർപാപ്പ കായികരംഗവുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ രേഖയുടെ പേര് "Giving the best of yourself" (നിങ്ങളുടെ ഏറ്റവും നല്ലത് നല്കൂ) എന്നതാണ്. രണ്ട് തലക്കെട്ടുകളും തമ്മിൽ ആശയത്തിലും രൂപത്തിലും ചില സാമ്യങ്ങൾ ഉണ്ടോ എന്ന് സംശയിക്കുന്നവരെ കുറ്റപ്പെടുത്താനാവില്ല. കായികരംഗവുമായി ബന്ധപ്പെട്ട ക്രൈസ്തവ വീക്ഷണം വ്യക്തമാക്കുന്ന വത്തിക്കാൻ രേഖ തയ്യാറാക്കുകയും വിലയിരുത്തുകയും ചെയ്ത സമിതിയിൽ ജീസസ് യൂത്തിന്റെ പ്രഥമ ദേശീയ, അന്തർദേശീയ കോ-ഓർഡിനേറ്ററും, ദേശീയ ഷൂട്ടിങ് ചാമ്പ്യനും, ദേശീയ റെക്കോർഡുടമയുമായിരുന്ന മനോജ് സണ്ണിയും അംഗമായിരുന്നു. മനോജ് സണ്ണിയുടെ പിതാവ് പ്രൊഫസർ സണ്ണി തോമസ് അതിപ്രഗത്ഭരായ കായിക പരിശീലകർക്ക് രാഷ്ട്രം സമ്മാനിക്കുന്ന ദ്രോണാചാര്യ അവാർഡ് ജേതാവാണ്. അനേക വർഷങ്ങളിൽ അദ്ദേഹം ദേശീയ ഷൂട്ടിങ് ടീമിന്റെ കോച്ചായിരുന്നു.

2018 ജൂൺ- ജൂലൈ മാസങ്ങളിലെ ലോകകപ്പ് ഫുട്ബോൾ മത്സരങ്ങളുടെയും ഒക്ടോബറിൽ വരാനിരിക്കുന്ന യുവജന കേന്ദ്രീകൃതമായ മെത്രാന്മാരുടെ ആഗോള സിനഡിന്റെയും പശ്ചാത്തലത്തിലാണ് മാർപാപ്പ കായിക രംഗവുമായി ബന്ധപ്പെട്ട പഠനരേഖ പുറത്തിറക്കിയിരിക്കുന്നത്.

യുവജന ശുശ്രൂഷയുമായി ബന്ധപ്പെട്ടവരെല്ലാം ഏറെ ആദരവോടും, അഭിമാനത്തോടും സന്തോഷത്തോടും കൂടെയാണ് മാർപാപ്പയുടെയും ആഗോളസഭയുടെയും ഈ പരിശ്രമങ്ങളെ നോക്കിക്കാണുന്നത്. ഇന്നത്തെയും നാളത്തെയും സഭയുടെ ജീവിതത്തിൽ യുവജനങ്ങളുടെ വർധിച്ച പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ടുള്ള നടപടികളാണിത്. പരമ്പരാഗത രീതികൾ മാറ്റിവച്ചുകൊണ്ട് സാധ്യമായ മാർഗങ്ങളെല്ലാം ഉപയോഗിച്ച് ചെറുപ്പക്കാരുടെ ഭാഷ സംസാരിക്കാനും അവരെ പിൻചെല്ലാനുമുള്ള പരിശ്രമങ്ങളാണ് നടക്കുന്നത്. ഇത്തരമൊരു സമീപനം നമ്മുടെ നാട്ടിലും ആവശ്യമുണ്ട്. പതിവുശൈലികൾക്കും പ്രവർത്തനരീതികൾക്കുമപ്പുറം മുഴുവൻ ചെറുപ്പക്കാരെയും ഉൾപ്പെടുത്താൻ സാധിക്കുന്ന വിധത്തിലുള്ള സമീപനങ്ങൾ കാലഘട്ടം ആവശ്യപ്പെടുന്നുണ്ട്. യുവജന പരിശീലന/രൂപീകരണരംഗത്ത് പുത്തൻ പരീക്ഷണങ്ങൾ നടക്കണം. വ്യവസായ/ബിസിനസ്സ് മേഖലയിലാകെ പ്രബലപ്പെട്ടുകൊണ്ടിരിക്കുന്ന സ്റ്റാർട്ടപ്പ്, ഇന്നവേഷൻ സംസ്കാരം യുവജന രൂപീകരണ രംഗത്തും സംഘടനാ പ്രവർത്തനങ്ങളിലും ആവശ്യമുണ്ട്.

“ഏറ്റവും നല്ലത് ദൈവത്തിന് നല്കാൻ” മുഴുവൻ യുവജന സമൂഹത്തെയും തയ്യാറാക്കുന്ന പ്രവർത്തന പദ്ധതികൾക്കായി കാത്തിരിക്കാം.

*സ്നേഹപൂർവം,*

**ഡോ. ചാക്കോച്ചൻ ഞാവള്ളിൽ**
kairosmag@gmail.com

Kairos Magazine | August 2018 | Vol.17 | Issue 8

*വിലാസം:* കെയ്റോസ്, എമ്മാവൂസ്,
എച്ച്.എം.ടി. കോളനി പി.ഒ., പിൻ: 683 503
ഫോൺ: 9400 6610 42, 0484 2558825
ഇ-മെയിൽ: kairosmag@gmail.com

വെബ്സൈറ്റ്: kairos.jesusyouth.org
Kairos Online: www.kairos.global
facebook.com/Readkairos

കെയ്റോസ് മാസിക വാർഷിക വരിസംഖ്യ: ₹ 225
അഞ്ചു വർഷത്തേക്ക്: ₹ 1000
വിദേശത്തേക്ക്: ₹ 2000 (ഒരു വർഷം)

IFSC FDRL 0001012, KAIROS TRUST
SB A/c No. 13060100110898
FEDERAL BANK, KALAMASSERY

സ്പിരിച്വൽ ഡയറക്ടർ
**റവ. ഫാ. ജോസഫ് എഴുമയിൽ** *(KJYC ആനിമേറ്റർ)*

പ്രിന്റർ ആൻറ് പബ്ലിഷർ
**റെജി കരോട്ട്** 9447394142

എക്സിക്യൂട്ടീവ് മാനേജർ
**അഭിലാഷ് എം.കെ.** 9961914919 *(KJYC കോ-ഓർഡിനേറ്റർ)*

ചീഫ് എഡിറ്റർ
**ഡോ. ചാക്കോച്ചൻ ഞാവള്ളിൽ** 9447572513

അസ്സോസിയേറ്റ് എഡിറ്റർ
**സണ്ണി കോക്കാപ്പിള്ളിൽ** 9446890744

എഡിറ്റോറിയൽ ബോർഡ്
**അഡ്വ. കെ.ജെ. ജോൺസൺ** 9447245745
**അരുൺ ആന്റണി** 9447378547
**ഷാജി ജോസഫ്** 9895405631
**ഡോ. നൈസിൽ രാജേഷ്** 9446123934
**ജോബി തോമസ്** 9995213936
**ഡോ. വിനീത ജോബി** 9447499439
**എൽസീന ജോസഫ്** 9497379891

ഓഫീസ്: **സാജൻ സി.എ** 9895711718

സർക്കുലേഷൻ മാനേജർ
**ജോജിബാബു മമ്പള്ളിൽ** 9447742672

ഡിസൈൻ
**ഷാജി ജോസഫ് അറക്കൽ** 9895405631

## കത്തുകൾ / പ്രതികരണങ്ങൾ

പ്രിയ എഡിറ്റർ,

ഒടുവിൽ ഇങ്ങനെയും ഒരു എഡിറ്റോറിയൽ ശീർഷകം 'പൂത്തുലയട്ടെ പ്രണയം' ഉണ്ടായതിൽ അഭിനന്ദനം. എന്നും പ്രണയവും പ്രേമവും ലൈംഗികതയും അകറ്റി നിറുത്തി, ചിലപ്പോൾ ഇവയൊക്കെ പാപമെന്നുപോലും ചിന്തിച്ചതിൽ നിന്നും വ്യത്യസ്തമായി ഈ കാലഘട്ടത്തിൽ ഈ ആശയം വളർത്തിയെടുക്കേണ്ടതാണ്. നമ്മുടെ ആൺ-പെൺകുട്ടികൾ പഠിച്ചോ അല്ലാതെയോ 28-ഉം 30-ഉം ആകുമ്പോഴേക്കുമാണ് വിവാഹത്തെപ്പറ്റി ചിന്തിക്കുക. അപ്പോൾ സാധ്യമായ ജീവിതപങ്കാളിയെ ലഭിക്കാതെ വരുകയും ചെയ്യും. വളരെപേർ സഭാവിശ്വാസത്തിൽ നിന്നും ചാടിപ്പോയിട്ടുമുണ്ട്. അതുകൊണ്ട് ചെറുപ്പംമുതലേ പ്രണയത്തെക്കുറിച്ചും നല്ല ബന്ധങ്ങളെക്കുറിച്ചുമൊക്കെ നമ്മുടെ കുട്ടികൾക്കും കൗമാരപ്രായക്കാർക്കും അറിവുണ്ടായാൽ തിരിച്ചറിവാകുകയും സുരക്ഷിതത്വ ബോധത്തോടെ വളർന്നുവരുകയും ജീവിതപങ്കാളിയെ കണ്ടെത്താൻ എളുപ്പമുണ്ടാകുകയും ചെയ്യും. നല്ല ബന്ധങ്ങളിലൂടെയുള്ള വളർച്ച ആത്മീയ വളർച്ചയ്ക്കുപോലും സഹായമാകും. കെയ്റോസ് ടീമിന് അഭിനന്ദനങ്ങൾ.

*ഫാ. ലൂക്ക് പൂതൃക്കയിൽ, കണ്ണൂർ*

പ്രിയ എഡിറ്റർ,

ഈ മാസത്തെ മാസിക വളരെ ഇഷ്ടപ്പെട്ടു. വളരെയേറെ സത്യമുള്ളതുപോലെ. മറ്റ് എഡിഷനുകളിൽ നിന്നും വ്യത്യസ്തത പുലർത്തുന്നു. ഇതു തുടരണം. പിന്നെ അറിവു തരുന്ന ഫീച്ചറുകൾ കൂടുതൽ ഉൾപ്പെടുത്തണം, ഈ ലക്കത്തിൽ ഭാഗികദണ്ഡവിമോചനത്തെക്കുറിച്ച് കൊടുത്തതുപോലെ. ശശിചേട്ടന്റെ ലേഖനവും ഇഷ്ടപ്പെട്ടു. ഇനിയും പുതുമകളുണ്ടാകട്ടെ. ദൈവാനുഗ്രഹം ആശംസിക്കുന്നു.

*ഇമ്മാനുവേൽ*



# “നീ മരിച്ചിട്ട് ജീവിക്കുന്നതാടാ”

“എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും” (യോഹ 11:25). മരണം! വല്ലാത്ത ഭീതിയുടെ തണുപ്പുള്ള ഒരു വാക്കാണ്. എപ്പോഴാണ് മരിക്കുക? എവിടെ വച്ച്? എന്ന്? ഇന്നോ നാളെയോ അതോ അതിനു പിറ്റേന്നോ? ഒന്നും അറിയില്ല. എല്ലാവരെയും കാത്തിരിക്കുന്ന ഒരു സർപ്രൈസാണു മരണം. അവൻ മരിച്ചവരെ ഉയർപ്പിച്ചതായിരുന്നു ഏറ്റവും വലിയ അത്ഭുതം. അവൻ മരണത്തെയും കീഴടക്കിയതായിരുന്നു ഏറ്റവും വലിയ സദ്വാർത്ത. മരണത്തിന്റെ കയ്പിനു പ്രത്യാശയുടെ മധുരം കലർത്തിയതു അവനാണ്.

ജനുവരി 29 രാത്രി പതിനൊന്നു മണി. അപ്രതീക്ഷിതമായി ഉണ്ടായ അതിശക്തമായ വൈദ്യുത ആഘാതത്തിന്റെ ഫലമായി നാഡിമിടിപ്പു നിലച്ച സമയം. എന്റെമേൽ എനിക്കുണ്ടെന്നു ഞാൻ വിശ്വസിച്ചിരുന്ന സകല നിയന്ത്രണവും വിട്ട് ജീവിതത്തിനും മരണത്തിനുമിടയിലെ നൂൽപാലത്തിലൂടെയുള്ള സഞ്ചാരം. അമ്മയുടെയും അനുജത്തിമാരുടെയും ഹൃദയം പൊട്ടിയ നിലവിളികളും അതുകേട്ടു ഓടിവരുന്ന അയൽക്കാരുടെ കാലൊച്ചകളും ഒന്നും ചെയ്യാനാകാതെ നിസ്സഹായരായി പകച്ചു നിൽക്കുന്നവരുടെ നെടുവീർപ്പുകളും കേട്ടപ്പോൾ ജീവിക്കുന്ന ദൈവം ഇറങ്ങിവന്ന നിമിഷം.

അവന്റെ സാന്നിധ്യം ഒരു ചെറിയ ചിന്തയായി മാറിയപ്പോഴാകണം അടുത്ത് നിന്ന് ഒരു മനുഷ്യൻ എന്റെ ഹൃദയഭാഗത്തു ശക്തിയായി ഇടിച്ചത്. എന്നാൽ ഞാൻ മരണത്തിന്റെ തണുപ്പിലേയ്ക്ക് വഴുതി വീഴുകയായിരുന്നു. കൈകാലുകൾ വിരിച്ച് ചുണ്ടുകളടച്ചു ഞാൻ നിശ്ശബ്ദനായി പിടഞ്ഞപ്പോൾ, കണ്ണുകൾ മുകളിലേക്ക് ഉരുണ്ടുകയറിയപ്പോൾ സർവ പ്രതീക്ഷകളും അസ്തമിച്ച് നിലവിളിയോടെ നോക്കിനിൽക്കാനേ പ്രിയപ്പെട്ടവർക്കു കഴിയുമായിരുന്നുള്ളൂ.

പക്ഷേ, എല്ലാം അസ്തമിച്ചിടത്ത്, ഒന്നുമില്ലാത്തിടത്താണ് അവൻ പ്രവർത്തിച്ചു തുടങ്ങുന്നത്. എന്റെ നാവിൽ നിന്ന് ഉയർന്ന യേശു നാമത്തിന്റെ, എന്റെ നാവിൽ അലിഞ്ഞ പരിശുദ്ധ കുർബാനയുടെ, ദിവ്യകാരുണ്യത്തിനു മുമ്പിൽ ആയിരുന്ന നിമിഷങ്ങളുടെ, കർത്താവിനുവേണ്ടി എപ്പോഴൊക്കെയോ മാറ്റിവച്ച സമയത്തിന്റെ, ഓർമയിൽ നെഞ്ചോടു ചേർത്തുവച്ച പ്രിയപ്പെട്ടവരുടെ പ്രാർഥനകളുടെ, അങ്ങനെ അവനുവേണ്ടി അവനിലൂടെ, അവന്റെ കൈപിടിച്ചു നടന്ന നിമിഷങ്ങളുടെ കൃപകൾ പെയ്തിറങ്ങിയ നിമിഷം... സ്നേഹത്തിന്റെ ചൂടുള്ള ശ്വാസം അവൻ എന്നിലേക്ക് വീണ്ടും പകർന്നു. ആദത്തിനു ശ്വാസം നല്കിയതുപോലെ ജീവിതത്തിലേയ്ക്കു അവനെന്നെ കൈപിടിച്ചു തിരിച്ചു കൊണ്ടുവരുകയായിരുന്നു.

“നീ മരിച്ചിട്ട് ജീവിക്കുന്നതാടാ” എന്ന് അത്ഭുതത്തോടെ സ്നേഹത്തോടെ എല്ലാവരും പറയുമ്പോൾ ജീവന്റെ നാഥന് നന്ദി പറയാൻ മാത്രമേ എനിക്ക് ആകുമായിരുന്നുള്ളൂ.

“എന്റെ ശക്തി നിനക്ക് കാണിച്ചുതരാനും, അങ്ങനെ എന്റെ നാമം ലോകം മുഴുവൻ പ്രഘോഷിക്കപ്പെടാനും വേണ്ടിയാണ് ഞാൻ നിന്നെ ജീവിക്കാൻ അനുവദിച്ചത്” (പുറ 9:16). അതെ! അവനുവേണ്ടി ജീവിക്കാനാണ് എന്നെ തിരിച്ചയച്ചത്. മരണത്തോളമെത്തിയിട്ടുള്ള ഒരു മടക്കത്തെ ഉദാത്തമായ ദൈവാനുഭവം എന്നൊക്കെ നമ്മൾ വിളിക്കും. അത് അങ്ങനെയാണുതാനും. എന്നാൽ ഏറ്റവും വലിയ ദൈവാനുഭവം ജീവിതം ആണെന്നു തിരിച്ചറിയണം. മരണത്തെ ഇടയ്ക്കൊക്കെ ധ്യാനിക്കണം. അതു മരണത്തെ ഭയക്കാനല്ല, മറിച്ച് കൂടുതൽ തീക്ഷ്ണതയോടെ അവനുവേണ്ടി ജീവിക്കാനാണ്. ജീവിക്കുന്നതു സുവിശേഷമായിട്ടാണെങ്കിൽ മരണംപോലും സ്വർഗത്തിന്റെ സുവിശേഷമായിരിക്കും. ജീവിതം ക്രിസ്തുവും മരണം നേട്ടവും ആയി മാറണം നമുക്ക്.



ദൈവത്തിന്റെ മൗനം / ശശി ഇമ്മാനുവൽ
sasiimmanuel@gmail.com




# മാധ്യമങ്ങൾ വിധി പറയുന്ന പെരുംനുണക്കാലം

**"ഒരിടവും സുരക്ഷിതമല്ലെന്ന് ടി.വി. നമ്മെ ഓർമിപ്പിക്കുന്നു. ആരെയും വിശ്വസിക്കരുതെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു. ഏകാന്തതയും, ശൂന്യതയുമാണ് ജീവിതത്തിലെന്നും അവശേഷിക്കുക എന്ന ധാരണ ഉണ്ടാക്കുന്നു"**

*(ജോർജ് ഗെർബ്നർ – പ്രശസ്ത മാധ്യമ പണ്ഡിതൻ)*

ഒടുവിൽ, മദർ തെരേസയും, മിഷണറീസ് ഓഫ് ചാരിറ്റി സമൂഹവും തേജോവധം ചെയ്യപ്പെട്ടുകഴിഞ്ഞു. ലോകം മുഴുവനും ആദരവോടെ കാണുന്ന ഒരു സന്യാസ സമൂഹത്തെ എത്ര നിസ്സാരമായാണ് പിഞ്ചു കുഞ്ഞുങ്ങളെ മറിച്ച് വിൽക്കുന്നവരായൊക്കെ ചിത്രീകരിച്ചത്. മദർ മരണപ്പെട്ടപ്പോൾ അന്നത്തെ പ്രധാന മന്ത്രിയായിരുന്ന ഐ.കെ.ഗുജ്റാൾ പറഞ്ഞത് 'ഇന്ത്യ ദരിദ്രമായി' എന്നായിരുന്നു. രാഷ്ട്ര നേതാക്കൾ ഒഴുകിയെത്തിയ ആ വിടവാങ്ങൽ ശുശ്രൂഷയിൽ 225 കോടി ജനങ്ങൾ ചാനലുകളിലൂടെയും മറ്റും പങ്കെടുത്തു. അജ്ഞതയുടെ അപസ്മാരങ്ങൾ ഉറഞ്ഞു തുള്ളിയാൽ ഇല്ലാതാവുന്ന മഹത്വമല്ല മദർ തെരേസയുടേത്. എങ്കിലും ഇപ്പോൾ മിഷണറീസ് ഓഫ് ചാരിറ്റി സമൂഹം ടാർഗറ്റ് (Target) ചെയ്യപ്പെട്ടിരിക്കുകയാണ്. ഇതെല്ലാം ചില സൂചനകളാണ്.

'നമ്മുടെ കാലഘട്ടം നമ്മിൽനിന്ന് വലിയ വിവേകം ആവശ്യപ്പെടുന്നു' എന്ന ജോൺ പോൾ രണ്ടാമൻ പാപ്പയുടെ വാക്കുകളുടെ പ്രവചന സ്വഭാവം തിരിച്ചറിയപ്പെടുകയാണ്, ഒരിക്കൽക്കൂടെ നമ്മുടെ ഈ കാലഘട്ടത്തിൽ.

## മാധ്യമക്കോടതികളും, വിധികർത്താക്കളും

കുറച്ചേറെ ദിനങ്ങളിലായി കുമ്പസാര വിവാദവും, മെത്രാനെതിരായ കന്യാസ്ത്രീയുടെ ആരോപണങ്ങളും കൊണ്ടാടുന്ന തിരക്കിലാണ് ക്രൈസ്തവ അവഹേളനം ജീവിത ചര്യയായി കാണുന്ന പല ടി.വി.ചാനലുകളും, നവ മാധ്യമങ്ങളും. ചുവപ്പ് കാണുന്ന കാളയെപ്പോലെയാണ്, വിറളിപിടിച്ച വാർത്താ അവതാരകരിൽ മിക്കവരും, സകല ക്രൈസ്തവ വിശ്വാസികൾക്കും, അവർ പവിത്രമായി കരുതുന്ന കൂദാശകൾക്കുമെതിരെ പൊതുവേദിയിലിരുന്ന് 'എന്തും' വിളിച്ചു പറയുകയാണ്. സഹിഷ്ണതയുടെയും, ഇതര മതവിശ്വാസങ്ങളോട് ഒരു ജനാധിപത്യ രാഷ്ട്രത്തിൽ പുലർത്തേണ്ട മിനിമം മര്യാദകളുടെയും എല്ലാ അതിർവരമ്പുകളും ലംഘിച്ച് ക്രൈസ്തവ സഭകളെ 'അടിക്കാൻ' കിട്ടിയ അവസരത്തെ സാമാന്യം നന്നായി തന്നെ വിനിയോഗിക്കുകയാണ് മിക്ക മാധ്യമ പ്രസ്ഥാനങ്ങളും.

ആർക്കും, ആർക്കെതിരെ വേണമെങ്കിലും ആരോപണമുന്നയിക്കാമെന്നിരിക്കേ, അത്തരം വാർത്തകളുടെ നിജസ്ഥിതി ഉറപ്പാക്കും മുമ്പേ ആരോപിക്കപ്പെട്ടവരെ പ്രതികളായി ചിത്രീകരിച്ച് വിധി കൽപിക്കുന്ന ആധുനിക 'മാധ്യമക്കോടതികൾ' ഒരു പരിഷ്കൃത സമൂഹത്തിന് ഒട്ടും ഭൂഷണമല്ല.

റേറ്റിംഗ് ഉയർത്താനുള്ള കിടമത്സരങ്ങൾക്കിടയിൽ എത്രയോ നിരപരാധികളെ പൊതു സമൂഹത്തിനു മുമ്പിൽ കുറ്റവാളികളായി അവതരിപ്പിച്ച് ഇത്തരം (ഒൻപതു മണിക്ക് സടകുടഞ്ഞെഴുന്നേൽക്കുന്ന) മാധ്യമസാമൂഹ്യ പരിഷ്കർത്താക്കൾ ദയാവധത്തിന് വിധേയരാക്കിക്കഴിഞ്ഞു.

## സാമാന്യവത്ക്കരണം ഒരു ദുരന്തം

മനുഷ്യഹൃദയങ്ങൾ വല്ലാതെ ദുഷിച്ചുപോയ ഒരു കാലഘട്ടമാണ് നമ്മുടേത്. നമുക്ക് മറക്കാനാവുമോ

അത്ര എളുപ്പം, കണ്ണൂരിലെ പിണറായിയിൽ പിടിയിലായ സൗമ്യ എന്ന സ്ത്രീയെ. സ്വന്തം മകളേയും, ജന്മം നൽകിയ മാതാപിതാക്കളേയും വിഷം കൊടുത്ത് അവൾ കൊന്നത് തന്റെ വഴിവിട്ട ജീവിതത്തിന് അവർ പ്രതിബന്ധമായി തോന്നി തുടങ്ങിയപ്പോഴാണ്. ഇനി മറ്റൊരു ദൗർഭാഗ്യകരമായ വാർത്തയും നാം കണ്ടു അങ്ങ് ഗുജറാത്തിൽ. ഇക്കഴിഞ്ഞ ഏപ്രിൽ 22-ന്. അശ്ലീല സിനിമകൾക്ക് (Pornography) അടിമയായ 22 വയസ്സുകാരൻ, 46 കാരിയായ സ്വന്തം അമ്മയെ ബലാത്സംഗം ചെയ്തുവെന്ന വാർത്ത പ്രധാന മാധ്യമങ്ങളെല്ലാം റിപ്പോർട്ട് ചെയ്തിരുന്നു.



ഇത്തരം ഒറ്റപ്പെട്ട വാർത്തകളെ അടിസ്ഥാനമാക്കി മാതൃ-പുത്ര ബന്ധത്തെ നിർവചിക്കാനും, വ്യാഖ്യാനിക്കാനും ആരോഗ്യമുള്ള ഒരു സമൂഹം മുതിരാറില്ല. മക്കൾക്കു വേണ്ടി സ്വന്തജീവിതം മുഴുവനും ഹോമിച്ച ആയിരക്കണക്കിന് അമ്മമാരുടെയും, മാതാപിതാക്കളെ ജീവനു തുല്യം സ്നേഹിക്കുന്ന അനേകം മക്കളുടെയും ജീവൻ തുടിക്കുന്ന സാക്ഷ്യങ്ങൾ നമുക്കു ചുറ്റും സുലഭമാണ്. എന്നാൽ ഇതെല്ലാം സൗകര്യപൂർവം വിസ്മരിച്ച് ഒറ്റപ്പെട്ട ഇടർച്ചകളെ (സംഭവങ്ങളെ) പർവതീകരിച്ച് (Hyperbolism) 'അമ്മമാർ കാമാന്ധരോ, മക്കൾ പതിയിരിക്കുന്നവരോ' എന്ന മട്ടിൽ ആരെങ്കിലും ഒരു മണിക്കൂർ വാർത്തയും, ചാനൽ ചർച്ചയും ചമയ്ക്കുന്നുണ്ടെങ്കിൽ അവരുടെ സാമാന്യ ബോധത്തേയും മാനസികനിലയെയും പരിശോധനക്ക് വിധേയമാക്കുക എന്നതു മാത്രമാണ് പരിഹാരം.

സത്യത്തിൽ മനുഷ്യഹൃദയങ്ങളെ മലീമസമാക്കുന്നതിൽ ദൃശ്യ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് ചർച്ചചെയ്യപ്പെടേണ്ടതാണ്.

## സഭ ടാർഗറ്റ് ചെയ്യപ്പെടുന്നു

സെൻസേഷണലിസത്തിന്റെ മാധ്യമ കിടമത്സരത്തിനിടയിൽ ബ്രേക്കിംഗ് ന്യൂസിനും, ചാനൽ ചർച്ചയ്ക്കും വിഷയ ദാരിദ്ര്യം നേരിടുമ്പോൾ മാധ്യമ സ്ഥാപനത്തിന്റെ ബിസ്സിനസ് താത്പര്യങ്ങൾക്ക് വെളിയിൽ വരുന്ന ആരും, എന്തും ഇന്ന് എപ്പോൾ വേണമെങ്കിലും 'ഇര'യാക്കപ്പെട്ടേക്കാം. ഇതാണ് പുത്തൻ 'മാധ്യമ ധർമം'.

ക്രിസ്തീയ സഭകളുടെ സാമ്പത്തിക കെട്ടുറപ്പ്, വിശ്വാസികൾ പള്ളിയോടും പൗരോഹിത്യത്തോടും കാണിക്കുന്ന വിധേയത്വം (യഥാർഥത്തിൽ ക്രൈസ്തവ പൗരോഹിത്യം ആവശ്യപ്പെടുന്ന ആഴവും, വിശുദ്ധിയും, സമർപ്പണവും മനസ്സിന് തിമിരം ബാധിച്ചവർക്ക് മനസ്സിലാക്കാനോ, തൊട്ടറിയാനോ കഴിയുക അസാധ്യം) ഇവയെല്ലാം ചിലരുടെ ഉറക്കം കെടുത്തുന്നു എന്നത് പകൽ പോലെ സത്യമാണ്. അങ്ങനെയാണ് ക്രൈസ്തവ സഭകളും, സ്ഥാപനങ്ങളും, പൗരോഹിത്യവുമൊക്കെ ടാർഗറ്റ് ചെയ്യപ്പെടുന്നത്. ചില ഏകപക്ഷീയമായ ഇടർച്ചകളേയും, അപഭ്രംശങ്ങളേയും പർവതീകരിച്ച്, അതിനെ സാമാന്യവത്ക്കരിക്കുന്ന (Generalise) ഇത്തരം ആസൂത്രിത നീക്കങ്ങൾ കേവലം ഒരു യാദൃച്ഛികതയാവാൻ വഴിയില്ല (തെറ്റ് ചെയ്തവർ ശിക്ഷിക്കപ്പെടുക തന്നെ വേണം എന്നതിൽ ആർക്കും സംശയമൊന്നുമില്ല).

മറ്റു പല വൻവീഴ്ചകൾ ലളിതവത്ക്കരിച്ചും, തമസ്ക്കരിച്ചും മാധ്യമ ധർമം സമചിത്തതയോടെ നിറവേറ്റുന്നവർ, അത് ക്രൈസ്തവ സമൂഹത്തിൽപ്പെട്ട ഒന്നോ, രണ്ടോ വ്യക്തികളുടെ ഒറ്റപ്പെട്ട വീഴ്ചയാണെങ്കിൽ പോലും, ഒരു സമൂഹത്തെ മുഴുവൻ അപമാനിക്കാനുള്ള വിഷലിപ്തമായ പ്രവർത്തനങ്ങളുടെ പ്രേരണ എന്താണ്? ക്രൈസ്തവ സഭകൾ നിർവഹിക്കുന്ന 99 ശതമാനം നന്മകളേയും കണ്ടില്ലെന്ന് നടിച്ച് (വിദ്യാഭ്യാസ മേഖലയിൽ, ദാരിദ്ര്യ നിർമാർജനത്തിൽ, വോട്ടു ബാങ്കു രാഷ്ട്രീയക്കാർ തിരിഞ്ഞു നോക്കാത്ത മാരകരോഗികളുടെയും, മരണാസന്നരുടെയും ഇടയിൽ...) ഒരു ശതമാനം വരുന്ന ഒറ്റപ്പെട്ട സംഭവങ്ങളെ പൊടിപ്പും തൊങ്ങലും ചേർത്ത് ചർച്ചകളായും, വിധിയെഴുത്തുകളായും പർവതീകരിക്കുന്നതിൽ എന്ത് യുക്തിയാണുള്ളത്. സാധാരണക്കാരുടെ മനസ്സിൽ ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചും കൂദാശകളെക്കുറിച്ചുമൊക്കെ തെറ്റിദ്ധാരണ വിതയ്ക്കുക, ഒരു വിശ്വാസിയുടെ മനോവീര്യം കെടുത്തുക ഇതൊക്കെയാണ് ചിലരുടെ 'മാധ്യമ ധർമം'. ഇത് ആത്മീയനയനങ്ങളാൽ വേണം ഒരു യഥാർഥ ക്രൈസ്തവ വിശ്വാസി വിവേചിച്ചെടുക്കുവാൻ.

പന്തിയോസ് പിലാത്തോസിന്റെ മുന്നിൽ സത്യത്തിന് സാക്ഷ്യം നൽകിയ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരാളും നുണയുടെ നിറം പിടിപ്പിച്ച കഥകളാലോ അർധ സത്യങ്ങളും, അസത്യങ്ങളും കുത്തിനിറച്ച മാധ്യമ ചർച്ചയാലോ കബളിപ്പിക്കപ്പെട്ടു കൂടാ. ഈ നൂറ്റാണ്ടിലെ പോരാട്ടങ്ങളെല്ലാം സൈബർ പോരാട്ടങ്ങളാണ്, മാരകായുധങ്ങൾ മാധ്യമങ്ങളും. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനങ്ങളെ കൂടുതൽ ഉറപ്പിക്കണം. ഏതെങ്കിലും ഊഹാപോഹ സാഹിത്യകാരനോ, മാനിപ്പുലേറ്റഡ് (വികലവത്ക്കരിക്കപ്പെട്ട) വാർത്ത ചമയ്ക്കുന്നവർക്കോ സ്വാധീനിക്കാനാവുന്ന വിധം നാം വിശ്വാസ ജീവിതത്തിൽ ശിശുക്കളായിക്കൂടാ. (ഹെബ്രാ 12:1-2). അവസാനം വരെ വിശ്വാസത്തിനു വേണ്ടി സഹിച്ചു നിൽക്കുന്നവൻ രക്ഷപ്രാപിക്കും (മത്താ 24:4-13)എന്ന ക്രിസ്തുവചനം നമുക്ക് വഴിവിളക്കാവട്ടെ.

# സ്പോട്സിനെയും മനുഷ്യവ്യക്തിയെയ



കവർസ്റ്റോറി / മനോജ് സണ്ണി

# 'നിന്നിലെ ഏറ്റവും നല്ലത് നല്കൽ'

"കായിക മത്സരക്കളിയിലെന്നപോലെ നിന്റെ ജീവിതമാകുന്ന കളിയിലും നിന്നെത്തന്നെ വെല്ലുവിളിക്കുക. നന്മയ്ക്കുവേണ്ടിയുള്ള അന്വേഷണത്തിൽ, സഭയിലും സമൂഹത്തിലും നിർഭയം ധൈര്യത്തോടും ഉത്സാഹത്തോടുംകൂടെ നിന്നെത്തന്നെ വെല്ലുവിളിക്കുക. മറ്റുള്ളവരുമായും ദൈവവുമായും ഇടപെടുക. സാധാരണ നിലവാരത്തിലുള്ള സമനിലയ്ക്കു വഴങ്ങരുത്. നിന്റെ ഏറ്റവും മികച്ചത് നല്കുക. വിലയുറ്റതും സനാതനവുമായവയ്ക്കുവേണ്ടി നിന്റെ ജീവിതം വ്യയം ചെയ്യുക" – *ഫ്രാൻസിസ് പാപ്പ.*

സഭ കായിക വിനോദത്തിൽ ശ്രദ്ധ പതിപ്പിക്കുന്നത് പുതുമയല്ല. വ്യക്തിയുടെ ശ്രേഷ്ഠതയെ മാനിച്ചുകൊണ്ടുള്ള എല്ലാ പ്രവർത്തനങ്ങളിലും സഭ എല്ലായ്പ്പോഴും ക്രിയാത്മകമായ ശ്രദ്ധ പതിപ്പിച്ചിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ ഇത്തരമൊരു പരിസരത്തിൽ സജീവമായിരുന്നുകൊണ്ട് ആധുനിക കായിക രംഗവുമായി ഫലദായകമായ ബന്ധം പുലർത്തിപോരുന്നു. അല്മായർക്കും, കുടുംബത്തിനും ജീവനും വേണ്ടിയുള്ള തിരുസംഘം ഈയിടെ പുറപ്പെടുവിച്ച പ്രമാണരേഖയുടെ ശീർഷകം, കായിക വിനോദത്തോടുള്ള സഭയുടെ താത്പര്യത്തിന്റെയും പ്രതിബദ്ധതയുടെയും അടിസ്ഥാനവും പൊരുളും വെളിപ്പെടുത്തുന്നു; മാത്രമല്ല, എന്തുകൊണ്ടാണ് ഈ പ്രമാണരേഖ എന്റെ നെഞ്ചിൽ പേറുന്നതെന്നും.

കേന്ദ്രസ്ഥാനത്ത്, ശരീരത്തോടും ആത്മാവോടും കൂടി അനന്യമായി സൃഷ്ടിക്കപ്പെട്ട മനുഷ്യവ്യക്തിയുണ്ട്. കായികവിനോദം ഉൾപ്പെടെയുള്ള അവന്റെ ഓരോ പ്രവൃത്തിയും ധാർമികതയിലും സദ്ഗുണങ്ങളിലും അധിഷ്ഠിതമായിരിക്കണം. അതാണ് ഓരോ പ്രവൃത്തിയുടെയും അടിത്തറയിളക്കുന്ന അപകടത്തിൽ പതിക്കാതെ വ്യക്തിമഹാത്മ്യം ഉയർത്തുവാൻ ഇടയാക്കുന്നത്.

'കഴിവിന്റെ പരമാവധി ചെയ്യുക' എന്നതാണ് ഒന്നാമത്തെ ധാരണ. ഇത് ഫ്രാൻസിസ് പാപ്പ അനേകം പ്രഭാഷണങ്ങളിൽ പരാമർശിക്കുന്നു. ജീവിതത്തിൽ "ഒരു സമനിലകൊണ്ട് തൃപ്തരാകരുത്" എന്ന് അദ്ദേഹം യുവജനങ്ങളെ പ്രത്യേകമായി ഓർമിപ്പിക്കുന്നു. കായികവിനോദം അടിസ്ഥാനമിടുന്നത് സമർപ്പണം, ത്യാഗം, കഠിനാധ്വാനം കൊണ്ട് പരിമിതികളെ മറികടക്കുക എന്ന ആശയം എന്നിവയിലാണ്. വിജയം ലക്ഷ്യമാക്കി കുതിക്കുമ്പോഴും ചതിയില്ല, – 'എന്തു വിലയും കൊടുക്കലില്ല'– അതേ സമയംതന്നെ തകർന്നു തരിപ്പണമാകാതെ തോൽവി കൈകാര്യം ചെയ്യാൻ പഠിക്കുകയും ചെയ്യുന്നു.

അഞ്ചു ഭാഗങ്ങളുള്ള ഈ പ്രമാണരേഖ നാനാവിധ കായികവിനോദ പ്രവൃത്തികളെക്കുറിച്ച് സവിസ്തരം പ്രതിപാദിക്കുന്നില്ല. എങ്കിലും അവയെക്കുറിച്ചുള്ള ക്രൈസ്തവ കാഴ്ചപ്പാട് നമുക്കു നല്കുന്നു. കായിക പരിശീലനത്തിലേർപ്പെടുന്നവർ, കാണികളെന്ന നിലയിൽ പ്രോത്സാഹനം നല്കുന്നവർ, സാങ്കേതിക വിദഗ്ധർ, ജഡ്ജിമാർ, പരിശീലകർ, കുടുംബങ്ങൾ,

വൈദികർ, ഇടവകകൾ എന്നിങ്ങനെ വളരെ നീണ്ട ഒരു നിരയെ അഭിസംബോധന ചെയ്യുന്നു.

സ്പോട്സിലുള്ള സഭയുടെ താത്പര്യത്തിന്റെ കാരണവും ആ മേഖലയിലെ അജപാലക ശ്രദ്ധയുടെ ആവശ്യകതയും ഒന്നാം അധ്യായം വിശദീകരിക്കുന്നു. സഭയുടെ ഈ അജപാലക ബന്ധം മൂന്നു തൂണുകളിൽ ഉറപ്പിച്ചിരിക്കുന്നു.

**1) തന്നെത്തന്നെ ആവിഷ്കരിക്കാനുള്ള കായിക താരത്തിന്റെ ശാരീരികാധ്വാനം.**

**2) അയാളുടെ പ്രതിബദ്ധതയെ പിൻതാങ്ങുന്ന ധാർമിക ഗുണവിശേഷങ്ങൾ.**

**3) കായികവിനോദത്തിലൂടെ വ്യാപകമാകേണ്ടുന്ന ശാന്തി, സാഹോദര്യം, ഐക്യദാർഢ്യം എന്നിവയ്ക്കുവേണ്ടിയുള്ള ദാഹം.**

രണ്ടാം അധ്യായത്തിൽ കായിക വിനോദമെന്ന പ്രതിഭാസത്തിന്റെ മുഖ്യസവിശേഷതകളും സമകാലീന സമൂഹത്തിൽ അത് ഉൾച്ചേർക്കപ്പെടുന്നതും വിവരിക്കുന്നു. കായിക വിനോദം നരവംശത്തിലെ ഒരു സ്ഥായീഘടകമെന്ന നിലയിലും മിക്കവാറും എല്ലാ സംസ്കാരങ്ങൾക്കും ഇണങ്ങുന്ന സാർവത്രിക പ്രതിഭാസമായും പ്രതിപാദിക്കപ്പെടുന്നു.

മൂന്നാമധ്യായത്തിൽ വ്യക്തിജീവിതത്തിലെ സ്പോട്സിന്റെ പ്രസക്തിയാണ് പഠന വിഷയം. പരിത്യാഗം, ഉത്തരവാദിത്വബോധം, നിയമങ്ങളോടുള്ള ആദരവ്, ടീമിന്റെ ഭാഗമായി പ്രവർത്തിക്കാനുള്ള ശേഷി, ആനന്ദം, ധീരത, ഐക്യദാർഢ്യം, പാരസ്പര്യം എന്നിങ്ങനെ കായിക വിനോദത്തിൽ ഉൾച്ചേർന്നിരിക്കുന്ന ചില സവിശേഷഗുണങ്ങളിലേക്കും അപഗ്രഥനത്തിന്റെ കാഴ്ചപ്പാടു വിസ്തൃതമാക്കുന്നു. അതിനുവേണ്ടി നാം കായികവിനോദത്തെക്കുറിച്ച് കത്തോലിക്കാ സംവാദത്തിനു (ശരീരം-ആത്മാവ്-ചേതന) സുപരിചിതമായ പ്രമേയങ്ങളിൽ ചർച്ച തുടങ്ങുന്നു.

നാലാമധ്യായം പ്രകടമായ വെല്ലുവിളികൾക്കായി നീക്കിവച്ചിരിക്കുന്നു. സനാതന മൂല്യങ്ങൾ സ്പോട്സിലൂടെ പരിപോഷിപ്പിക്കുവാനുള്ള ആഗ്രഹം, സമകാലിക കായികരംഗം അഭിമുഖീകരിക്കുന്ന ഉത്തേജക മരുന്നുപയോഗം, അഴിമതി, സാംക്രമികമായ അക്രമവാസന തുടങ്ങിയ അപകടസാധ്യതകൾ മറികടക്കാൻ, ഓരോ കായിക താരത്തെയും പ്രചോദിപ്പിക്കുന്നു.

അവസാന അധ്യായം വിനിയോഗിച്ചിരിക്കുന്നത് കായിക രംഗത്തിലൂടെയുള്ള മനുഷ്യവത്കരണത്തിന്റെ ഈ പാതയിൽ നായക സ്ഥാനത്തുള്ള സഭയുടെ ധർമം വ്യക്തമാക്കാനാണ്. നല്ല കളിക്കാരന്റെ, നല്ല പൗരന്റെ, നല്ല ക്രൈസ്തവന്റെ സ്വഭാവസവിശേഷതകളായ സദ്ഗുണങ്ങളും പുണ്യങ്ങളും ഓരോ ഇനത്തിലും പരിശീലകനിലും കാണിയിലും വളർത്തുക ലക്ഷ്യമാക്കുന്ന ഒരു അജപാലക കായിക വിനോദം/കളി-(പാസ്റ്ററൽ സ്പോട്സ്) ഉള്ള അനേകം ഇടങ്ങൾ വീട്ടിലും കുടുംബത്തിലും സ്കൂളിലും ജിംനേഷ്യത്തിലും ഇടവകയിലുമുണ്ട്.

# യും കുറിച്ചുള്ള ക്രൈസ്തവ കാഴ്ചപ്പാട്

സഭാജീവിതത്തിൽ കായിക വിനോദത്തിനു ഗണനീയമായ സ്ഥാനം നല്കുന്ന മൂന്നു ഘടകങ്ങൾ ഫ്രാൻസിസ് പാപ്പ ചൂണ്ടിക്കാട്ടുന്നു.

**1. സ്പോട്സ് – ഒത്തുചേരലിന്റെ വേദി:**
പല തട്ടിലും വ്യത്യസ്ത സാമൂഹിക അവസ്ഥകളിലുമുള്ളവർ ഒരു പൊതു ലക്ഷ്യപ്രാപ്തിക്കായി ഒത്തുചേരുന്നു. വ്യക്തിസ്വാതന്ത്ര്യവാദവും തലമുറകൾ തമ്മിലുള്ള വിടവും ആധിപത്യം പുലർത്തുന്ന ഒരു സംസ്കൃതിയിൽ കായിക വിനോദം സവിശേഷാനുകൂല്യങ്ങളുടെ മേഖലയാണ്. അവിടെ വംശം, ലിംഗം, മതം, ആദർശം എന്നിവയുടെ പേരിലുള്ള വേർതിരിവില്ലാതെ ആളുകൾ ഒത്തുചേരുന്നു. ഒരേ ലക്ഷ്യത്തിൽ ഒന്നിച്ച് എത്തിച്ചേരുന്നതിനുവേണ്ടി മത്സരിക്കുന്നതിന്റെ, ഒരു ടീമിൽ പങ്കാളിയാകുന്നതിന്റെ ആനന്ദം അവിടെ നമുക്ക് അനുഭവിക്കാനാവും. വിജയമോ തോൽവിയോ പങ്കിടാനാകും; അതിജീവിക്കാനാകും.

**2. സ്പോട്സ് – രൂപവത്കരണ മാധ്യമം:**
എക്കാലത്തേക്കാളുമുപരി നമ്മുടെ നോട്ടം യുവജനങ്ങളിൽ കേന്ദ്രീകരിക്കണം. കാരണം, എത്രയും നേരത്തെ രൂപവത്കരണ പ്രക്രിയ ആരംഭിക്കുന്നുവോ, കായിക വിനോദത്തിലൂടെയുള്ള സമഗ്രമായ വികാസം അത്രയേറെ എളുപ്പമാകും. ഇന്ന് യുവജനങ്ങൾ കായിക താരങ്ങളുടെ ആരാധകരാണ്; അവരിൽനിന്നു പ്രചോദനവും ഉൾക്കൊള്ളുന്നു. കായിക ലോകത്തുള്ളവർ

ഔദാര്യം, എളിമ, പരിത്യാഗം, സ്ഥിരത, പ്രസന്നത തുടങ്ങിയ സദ്ഗുണങ്ങൾക്കു മാതൃകകളാണ്.

### 3. സ്പോർട്സ് – പ്രേഷിതവേലയ്ക്കും വിശുദ്ധീകരണത്തിനുമുള്ള മാർഗം:

ഓരോ അവസരവും ക്രിസ്തുവിന്റെ സന്ദേശം പ്രഖ്യാപിക്കുന്നതിനു നല്ലതാണ്. ക്രിസ്തുവിനെ പ്രത്യക്ഷമായി പ്രഘോഷിക്കാൻ വ്യത്യസ്ത കാരണങ്ങളാൽ സാധ്യമല്ലാത്ത ഇടങ്ങളിലും പരിസരങ്ങളിലും വഴി തുറക്കാൻ കായിക വിനോദത്തിനു കഴിയും. അവിടെ സമൂഹമായി ഒരു കായിക വിനോദത്തിലേർപ്പെടുമ്പോൾ ആനന്ദത്തിന്റെ സാക്ഷികളായി അവർക്കു സദ്വാർത്തയുടെ സന്ദേശവാഹകരാകാനാവും. ഫ്രാൻസിസ് പാപ്പ ചൂണ്ടിക്കാട്ടുന്നതുപോലെ കായിക രംഗത്ത് ഒരുവനു തന്റെ ഏറ്റവും മികച്ചത് നല്കാനാവുന്നത്, 'തന്നിലെ ഏറ്റവും ശ്രേഷ്ഠമായത്', "ഹൃദയത്തിൽ ദൈവം പ്രതിഷ്ഠിച്ചിരിക്കുന്ന ഏറ്റവും വൈയക്തികമായ ദാനം" പുറത്തുകൊണ്ടുവരുന്നത് വിശുദ്ധിക്കുവേണ്ടി തീവ്രമായി ആഗ്രഹിക്കാനുള്ള വിളി കൂടിയാണ്.

## തേടിപ്പുറപ്പെടുന്ന സഭയുടെ അടയാളം

മതിലുകളും അതിർത്തിയും കെട്ടിപ്പൊക്കാതെ, തേടിപ്പുറപ്പെടുന്ന സഭയാകാനുള്ള ക്ഷണം സമൂർത്തമായി അനുഭവിക്കാനുള്ള ഒരു പരിസരമാണ് കായികവിനോദം. മറ്റൊരു വേദിക്കും കഴിയാനാവാത്ത വിധം കായികവേദി, അടിച്ചമർത്തപ്പെട്ടവർ, പാർശ്വവത്കരിക്കപ്പെട്ടവർ, അഭയാർഥികൾ, തദ്ദേശീയർ, സമ്പന്നർ, ശക്തന്മാർ, ദരിദ്രർ തുടങ്ങിയവരെ പങ്കുവയ്ക്കപ്പെടുന്ന ഒരു താത്പര്യത്തിന്റെ ചുറ്റും, ചിലപ്പോഴെങ്കിലും ഒരു പൊതുസ്ഥലത്തും ഒരുമിച്ചു ചേർക്കുന്നു. ഫ്രാൻസിസ് പാപ്പ പറയുന്നതുപോലെ "സഭയുടെ വഴി അവളുടെ നാലു ചുവരുകൾ പിന്നിലുപേക്ഷിച്ച് അകലങ്ങളിലും ജീവിതത്തിന്റെ പ്രാന്തപ്രദേശങ്ങളിലും കഴിയുന്നവരെ തേടി പുറപ്പെടുകയും നമുക്കുതന്നെ സൗജന്യമായി കിട്ടിയവ സൗജന്യമായി പങ്കുവയ്ക്കുകയുമാണ്."

## വിജാതിയരുടെ ഒരു സമകാലിക അങ്കണം

പള്ളികളുടെ പരിസരങ്ങൾ യുവജനതയ്ക്കായി തുറന്നുകൊടുക്കുന്ന പാരമ്പര്യം ലോകത്തിന്റെ പല ഭാഗങ്ങളിലും നിലവിലുണ്ട്. അവർ മിക്കപ്പോഴും ഒരുമിച്ചുകൂടുന്നത് കായിക വിനോദത്തിനാണ്. ഇന്ന് വൈവിധ്യമാർന്ന സാംസ്കാരിക ചുറ്റുപാടിൽ ഇത്തരം ഇടങ്ങൾ സമുദായങ്ങൾക്കും സംസ്കൃതികൾക്കും മതങ്ങൾക്കും അതീതമായി പാരസ്പര്യഭരിതമായ ഇടപഴകലുകൾ സുഖകരമാക്കുന്നു. മാനവകുടുംബത്തിൽ ഐക്യബോധം പരിപോഷിപ്പിക്കുന്ന ഇത്തരം ഇടപെടലുകൾക്ക് സഭ വലിയ മൂല്യം കല്പിക്കുന്നു. ഇത്തരമൊരു ഇടം, ബനഡിക്ട് 16–ാമൻ മാർപാപ്പയുടെ ഭാഷയിൽ, "വിജാതീയരുടെ അങ്കണം" ഒരു സംഭാഷണം സാധ്യമാക്കുന്നു; അത് "ദൈവത്തെ അറിയാത്തവരെങ്കിലും ദൈവമില്ലാതെ പിൻതള്ളപ്പെടാൻ ആഗ്രഹിക്കാത്തവരും, അജ്ഞാതനായ ആ ദൈവത്തോടടുക്കുവാൻ ആഗ്രഹിക്കുന്നവരുമായി" ആണ് ആ സംഭാഷണം.

## സ്പോർട്സ് – കത്തോലിക്കാ വിദ്യാഭ്യാസത്തിന് ഒരു മാർഗം

ഫ്രാൻസിസ് പാപ്പ പറയുന്നു: 'കായിക വിനോദം ശാരീരികതലത്തിനുപരി ആത്മാവിന്റെയും ദിവ്യരഹസ്യങ്ങളുടെയും കളരിയിലേക്കു നമ്മെ നയിക്കുന്നു.' ക്രൈസ്തവ രീതിയിൽ വിദ്യാഭ്യാസം നൽകുന്നത് വ്യക്തിയെ അലൗകികത ഉൾച്ചേർന്നിരിക്കുന്ന സമ്പൂർണമായ യാഥാർഥ്യത്തിന്റെ അടിസ്ഥാനത്തിൽ മാനുഷിക മൂല്യങ്ങളിൽ രൂപപ്പെടുത്തലാണ്. കായിക വിനോദത്തിന്റെ ഉദാത്തമായ പൊരുൾ ജീവിതത്തികവിലേക്കും അലൗകികതയുടെ അനുഭവത്തിന്റെ തുറവിലേക്കും ശിക്ഷണം കൊടുക്കാനാകും എന്നതാണ്.

## കായിക വിനോദം – കാരുണ്യ പ്രവൃത്തി

പാർശ്വവത്കരിക്കപ്പെട്ടവർക്കും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർക്കും സംലഭ്യമാക്കിക്കൊണ്ട് കായിക വിനോദത്തിനു ശക്തമായ മാധ്യമമാകാനാകും. ഗുണ്ടാസംഘങ്ങളുടെ അക്രമവിളയാട്ടത്തിനും മയക്കുമരുന്നിനും മനുഷ്യക്കടത്തിനും ഇരയാകാൻ ഇടയുള്ള ചുറ്റുപാടുകളിൽ ജീവിക്കുന്ന കൗമാരക്കാർക്കും യുവജനങ്ങൾക്കും ഏർപ്പെടുവാൻ ഉതകുന്ന ഭാവാത്മകമായ സംവിധാനമായി കായിക വിനോദത്തെ വളർത്തുകയും ഉപയോഗിക്കുകയും ചെയ്യുന്ന ഒട്ടനവധി അന്താരാഷ്ട്ര കായിക വിനോദ ഭരണസമിതികളും, സ്വകാര്യ സ്ഥാപനങ്ങളും എൻ.ജി.ഒ–കളും ഉണ്ട്. മയക്കുമരുന്നിലും അക്രമത്തിലുംനിന്നു യുവജനങ്ങളെ വിമോചിപ്പിക്കുവാൻ അനുയോജ്യമായ മാർഗങ്ങൾ എന്ന നിലയിൽ കായികാഭ്യാസത്തെയും പരിശീലനങ്ങളെയും

കായിക മേളകളെയും ഉപയോഗിക്കുന്ന സംരംഭങ്ങളിൽ മുമ്പേ തന്നെ ഏർപ്പെട്ടിരിക്കുന്ന ക്രൈസ്തവ സ്നേഹ സമൂഹങ്ങൾ ലോകമെമ്പാടുമുണ്ട്.

## ജീസസ് യൂത്ത് - കായിക വിനോദ അജപാലക ശുശ്രൂഷ സാധ്യതകൾ

**കുടുംബങ്ങൾ:** സ്പോർട്സിന്റെ പ്രഥമ പാഠങ്ങൾക്ക് നാം എവിടെ തുടക്കം കുറിക്കും? കുടുംബങ്ങളിൽ. കാരണം, മാതാപിതാക്കളാണ് കായിക വിനോദത്തിന്റെ ആദ്യ അധ്യാപകർ; അവർ പഠിപ്പിക്കുകയും കുട്ടികളോടൊത്തു കളിക്കുകയും ചെയ്യുന്നു. കായിക വിനോദത്തിന്റെ പ്രഥമ വീരനായകരാകാൻ നമ്മുടെ കുടുംബങ്ങളെ നാം പ്രോത്സാഹിപ്പിക്കണം.

**ഇടവകകൾ:** ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു: 'ഇടവകയ്ക്ക് ഒരു സ്പോർട്സ് ക്ലബ് ഉണ്ടാകുമ്പോൾ അതു മനോഹരമാണ്. ഇല്ലെങ്കിലോ, ചിലതൊക്കെ ഇല്ലാത്തതു പോലെയും.' എങ്കിലും ഇടവകയിലെ സ്പോർട്സ് ക്ലബ് ഇടവകയുടെ വിശ്വാസ പ്രതിബദ്ധതകളോടൊത്തുപോകുന്നതാകണം. അവ വിദ്യാഭ്യാസപരവും അജപാലനപരവുമായ പദ്ധതികളിലാകണം വേരൂന്നേണ്ടിയിരിക്കുന്നത്.

**വിദ്യാലയങ്ങൾ, സർവകലാശാലകൾ:** വിദ്യാഭ്യാസനം, ഉൾച്ചേർക്കൽ എന്നിവ ലക്ഷ്യമാക്കുന്ന കായിക വിനോദത്തെക്കുറിച്ചുള്ള ശരിയായ അറിവ് പരിപോഷിപ്പിക്കുന്ന മാതൃകാ ഇടങ്ങളാണ് വിദ്യാലയങ്ങളും സർവകലാശാലകളും. മാതാപിതാക്കളും, കുടുംബങ്ങളും, അധ്യാപകരും വിദ്യാലയ അധികൃതരുമായി സംഭാഷണങ്ങൾ നടത്തുന്നു. അവയിലൂടെ വിദ്യാർഥികളുടെ സമഗ്രമായ വികാസത്തിലേക്കു നയിക്കാനുതകുന്ന സ്കൂൾ കായികവിനോദ പ്രവൃത്തികൾ രൂപപ്പെടുത്താനാകും. തങ്ങളുടെ വിശ്വാസവുമായി ഒരു പുത്തൻ കണ്ടുമുട്ടലുളവാക്കുന്നതിലേക്കു യുവജനങ്ങളെ ആഹ്വാനം ചെയ്യാൻ ഈ വേദികൾ സുവർണാവസരങ്ങളായി മാറും.

**അജപാലക അനുയാത്രയും ആത്മീയ പരിരക്ഷയും:** ഇതു വ്യക്തിയുടെ സജീവമായ കായിക ജീവിതത്തിനപ്പുറത്തേക്കു വളരണം. തങ്ങളുടെ തൊഴിലിന്റെ അന്ത്യത്തിൽ നിശൂന്യതയും വിഷാദവും അനുഭവിക്കുന്ന, ചിലപ്പോഴെങ്കിലും മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി തകരുന്ന അനേകം കായിക താരങ്ങളെ കായിക ലോകം കണ്ടിട്ടുണ്ട്. സുസ്ഥിരമായ ഒരു അനുയാത്രാ പദ്ധതി തങ്ങളുടെ തനിമ, ഒരു പക്ഷേ ആദ്യമായി, കായിക ലോകത്തിനു വെളിയിൽ തിരയാൻ ഇത്തരമാളുകൾക്കു സഹായകമാകാം.

**കായിക വിനോദ അജപാലക പ്രവർത്തകരുടെ ശൃംഖല:** സ്പോർട്സിൽ, പരിശീലകർ, റഫറികൾ, അധ്യാപകർ, മാനേജർമാർ തുടങ്ങിയവർ കളിക്കാരുടെയോ അത്‌ലിറ്റുകളുടെയോ മനോഭാവം രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കു വഹിക്കുന്നുണ്ട്. ഉചിതവും പ്രസക്തവുമായ ആത്മീയ/അജപാലക പരിശീലന പദ്ധതി കായിക രംഗത്തെ മാനവീകരിക്കുന്നതിൽ മുഖ്യപങ്കു വഹിക്കും. നാം കായിക പരിശീലന പ്രവർത്തകരുമായി സംഭാഷണങ്ങളിൽ ഏർപ്പെടണം; അവരുമായി സഹകരിക്കണം; കായിക വിനോദത്തിന്റെ അജപാലക ഭാവങ്ങളെ സംബന്ധിക്കുന്ന പരിശീലന പാതകൾ പ്രോത്സാഹിപ്പിക്കണം.

ഈ പ്രമാണരേഖ ഞാൻ നെഞ്ചിൽ പേറുന്നുവെന്നു തുടക്കത്തിൽ സൂചിപ്പിച്ചിരുന്നു. എന്റെ കൗമാരപ്രായത്തിൽ പിതാവ് ഷൂട്ടിങ് എന്ന കായിക വിനോദരംഗത്തേക്ക് എന്നെ നയിച്ചു. ഞാൻ നല്ല തുടക്കം കുറിച്ചു. റെക്കോർഡ് വിജയത്തോടെ ദേശീയ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. എന്നാൽ ആ രംഗത്തുനിന്ന് പെട്ടെന്നു വിടപറയേണ്ടിവന്നു. ഇത്തരമൊരനുഭവത്തിലൂടെ കടന്നുപോകാൻ കർത്താവ് എന്തുകൊണ്ട് ഇടയാക്കി എന്നത് എന്നെ ആശ്ചര്യപ്പെടുത്തി. 32 വർഷങ്ങൾക്കു ശേഷം എനിക്ക് ഉത്തരം കിട്ടി. ഈ പ്രമാണരേഖയ്ക്കു രൂപം നല്കുന്ന ടീമിന്റെ ഭാഗമാകാൻ വത്തിക്കാനിൽ നിന്ന് എനിക്കു ക്ഷണം കിട്ടി. കർത്താവിന്റെ പരിപൂർണമായ പദ്ധതിയിൽ ഒന്നും പാഴാകുന്നില്ല! 1996-ൽ കേരളത്തിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ജീസസ് യൂത്തിന്റെ കോ-ഓർഡിനേറ്റർ ഉത്തരവാദിത്വം ഏറ്റെടുത്തപ്പോൾ ഏതാനും ദിവസങ്ങൾ ഞാൻ പ്രാർഥനയിൽ ചെലവഴിച്ചു. ദൈവദത്തമായ ഈ ദൗത്യം "തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെയും ആത്മീയമായ ഉണർവോടുംകൂടി" നിറവേറ്റാൻ സഹായകമായി കർത്താവിൽ നിന്ന് ഒരു പ്രവാചക സന്ദേശം ഞാൻ ചോദിച്ചു. ഇതായിരുന്നു, എനിക്കു ലഭിച്ച വാക്കുകൾ. "ഏറ്റവും ശ്രേഷ്ഠമായത് അവിടത്തേക്കു നല്കുക." അത് എന്റെ ജീവിതത്തിന്റെ ആദർശസൂക്തമായി. "നിന്റെ ഏറ്റവും മികച്ചതു നല്കുക" എന്ന ശീർഷകത്തിൽ പരിശുദ്ധ സിംഹാസനം പുറപ്പെടുവിക്കുന്ന ഈ പ്രമാണരേഖയുടെ ഭാഗമാകാൻ അവിടന്ന് എന്നെ ഇപ്പോൾ 22 വർഷങ്ങൾക്കുശേഷം വിളിച്ചത് മനോഹരമല്ലേ?



പുനർവിചിന്തനം / റവ. ഡോ. കുര്യൻ മറ്റം

# "വെളിച്ചം ദുഃഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം"

ധനികനായ ഒരു മനുഷ്യനു വിരൂപയായ ഒരു മകളുണ്ടായിരുന്നു. അവളെ വിവാഹം കഴിക്കാൻ ആരും സന്നദ്ധരായില്ല. ഒടുവിൽ ഒരു അന്ധന് അവളെ വിവാഹം കഴിച്ചു കൊടുത്തു. ഒരു ഡോക്ടർ അയാളുടെ അന്ധത മാറ്റാൻ തയ്യാറായി. പക്ഷേ, പെൺകുട്ടിയുടെ അച്ഛൻ സമ്മതിച്ചില്ല. കാഴ്ച കിട്ടിയാൽ മകളെ അയാൾ ഉപേക്ഷിച്ചു കളഞ്ഞെങ്കിലോ എന്നായിരുന്നു ആ പിതാവിന്റെ ഭയം. ഇതുപോലെ പലരും അന്ധകാരത്തിൽ കഴിയാനാണ് ഇഷ്ടപ്പെടുന്നത്. കാരണം, വെളിച്ചം ഉണ്ടായാൽ പല പ്രവൃത്തികളും ഉപേക്ഷിക്കേണ്ടിവരും എന്ന് അവർ ഭയപ്പെടുന്നു. നാം ആഗ്രഹിക്കുന്നതു വെളിച്ചമാണ്. പക്ഷേ, വെളിച്ചത്തിന്റെ മക്കളെപ്പോലെ നമുക്കു മാന്യമായി വ്യാപരിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ അന്ധകാരത്തെത്തന്നെ ആശ്രയിക്കുകയാണ്.

ഒരു തത്ത്വചിന്തകൻ ഒരു കൊച്ചുപെൺകുട്ടിയെ തെരുവിൽവച്ചു കാണാനിടയായി. അവൾ തണുത്തു വിറയ്ക്കുകയായിരുന്നു. തത്ത്വചിന്തകനിലെ ധാർമികരോഷം ഉണർന്നു. അയാൾ ദൈവത്തോട് ഉറക്കെ ചോദിച്ചു: "നീ എന്തുകൊണ്ട് ഇതനുവദിച്ചു? ഈ ദുഃസ്ഥിതിക്കു ഒരു പ്രതിവിധി കാണാൻ നിനക്ക് ആവില്ലേ?" അന്നു രാത്രിയിൽ ദൈവം പ്രത്യക്ഷപ്പെട്ട് അയാളോടു പറഞ്ഞു: "ഞാൻ ആ ദുഃസ്ഥിതിക്കു പ്രതിവിധി കണ്ടിട്ടുണ്ട്. അതിനാണു ഞാൻ നിന്നെ സൃഷ്ടിച്ചിരിക്കുന്നത്."


രോഗികളെയും പരമദരിദ്രരെയുമൊക്കെ കാണുമ്പോൾ എന്തേ ദൈവം ഇവരെ ഇങ്ങനെയിട്ടു നരകിപ്പിക്കുന്നുവെന്നു നാം ചോദിക്കുന്നു. ദൈവം നമ്മെയാണ് ഈ നരകദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ തെരഞ്ഞെടുത്തിട്ടുള്ളതെന്ന കാര്യം നാം വിസ്മരിച്ചുകളയുന്നു.

ഒരിക്കൽ, മരിച്ച ഒരു യുവാവിനെ സംസ്ക്കാരിക്കാനായി സെമിത്തേരിയിൽ കൊണ്ടു ചെന്നു. ശവം കുഴിയിലേയ്ക്ക് ഇറക്കാൻ തുടങ്ങിയപ്പോൾ മരിച്ചമനുഷ്യൻ ശവപ്പെട്ടി തുറന്ന് എഴുന്നേറ്റിരുന്നു. അയാൾ പറഞ്ഞു: "ദയവായി എന്നെ കുഴിയിലിട്ടു മൂടരുത്. ഞാൻ മരിച്ചിട്ടില്ല." പക്ഷേ, ശവമഞ്ചം വഹിച്ചിരുന്നവർ അത് അംഗീകരിക്കാൻ തയ്യാറായിരുന്നില്ല. അവരിൽ ഒരാൾ പറഞ്ഞു: "ഡോക്ടർമാരും വൈദികരും താങ്കൾ മരിച്ചു എന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവർക്കു തെറ്റുപറ്റില്ല." അവർ ശവപ്പെട്ടിക്കു മൂടിവച്ച് അയാളെ കുഴിച്ചിട്ടു. പലർക്കും ജീവിക്കുന്ന യാഥാർഥ്യങ്ങളെക്കാൾ മരിച്ച നിയമങ്ങളാണു ജീവിതപ്രമാണം.

നമുക്കു മനുഷ്യനല്ല, പലപ്പോഴും പ്രധാനം നിയമങ്ങളാണ്. നിയമത്തിന്റെ നൂലാമാലകൾ നമ്മുടെ മനുഷ്യത്വത്തെ ഇന്നു ബന്ധിച്ചു നിറുത്തിയിരിക്കുകയാണ്. നിയമത്തിനുവേണ്ടിയല്ല മനുഷ്യൻ, മനുഷ്യനുവേണ്ടിയാണ് നിയമങ്ങളെന്ന കാര്യം തന്നെ നാം മറക്കുന്നു.

ഗുരു സായാഹ്നപ്രാർഥനയ്ക്കും പൂജയ്ക്കും മുറിയിൽ പ്രവേശിക്കുമ്പോൾ ആശ്രമത്തിലെ പൂച്ച അവിടെ കടന്നുചെല്ലുമായിരുന്നു. പൂച്ചയുടെ ശല്യം ഒഴിവാക്കാൻ വൈകിട്ട് പൂജാവേളയിൽ പൂച്ചയെ തുടലിൽ കെട്ടിയിടണമെന്ന് ഗുരു ശിഷ്യരോടു പറഞ്ഞു. ഗുരു മരിച്ചു കഴിഞ്ഞും ശിഷ്യന്മാർ ആ പതിവു തുടർന്നുകൊണ്ടിരുന്നു. വർഷങ്ങൾ കഴിഞ്ഞു. ആ പൂച്ച ചത്തു. മറ്റൊരു പൂച്ചയെ ആശ്രമവാസികൾ വാങ്ങിച്ചു. വൈകിട്ട് പൂജാസമയത്ത് ആ പൂച്ചയെയും തുടലിൽ പൂട്ടിയിട്ടുകൊണ്ടിരുന്നു. നൂറ്റാണ്ടുകളിലൂടെ 'പൂച്ചയെ കെട്ടിയിടൽ' പ്രക്രിയ പൂജാക്രമത്തിന്റെ അനുഷ്ഠാനഭാഗമായി മാറി! ബുദ്ധിമാന്മാരായ സന്ന്യാസികൾ 'പൂജാകർമത്തിൽ പൂച്ചയ്ക്കുള്ള പങ്കിനെ'ക്കുറിച്ചു ഗവേഷണ പ്രബന്ധങ്ങൾ വരെ രചിച്ചു. അപ്രധാനകാര്യങ്ങൾ പ്രധാനമായും പ്രധാനകാര്യങ്ങൾ അപ്രധാനമായും മാറ്റുന്നു! പ്രാർഥനാനുഷ്ഠാനക്രമങ്ങളെക്കുറിച്ച് എത്ര തത്ത്വവിചാരം നടത്തിയാലും, അവ പ്രാർഥിക്കാൻ എന്നെ സഹായിക്കുന്നില്ലെങ്കിലോ? കിളിയാണോ കൂടാണോ പ്രധാനം? ജോൺ പോൾ മാർപാപ്പ ദൈവശാസ്ത്രജ്ഞന്മാരോട് ഒരിക്കൽ പറഞ്ഞു: "നിങ്ങൾ **ദൈവത്തെക്കുറിച്ച്** വളരെയധികം സംസാരിക്കുന്നു. എന്നാൽ **ദൈവത്തോട്** കാര്യമായി സംസാരിക്കുന്നില്ല" (You talk about God, bud hardly you talk to God.) പലപ്പോഴും നമ്മുടെ ഭക്താനുഷ്ഠാനങ്ങൾ വെറും യാന്ത്രികമായി അധഃപതിക്കുന്നു. എല്ലാംകൊണ്ടും ലോകത്തിന് ഇന്ന് സുഖപ്രദമായി തോന്നുന്നത് തമസ്സാണ്, വെളിച്ചം ദുഃഖവും.

ഇന്നത്തെ ദുർഭഗാവസ്ഥയെക്കുറിച്ച് തിരുവചനം പറയുന്നു: "പ്രകാശം ലോകത്തിലേക്കുവന്നിട്ടും മനുഷ്യർ പ്രകാശത്തെക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം, അവരുടെ പ്രവൃത്തികൾ തിന്മ നിറഞ്ഞതായിരുന്നു. തിന്മ പ്രവർത്തിക്കുന്നവർ പ്രകാശത്തെ വെറുക്കുന്നു" (യോഹ 3 : 19-20).



# വന്ദിച്ചില്ലെങ്കിലും... നിന്ദിക്കരുത്..!

**മുന്നറിയിപ്പ്: ഈ കുറിപ്പ് വൈദികരെക്കുറിച്ചാണ് നെറ്റി ചുളിയുന്നവർ വായിക്കണമെന്ന് നിർബന്ധമില്ല.**

വളരെ വർഷങ്ങൾക്കു മുമ്പ് പതിനേഴാം വയസ്സിൽതന്നെ ജീവിതം മടുത്തുപോയൊരു കൗമാരക്കാരൻ ഒരു വൈദികന്റെ മുമ്പിലിരുന്നു കരഞ്ഞു. കുലമഹിമയും കുടുംബമഹിമയുമില്ല അവന്. ആകാരസൗഷ്ടവും ബാഹ്യസൗന്ദര്യവുമില്ല. കലാകാരനോ മികവുറ്റവനോ അല്ല. പാതിവഴിയിൽ പഠനം മുടങ്ങിപ്പോയ, രോഗിയായ അപ്പനുള്ള, ദാരിദ്ര്യത്തിന്റെയൊരു കൂടെപ്പിറപ്പ്. തേങ്ങിയും വാക്കുമുട്ടിയും തന്റെ മുമ്പിലിരിക്കുന്ന ആ പയ്യനോട് വൈദികനു പക്ഷേ വലിയ അസ്വാരസ്യമൊന്നും ഇല്ല. നീണ്ട മണിക്കൂറുകൾ ക്ഷമയോടെ, സൗമ്യതയോടെ അവനെ കേൾക്കുന്നുണ്ട് അദ്ദേഹം. പ്രായം കൊണ്ട് ഒരുപക്ഷേ ആറേഴു വയസ്സിന്റെ വ്യത്യാസമേയുള്ളൂ അവർ തമ്മിൽ. എല്ലാം കഴിഞ്ഞപ്പോൾ ശാന്തമായി പുരോഹിതൻ പറഞ്ഞത് സ്വപ്നം കാണണമെന്നാണ്. കഠിനമായി അധ്വാനിക്കണമെന്നാണ്. ദൈവം പ്രതിഫലം തരുമെന്നാണ്. അതു വിശ്വസിച്ച് എഴുന്നേറ്റ് പോയി സ്വപ്നം കണ്ട, അധ്വാനിച്ച, ദൈവം പ്രതിഫലം തരുമെന്ന് തിരിച്ചറിഞ്ഞ അന്നത്തെ ആ കൗമാരക്കാരനാണ് ഇന്നീ കുറിപ്പു തയ്യാറാക്കുന്നത്. ഇന്ന് ഉദ്യോഗസ്ഥനായി ശമ്പളം വാങ്ങുന്ന, കവിതയും നാടകവും ലേഖനവുമെഴുതുന്ന, പ്രഭാഷകനും പരിശീലകനുമായി മാറിയ ഒരാൾ. പതിനായിരങ്ങളിൽ അല്ലെങ്കിൽ ലക്ഷങ്ങളിൽ ഒരാൾ. വൈദികരിലൂടെ ദൈവം അടയാളമുദ്ര ചാർത്തുകയും അനുഗ്രഹിക്കുകയും ചെയ്ത ഒരാൾ.

ഈ കുറിപ്പ് വൈദികരെക്കുറിച്ചാണ്. മുന്നറിയിപ്പ്: നെറ്റി ചുളിയുന്നവർ വായിക്കണമെന്ന് നിർബന്ധമില്ല.

അതൊരു വിളി തന്നെയാണ്. ചാരായവാറ്റും കഞ്ചാവു കൃഷിയും തമ്മിൽതല്ലും കത്തിക്കുത്തുമുള്ള ഇടുക്കിയിലെ പഴയൊരു മലയോര ഗ്രാമത്തിലേക്കാണ് വൈദികന്റെ വിളി കണ്ടെത്താൻ ഞാൻ നിങ്ങളെ കൂട്ടിക്കൊണ്ടു പോകുന്നത്. പോലീസും നിയമപാലകരുമില്ലാത്ത ആ ഇരുട്ടുകാലത്ത്, കേവലമൊരു വീട്ടുവഴക്കിന്റെ മാത്രമല്ല, നാട്ടുവഴിയിലെ കത്തിമുനയുടെ പോർവിളിക്കിടയിലെ മധ്യസ്ഥനും സമാധാനത്തിന്റെ കാവലാളും പുരോഹിതൻ തന്നെയായിരുന്നു. വികസനം പാർട്ടിയാപ്പീസ് വഴി വരാൻ തുടങ്ങുന്നതിനുമുമ്പുള്ള അക്കാലത്ത് തൂമ്പയും കൈക്കോട്ടുമായി അവരിൽ പലരും ഇറങ്ങി നടന്നു വെട്ടിയ വഴികളിലാണിന്ന് മേജർ ഡിസ്ട്രിക്റ്റ് റോഡുകൾ നീണ്ടു നിവർന്നു കിടക്കുന്നത്. അയൽക്കൂട്ടവും കുടുംബശ്രീയും കണ്ടുപിടിക്കപ്പെടുന്നതിനും മുമ്പുള്ള അക്കാലത്താണ് മേച്ചിൽ പുല്ലുകൊണ്ടു മാത്രമുള്ള വീടുകൾ കണ്ടു വളർന്ന ഗ്രാമീണർക്ക് കേവലമൊരു ഓടിട്ട വീട്ടിൽ കിടക്കാമെന്ന സ്വപ്നം പങ്കു വച്ചതും സംഘങ്ങൾ ഉണ്ടാക്കിയതുമൊക്കെ. എന്തിനധികം, ഒരു വാട്ടർ ക്ലോസറ്റ് കൊണ്ടു വൃത്തിയുള്ള ടോയ്‌ലറ്റ് പണിതു കാണിച്ചു കൊടുത്തതും പള്ളീലച്ചനായിരുന്നു.

സ്കൂളിനടുത്തുള്ള തോട്ടത്തിൽ ളോഹ തല്ലിയലക്കി പാറപ്പുറത്ത് വിരിച്ച് ഉണങ്ങിയിരുന്ന വൈദികനെ ഓർമിക്കുന്നു. കുശിനി എന്നു വിളിക്കുന്ന ഇടിഞ്ഞു വീഴാറായ പുരയിൽ മഴച്ചോർച്ചയ്ക്കു താഴെ പാത്രം വച്ച് അടുപ്പിൽ തീപൂട്ടി കഞ്ഞി വയ്ക്കുന്ന, ഉണക്ക മീൻ വറുത്തെടുക്കുന്ന വൈദികനെ അറിയാം. പള്ളി പ്പറമ്പിലെ മുരിക്കുമരത്തിൽ മുളയേണി ചാരിവച്ച് ലുങ്കി മടക്കിക്കുത്തി കയറി മുളകു പറിച്ചിറങ്ങി വരു കയാണു ഞാൻ കയറിച്ചെല്ലുമ്പം ഒരു പള്ളീലച്ചൻ. യാതൊരു കൂലിയുമില്ലാത്ത വേല. അതൊക്കെ പഴയ ബ്ലാക്ക് ആൻഡ് വൈറ്റ് ആൽബമാണ്..!

വിശപ്പിനും ദാരിദ്ര്യത്തിനുമെതിരെയുള്ള പോരാട്ടമായി ട്ടാണ് വൈദികന്റെ ജീവിതത്തെ ഞാൻ കണ്ടത്. യഥാർഥത്തിൽ ക്രിസ്തുവിന്റെ ജീവിതവും അതു തന്നെ യായിരുന്നു. "അവരോട് അവന് അനുകമ്പ തോന്നി" എന്നാണ് ബൈബിൾ പറയുന്നത്. ഈ അനുകമ്പയുടെ വറ്റാത്ത ഉറവകളായിരുന്നു ഞാൻ കാണാനിടവന്ന വൈദികരൊക്കെയും. ജീവിതം വഴിമുട്ടിയ എത്രയോ പേർക്ക് നഗരത്തിലെ ബോർഡിങ്ങുകളിലും സ്കൂളുക ളിലും പഠിക്കാൻ അവസരമൊരുങ്ങി! എത്രയോ ആയി രക്കണക്കിനു നിർധനർക്ക് ചെറുതെങ്കിലും അന്ത സ്സുള്ള തൊഴിലവസരമൊരുങ്ങി.! മദ്യപാനത്തിന്റെ പടുകുഴിയിൽ നിന്ന് എത്ര ആയിരം കുടുംബങ്ങൾ തിരികെ വന്നു. എത്രയോ നിർധന യുവതികൾക്ക് വിവാഹ ഭാഗ്യമുണ്ടായി.! സക്സസ് ട്രെയിനർമാരും പോസിറ്റീവ് ചിന്തക്കാരും ലാപ്ടോപ്പും പ്രൊജക്ടറു മായി ഇറങ്ങുന്നതിനും ഒരുപാടു കാലംമുമ്പ് അതൊക്കെ ഇവിടെ പച്ചമണ്ണിൽ പണിയെടുക്കുന്ന കർഷകന്റെ മൂക്കട്ടപ്പിള്ളേർക്കും കിട്ടിയിരുന്നു, ഈ വലിയ അനുകമ്പയൊഴുകുന്ന മനസ്സുകളിൽ നിന്ന്. അതിന്റെയൊരു ഉദാഹരണം പറഞ്ഞാണു ഞാനീ കുറിപ്പു തുടങ്ങിയതു തന്നെ.

ദൈവവചനം എന്ന ഇടവകജനത്തെ അവരുടെ അറി വില്ലായ്മകൊണ്ട് മുതലെടുക്കാൻ കഴിയുമായിരുന്ന ഒരു കാലത്ത് അവരുടെ അകക്കണ്ണിനെ തൊട്ട പ്രകാശ ഗോപുരങ്ങളാണ് വൈദികർ. ദാരിദ്ര്യ ദു:ഖമായിരുന്നു അവരുടെ വലിയ വേദന. അതിനാൽ അതിനെ അക റ്റുവാനാണാദ്യം പരിശ്രമിച്ചത്. വിശന്ന വയറുകൾക്ക് അന്നം നൽകിയാണല്ലോ ക്രിസ്തുവും ജനജീവിത ത്തിൽ പങ്കുകാരനായത്. പിന്നത്തേത് ആത്മീയദു:ഖം. ചെറിയ നിരാശകൾ. ആത്മഹത്യാ ചിന്തകൾ. കുടുംബ കലഹങ്ങൾ. ഭാവിയെപ്പറ്റിയുള്ള അമിതമായ ഉത്ക ണ്ഠ. അവയൊക്കെ കുമ്പസാരക്കൂട്ടിലും പള്ളിമേട യിലും തുലാവർഷമായി പെയ്തു വീണപ്പോഴും ആലം ബമായത് ക്രിസ്തുവിന്റെ ഇതേ പ്രതിപുരുഷന്മാർ തന്നെയാണ്! കൂടുതൽ മോശമായത് സംഭവിക്കാതിരി ക്കാൻ മേലിൽ പാപം ചെയ്യരുത് എന്ന സുവിശേഷം ഓരോ കാതിലും ചൊല്ലിക്കൊടുക്കുന്നതു കേട്ട് കുമ്പ സാരക്കൂടുകൾ പോലും മിഴിനീരണിഞ്ഞിട്ടുണ്ടാകണം. അന്തിക്ക് ചെറുപ്പക്കാർക്കൊപ്പം കളിച്ചു വിയർത്ത്, പിന്നെ അവരെക്കൂടി കൂട്ടി പള്ളിയിൽ വന്ന് കൊന്ത യെത്തിച്ച്, ഇടയ്ക്കെപ്പോഴോ ക്രൂശിതന്റെ മുട്ടിലെ മുറി വിലേക്ക് നെടുവീർപ്പോടെ നോക്കി മൗനമായി ഉരുവി ട്ടിരുന്നതും, കുമ്പസാരക്കൂട്ടിലെ നിലവിളികൾക്ക് ഉത്ത രമുണ്ടാകണമേയെന്നു മാത്രമായിരിക്കണം.

ദൈവജനത്തിന്റെ ആകുലതകൾ ഒടുങ്ങിത്തുടങ്ങിയ തോടെ പുരോഹിതനും പ്രസക്തിയില്ലാതായിത്തുടങ്ങി. സ്ഥിരവരുമാനം, വൃത്തിയുള്ള വീട്, സ്വന്തം വാഹനം ഇതൊക്കെ വന്നതോടെ ദാരിദ്ര്യ ദു:ഖമില്ലാതായി. കുഞ്ഞിന്റെ മാമ്മോദീസ നടത്താനും ആദ്യകുർബാന നടത്താനും മകളുടെ കല്യാണം നട ത്താനും, ഫോട്ടോജനിക്കായ പള്ളിമുറ്റവും, പള്ളിയും കല്യാണമണ്ഡപത്തിന് പറ്റിയ പാരിഷ്ഹാളും തേടി പുത്തൻപണക്കാർ അയൽ ഇടവകകളിലേയ്ക്ക് പോയിത്തുടങ്ങിയപ്പോൾ മാത്രമല്ല, പള്ളിമുറ്റത്തിരുന്നു കുർബാന 'കാണുന്നവനും' കൂടിവന്നതോടെ പള്ളി പണിയേണ്ട ഉത്തരവാദിത്വം വൈദികനായി. പള്ളി മാത്രം പോരാ. സ്കൂളിനു ഫിറ്റ്നസ് വേണമെങ്കിൽ പുതിയ കെട്ടിടം വേണം. പിള്ളേരു പള്ളിക്കൂടത്തിൽ വരണമെങ്കിൽ സ്കൂൾ ബസ്സ് വേണം. നല്ല ശുചി മുറികൾ വേണം. എന്തിനധികം, പാവനസ്മരണ കൊത്തിവച്ച രാജസ്ഥാൻ മാർബിളുകളുമായി ഞങ്ങൾ വരുമ്പോൾ കുടുംബക്കല്ലറ തരണം. ഞങ്ങളുടേത് പുരാതന കത്തോലിക്കാ കുടുംബമാ! ഇതിന്റെയെല്ലാം നടത്തിപ്പുമാനേജരായി പള്ളീലച്ചൻ മാറി. രാത്രിയുറ ക്കത്തെ കണക്കു പുസ്തകങ്ങൾ ശ്വാസം മുട്ടിച്ചു. പിരിവുകാരനായി തീർന്നതിന്റെ ഈർഷ്യയോടെ അൾത്താരയിൽ പ്രസംഗിച്ചു. പലർക്കും മാനസിക പിരിമുറുക്കമായി. ഷുഗർ വന്നു. പ്രഷർ വന്നു. നിത്യ രോഗികളായി. പൗരോഹിത്യത്തിന്റെ കാറും കോളും നിറഞ്ഞ രണ്ടാം പാദം..! പിരിവു ചോദിച്ചുചെന്നപ്പോൾ പുത്തൻപണക്കാരന്റെയും ഉദ്യോഗസ്ഥന്റെയും ശകാരം കേട്ട് കുമ്പിട്ടിറങ്ങി നടക്കേണ്ടി വന്ന ദൈവ ജനത്തിന്റെ ശമ്പളക്കാരൻ മാത്രമായി അവർ തരം താഴ്ത്തിക്കളഞ്ഞ പുരോഹിതൻ. ആ കൊടുങ്കാറ്റിനെ യൊക്കെ അതിജീവിക്കാൻ മാത്രമുള്ള പരിശീലന മൊന്നും സെമിനാരി കൊടുത്തിട്ടില്ല.

ആത്മീയദു:ഖത്തിനും ഏകാന്തതയ്ക്കും ജനം കണ്ടെ ത്തിയ മറുമരുന്നാണ് 'എന്റർടെയ്മെന്റ്'. അത് ടെലി വിഷനിൽ നിന്ന് കമ്പ്യൂട്ടറിലേക്കും ഇന്റർനെറ്റിലേക്കും

സ്മാർട്ട്ഫോണിലേക്കും വളർന്നതോടെ പള്ളിയും പള്ളീലച്ചനും പലർക്കുമൊരു ശല്യമായി. യുവജനങ്ങളുടെ ധ്യാനമാണെങ്കിലും 'ഡൈനമിക്സും വിഷ്വലും' വേണം. കുട്ടികളുടെ ധ്യാനത്തിൽ വചനം പറയരുത്. 'ആക്ഷൻ സോങ്ങ്' വേണം. കുർബാനയിൽ പ്രസംഗം അഞ്ച് മിനുട്ട് മതി. കൂടുതലായാൽ ബോറാ. ശമ്പളക്കാരൻ എന്ന നിർവചനത്തിൽ നിന്ന് വേലക്കാരൻ എന്ന നിർവചനത്തിലേയ്ക്ക് മാറ്റിയോ എന്നു സംശയം.! ദൈവജനമെല്ലാം അവരുടെ കംഫർട്ട് സോണിൽ. ധ്യാനങ്ങളില്ല. മാസാദ്യ സെമിനാറുകളില്ല. പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാത്ത വൈദികനും കൂട്ട് മാധ്യമങ്ങൾ തന്നെ.

അച്ചാ, 'ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ' എന്നതിനു പകരം ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ ബ്രോ എന്ന് വാട്സാപ്പിൽ 'സ്തുതി' കിട്ടുന്ന കാലം! "എന്തിനാടാ ചക്കരേ നീ അച്ചൻ പട്ടത്തിനു പോയത്" എന്ന ഷോർട്ട് ഫിലിം 'ഫോർവേഡ്' ചെയ്തിട്ട് കണ്ണിറുക്കി സ്മൈലി അയച്ചു തരുന്ന കിടുക്കാച്ചി പെൺമണികളുടെയും കാലം! ഇതിനിടയിലാണ് പൗരോഹിത്യത്തിന്റെ പായ്വഞ്ചിയിൽ ഒറ്റയ്ക്ക് യാത്ര തുടരേണ്ടി വരുന്നത്!

പാടാനറിയില്ലെങ്കിൽ അച്ചൻ പാഴ്.! പ്രസംഗിക്കാനറിയില്ലെങ്കിലോ വധം.! അച്ചനെ ആക്ഷേപിക്കുന്ന മക്കൾക്ക് പിന്നിൽ നിന്നും കൈകൊട്ടി പ്രോത്സാഹിപ്പിച്ച മാതാപിതാക്കൾ ഒരിക്കൽപോലും അതൊരു ബഹുമാനസൂചകമായ പദമെന്ന് പറഞ്ഞു കൊടുത്തിട്ടില്ല. ഫേസ്ബുക്കിൽ വാളെടുത്തവനെല്ലാം വെളിച്ചപ്പാടായി. എഴുത്തുകാരും വിമർശകരും നിരൂപകരുമായി. സ്വന്തമായി എഴുതാനറിയാത്തവൻ വല്ലവന്റേതും കോപ്പി ചെയ്തു. കമന്റിനും ലൈക്കിനും വേണ്ടിയുള്ള മത്സരത്തിനിടയിൽ കാമ്പ് നഷ്ടപ്പെട്ടു. ഗവൺമെന്റിനെതിരെ പറഞ്ഞാൽ നടപടി. രാഷ്ട്രീയക്കാരനെതിരെ പറഞ്ഞാൽ ഉടൻ അടി. ട്രോൾ ഇറക്കീം ചെളി വാരീം എറിഞ്ഞു കളിക്കാൻ ഏറ്റം നല്ല വർഗം ക്രിസ്തീയ പുരോഹിതരാണ്.! കമാന്ന് മിണ്ടൂല, അങ്ങനെ പള്ളിപ്പിരിവും, പ്രസംഗവും, നോട്ടീസും ഫേസ്ബുക്കിൽ ചർച്ചയായി. പള്ളി കാണാത്തവനും, പള്ളി വെറുത്തവനും അവിശ്വാസിയും ചേർന്ന് പള്ളിയെയും പള്ളീലച്ചനെയും പോസ്റ്റുമോർട്ടം ചെയ്തു കളിച്ചു തുടങ്ങി.

ദൈവവിളികളിൽ ഒന്നാമത്തേത് എന്ന് ഞാൻ വിശ്വസിക്കുന്നത് വിവാഹമാണ്. അതില്ലെങ്കിൽ കുടുംബവും മക്കളുമില്ല. അവയില്ലെങ്കിൽ സന്ന്യസ്തരായോ വൈദികരായോ വിളി സ്വീകരിക്കാൻ മറ്റാരുമില്ല. പറഞ്ഞു വന്നത്, ജീർണതകളുടെ അങ്ങേയറ്റം ഇന്ന് കണ്ടിട്ടുള്ളത് വിവാഹമെന്ന ദൈവവിളിയിലാണ്. അധികാരദുർവിനിയോഗം, പണത്തിന്റെ ദുർവിനിയോഗം, വ്യഭിചാരം, ഈ മൂന്നു തിന്മകൾ കൊണ്ട് കളങ്കപ്പെട്ടു പോയ പതിനായിരം കുടുംബങ്ങളുടെ എങ്കിലും കഥകൾ കേൾക്കാനും ചിലതൊക്കെ കാണാനും ഇടവന്നിട്ടുണ്ട്. അവയൊന്നും ട്രോളിലില്ല. അവയ്ക്ക് വാർത്താമൂല്യമില്ല. അവയുടെ പ്രതിസ്ഥാനത്തുണ്ട്. സമൂഹത്തിന്റെ വിളക്കുതൂണുകളായ പ്രൊഫസർമാർ, ഡോക്ടർമാർ, നേതാക്കൾ... അങ്ങനെ പലരും. അവരെയൊക്കെ അപേക്ഷിച്ചു നോക്കുമ്പോൾ വൈദികർക്കിടയിലുണ്ടെന്ന് സമൂഹം നിലവിളിക്കുന്ന ജീർണതയുടെ തോത് എത്ര നിസ്സാരമാണ്.! അവർക്ക് അതൊക്കെ ആകാം എന്ന് ന്യായീകരിക്കുകയല്ല. രാജ്യനിയമം അതിനെ നേരിടട്ടെ. ഇത്തിരിപ്പോന്ന സഹിഷ്ണുതപോലും കാട്ടാതെ വലിച്ചു കീറി ഫേസ്ബുക്കിലും വാട്സാപ്പിലും ഒട്ടിക്കുന്ന മൃഗീയതയുണ്ടല്ലോ, അതിനെ അപലപിക്കുകയാണ്!! കഴുകന്മാർ ശവമന്വേഷിക്കുന്നതുപോലെ ചീഞ്ഞത് കൊത്തിവലിച്ചു വിളമ്പാൻ വെമ്പൽ കൊണ്ടു നടക്കുന്ന ഈ കാലം എത്ര കഷ്ടമാണ്. നമുടെയൊക്കെ ഉള്ളിൽ എരിയുന്ന നന്മയുടെ അവസാനത്തെ നാമ്പിനെ കൂടി ഊതിക്കെടുത്തുകയാണു നാം.

വിവാദം ഭൂമിയെക്കുറിച്ചായാലും, കന്യാസ്ത്രീയെക്കുറിച്ചായാലും, ബിഷപ്പിനെയോ, കുമ്പസാരത്തെയോ കുറിച്ചായാലും... വാട്സാപ്പ് ചെയ്യുന്നതിനു മുമ്പ് ഒന്നു പര്യാലോചിക്കാം. എന്തിനാണിത് അയയ്ക്കുന്നത്? സഭയുടെ നന്മയെക്കരുതി? അതോ. ഇത്തിരി ഇക്കിളിക്കു വേണ്ടി?

വന്ദിച്ചില്ലെങ്കിലും...


# കെയ്റോസ് യൂത്ത് റിട്രീറ്റ്

**റവ.ഡോ. കുര്യൻ മറ്റത്തിലിന്റെ നേതൃത്വത്തിൽ ജീസസ് യൂത്ത് ഒരുക്കുന്ന യുവജനധ്യാനം എല്ലാമാസവും കടുത്തുരുത്തി SVD ധ്യാനകേന്ദ്രത്തിൽ വച്ച് നടക്കുന്നു. രണ്ടാം ശനിയാഴ്ചക്ക് തൊട്ടുമുൻപുള്ള വ്യാഴാഴ്ച വൈകുന്നേരം തുടങ്ങി ഞായറാഴ്ച തീരുന്ന വിധത്തിലാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്.**

കൂടുതൽ വിവരങ്ങൾക്ക്:
**80866 85404, 98478 37474**



കൂടിക്കാഴ്ച / നിതിൻ ഉറുമ്പേനിരപ്പേൽ

# കളിയിലാണ് കാര്യം

**തിരുവനന്തപുരം മൺവിള ഡോൺ ബോസ്കോ പ്രൊജക്റ്റ് റെക്ടർ, എറണാകുളം ജുവനൈൽ ജസ്റ്റിസ് ബോർഡ് മുൻ അംഗം, യൂത്ത് ഡയറക്ടർ, കൗൺസിലർ എന്നീ നിലകളിൽ 20 വർഷത്തെ പ്രവൃത്തി പരിചയം. ലൈഫ് സ്കിൽസ് കൗൺസിലിങ്ങിൽ പി.എച്ച്.ഡി. പൂർത്തിയാക്കിയ ഫാ. കുര്യാക്കോസ് പള്ളിക്കുന്നേൽ SDB, സലേഷ്യൻ സഭ കായിക വിനോദങ്ങൾക്ക് നൽകുന്ന പ്രാധാന്യത്തെക്കുറിച്ചും, കളികളോടുള്ള നമ്മുടെ സമീപനത്തിൽ ഉണ്ടാകേണ്ട മാറ്റത്തെക്കുറിച്ചും കെയ്റോസ് വായനക്കാരോട് സംസാരിക്കുന്നു.**

### സലേഷ്യൻ സഭയുടെ പ്രസ്ഥാനങ്ങളോട് ചേർന്നെല്ലാം തന്നെ വിശാലമായ കളിസ്ഥലങ്ങൾ കാണാൻ കഴിയും. ഡോൺ ബോസ്കോ പരിശീലനത്തിലൂടെ നിരവധി രാജ്യാന്തര കായിക താരങ്ങൾ വളർന്നു വന്നിട്ടുമുണ്ട്. എന്താണ് കായിക വിനോദങ്ങളോടുള്ള സലേഷ്യൻ സഭയുടെ വ്യത്യസ്തമായ ഈ സമീപനത്തിനു പിന്നിൽ?

സലേഷ്യൻ സഭയുടെ ശുശ്രൂഷകളുടെ ഏറിയ പങ്കും കുട്ടികളെയും യുവജനങ്ങളെയും ലക്ഷ്യം വച്ചു കൊണ്ടാണല്ലോ. യുവജനശുശ്രൂഷയിൽ കളികൾക്കും കായിക വിനോദങ്ങൾക്കും വലിയ സാധ്യതകളുണ്ട്. ഇഷ്ടമുള്ള ആളുകളിൽ നിന്ന് നമ്മൾ വേഗത്തിൽ കാര്യങ്ങൾ പഠിക്കും. കുട്ടികളുടെ ഇഷ്ട ലോകത്ത് കയറിപ്പറ്റാനുള്ള ഏറ്റവും മികച്ച വഴിയായി വി. ഡോൺ ബോസ്കോ കണ്ടത് കലകളും കളികളും കായിക വിനോദങ്ങളുമാണ്.

ഇത് ഏറെ പഠനങ്ങൾക്കുശേഷം രൂപപ്പെടുത്തിയെടുത്തിട്ടുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായം അഥവാ പെഡഗോജിയാണ്. കളികൾ ഇഷ്ടമില്ലാത്തവരായി ആരുണ്ട്? വ്യായാമവും ആരോഗ്യ പരിപാലനവും ഉല്ലാസവും മാത്രമല്ല സുദൃഢ ബന്ധങ്ങളുടെ രൂപികരണത്തിന് വരെ ഒരുമിച്ചുള്ള കളികൾ സഹായിക്കും. ഇന്ന് ഡോൺ ബോസ്കോ സഭയിലെ എല്ലാ സ്ഥാപനങ്ങളിലും തന്നെ ഇൻഡോർ-ഔട്ട് ഡോർ കോർട്ടുകളും കളിസ്ഥലങ്ങളുമുണ്ട്. വടുതല ഡോൺ ബോസ്കോ സ്പോർട്സ് അക്കാദമി പോലെ ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന നിരവധി പരിശീലന കേന്ദ്രങ്ങളുണ്ട്. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നൂറു കണക്കിന് കായിക താരങ്ങളെ പരിശീലിപ്പിക്കാൻ ഡോൺ ബോസ്കോ പ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കളികളിലൂടെ വ്യക്തികളുടെ മനോഭാവങ്ങളെയും വ്യക്തിത്വത്തെയും മാറ്റിമറിക്കാൻ കഴിയും എന്ന ചിന്തയാണ് ഇതിനു പിന്നിൽ.

### കളികൾ എങ്ങനെയാണ് വ്യക്തി ജീവിതത്തെ സ്വാധീനിക്കുക?

ഒരാളുടെ യഥാർഥ സ്വഭാവം മറയില്ലാതെ വെളിവാകുന്നത് കളിസ്ഥലങ്ങിലാണ് എന്നാണു പറയുക. ഉള്ളിൽ അടക്കി വച്ചിരിക്കുന്ന കാര്യങ്ങൾ ഒരു പരിധിവരെ കളിസ്ഥലങ്ങളിൽ പുറത്തു വരും. ശരിക്കും കളിസ്ഥ



ലങ്ങൾ വലിയ പാഠശാലകളാണ്. ഗ്രൗണ്ടിലെ നിയമങ്ങൾ പാലിക്കുന്നതിലൂടെ, അച്ചടക്കത്തോടെ പെരുമാറുന്നതിലൂടെ, വിജയം ലക്ഷ്യമാക്കി ഒത്തൊരുമിച്ചുള്ള ടീം വർക്കിലൂടെയൊക്കെ ധാരാളം കാര്യങ്ങൾ നമ്മൾ സ്വയം പഠിക്കും. കളികളിലും മറ്റും ശ്രദ്ധ കേന്ദ്രീകരിക്കപ്പെടുമ്പോൾ സമയം അപഹരിക്കുന്ന ദുശ്ശീലങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കാനും വ്യക്തിജീവിതത്തെ കുറച്ചു കൂടി മിനുസപ്പെടുത്താനും കഴിയും. ജീവിതത്തിലേൽക്കുന്ന ചെറിയ തിരിച്ചടികളിൽ പോലും ആത്മഹത്യ ചെയ്യുന്ന കുട്ടികളെക്കുറിച്ച് നമ്മൾ വായിക്കാറുണ്ട്. കളിക്കളങ്ങളിൽ ഒരുമിച്ചു നിന്ന് ടീം സ്പിരിറ്റോടെ ചെറിയ ചെറിയ പരാജയങ്ങൾ നേരിടുന്ന വിദ്യാർഥികൾ ജീവിതത്തിലെ തിരിച്ചടികളിലും ഈ സമീപനം തുടർന്നാൽ അത് വലിയ ഒരു ജീവിതപാഠമാകും. കൂടുതൽ സമയം കളിച്ചാൽ പഠനം ഉഴപ്പും എന്ന തെറ്റിദ്ധാരണയാണ് സമൂഹം പുലർത്തി വരുന്നത്.

## കായിക വിനോദങ്ങൾ വിദ്യാഭ്യാസ പ്രക്രിയയിൽ എങ്ങനെയാണ് ഉപകാരപ്പെടുന്നത്?

"ഒറട്ടറി മാനദണ്ഡമാണ്" ഡോൺ ബോസ്ക്കോ പിന്തുടർന്നു പോരുന്നത്. എല്ലാവർക്കും സ്വന്തം വീടുപോലെ തോന്നിക്കുന്ന അന്തരീക്ഷം ഉറപ്പാക്കുക എന്നതാണ് ആദ്യപടി. ഇത് പ്രവർത്തന അന്തരീക്ഷത്തെ മെച്ചപ്പെടുത്തും. രണ്ടാമതായി, ഓരോ പ്രവൃത്തിയും ഒരു പഠനാനുഭവമായി നാം കാണുന്നു. മൂന്നാമതായി വേണ്ടത്ര അനൗപചാരിക നിമിഷങ്ങൾ ഉണ്ടെന്നു ഉറപ്പാക്കുന്നതുവഴി, വ്യക്തികൾ തമ്മിൽ സംസാരിക്കാനും അടുത്തിടപഴകാനും, കളികളിൽ ഏർപ്പെടാനും അങ്ങനെ ഒരു സൗഹൃദാന്തരീക്ഷം ഉണ്ടാക്കാനും കാരണമാകുന്നു. വി. ഡോൺ ബോസ്ക്കോ പറയുന്നത് ഇങ്ങനെയാണ് 'Love what your child loves; so that your child may love what you love'. അധ്യാപകരുടെ ഇഷ്ടം പഠനവും കുട്ടികളുടെ ഇഷ്ടം കളികളും ആയിരിക്കും. കുട്ടികളുടെ ഇഷ്ടമായ കളികളിൽ അധ്യാപകരും കൂടുമ്പോൾ അധ്യാപകരുടെ വാക്കുകൾ കൂടുതൽ ഹൃദ്യമായി കുട്ടികൾ സ്വീകരിക്കും. ഡോൺ ബോസ്ക്കോ സ്ഥാപനങ്ങളിൽ കുട്ടികൾക്കൊപ്പം കളികളിൽ വൈദികരും നിർബന്ധമായും കൂടാറുണ്ട്. ആ ഇടപെടൽ വിദ്യാർഥികളുമായി ഊഷ്മളമായ ഒരു ബന്ധം സ്ഥാപിക്കാൻ വഴിയൊരുക്കും. കളിക്കളങ്ങളിൽ ഔപചാരികതയൊന്നും തന്നെയില്ലാതെ അധ്യാപകരും വിദ്യാർഥികളും പരസ്പരം മനസ്സിലാക്കുന്നു. അതുപോലെ തന്നെ അധ്യാപകൻ-വിദ്യാർഥി വ്യത്യാസമില്ലാതെ എല്ലാവരും ഒരേ കളിനിയമങ്ങൾ പാലിക്കുമ്പോൾ സമത്വത്തിന്റെ ഒരു സന്ദേശം കൂടി നൽകപ്പെടുന്നുണ്ട്.

### സാങ്കേതിക വിദ്യയുടെ വളർച്ചയോടൊപ്പം, ആളൊഴിയുന്ന മൈതാനങ്ങളും ആളുകൂടുന്ന ഗെയിം ഇടങ്ങളെയും ആശങ്കയോടെയല്ലേ നമ്മൾ കാണേണ്ടത്?

ചെറുപ്പത്തിൽ നമ്മുടെ നാട്ടിലെ പള്ളികളുടെയും അമ്പലങ്ങളുടെയും മൈതാനങ്ങളിൽ കളിക്കുമ്പോൾ കളിക്കാർ മാത്രമല്ല അതിൽ പങ്കുചേർന്നിരുന്നത്. പ്രോത്സാഹിപ്പിക്കാൻ മൈതാനത്ത് ഒത്തുകൂടുന്ന നാട്ടുകാരും അയൽക്കാരുമൊക്കെ കാഴ്ച്ചക്കാരായി പോലും കൂടെനിന്ന് കളികളെ ആഘോഷമാക്കുമായിരുന്നു. അങ്ങനെ കളികൾ ജനകീയമാകുമ്പോൾ വലിയ ഒരു സാമൂഹ്യ സമ്പർക്കമാണ് അവിടെ നടക്കുന്നത്. അതേസമയം വെർചൽ ഗെയിമുകൾ ത്രിൽ മാത്രമാണ് നൽകുന്നത്. പ്രോഗ്രാം ചെയ്തതിനുസരിച്ചു പ്രവർത്തിക്കുന്ന വെർചൽ ലോകത്തെ ഗെയിമുകൾ ഒരിക്കലും മൈതാനത്തിറങ്ങി, വിയർപ്പൊഴുക്കി നടത്തുന്ന കളികൾക്ക് പകരമാകില്ല. അതേ സമയം കുട്ടികൾ വെർചൽ ലോകത്തേക്ക് ചേക്കേറുമ്പോൾ കുട്ടികളെ ക്രിയാത്മകമായി നയിക്കാൻ ഉതകുന്ന വിഭവങ്ങൾ അവിടെയും ഒരുക്കാൻ നമ്മൾ തയ്യാറാകണം.

### എന്തുകൊണ്ടാണ് നമ്മുടെ നാട്ടിൽ കളിക്കളങ്ങൾ അപ്രത്യക്ഷമാകുന്നത് അഥവാ കളികളോടുള്ള താത്പര്യം പുതുതലമുറയിൽ കുറഞ്ഞുവരുന്നത്?

കൂട്ടുകുടുംബങ്ങളിൽ നിന്ന് അണുകുടുംബങ്ങളായി മാറുകയും, വീടുകളിൽ കുട്ടികളുടെ എണ്ണം കുറയുകയും ചെയ്തതോടെ കുട്ടികൾക്ക് കളിക്കാൻ സമപ്രായക്കാർ ഇല്ലാതെ വരുന്നു. പലപ്പോഴും കുട്ടികൾക്ക് മുതിർന്നവർ മാത്രമേ ഉണ്ടാകൂ കൂട്ടിനു കളിക്കാൻ. പലപ്പോഴും സ്കൂൾ മാത്രമാണ് കുട്ടികൾക്ക് കളിക്കാൻ ഒരു വേദി. സ്പെഷ്യൽ ക്ലാസ്സും, എൻട്രൻസ് പരിശീലനവുമൊക്കെ കുട്ടികളുടെ നല്ല സമയം കവരുന്നതോടെ ആ സാധ്യതയും കുറഞ്ഞുവന്നു. പിന്നെ നാട്ടിലെ മൈതാനങ്ങളൊക്കെ വികസനത്തിന് വഴിമാറുകയും വിദ്യാഭ്യാസത്തിനായി വിദ്യാർഥികൾ അന്യനാടുകളിലേക്ക് കൂടുതലായി ചേക്കേറുന്നതും ഒരു കാരണമാണ്.

### കളികളുടെ കാര്യത്തിൽ ആൺ-പെൺ വേർതിരിവുകൾ കാണാറുണ്ട്. ഒന്നിച്ചുള്ള കായിക വിനോദങ്ങളല്ലേ നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടത്?

തീർച്ചയായും. മറ്റു പല കാര്യങ്ങളിലും എന്ന പോലെ തന്നെ കായിക വിനോദങ്ങളുടെ കാര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലിംഗ വ്യത്യാസങ്ങൾ നിശ്ചയിച്ചിരിക്കുന്നത് കാണാം. ആൺകുട്ടികൾക്കും പെൺകുട്ടികളും ഒരു കളിക്കളത്തിൽ ഒരുമിച്ചു കളിക്കുമ്പോൾ അവർ പരസ്പരം അറിയുകയും ബഹുമാനിക്കുകയും ചെയ്യുന്നു. പരസ്പരം മാറ്റിനിറുത്തിയല്ല ആരോഗ്യകരമായ ബന്ധങ്ങൾ നമ്മൾ ഉണ്ടാക്കേണ്ടത്. നമ്മുടെ നാട്ടിൽ അങ്ങിങ്ങായി മാത്രമാണ് ഒരുമിച്ചുള്ള കായിക വിനോദങ്ങൾ ഉള്ളതെങ്കിൽ വിദേശ രാജ്യങ്ങളിലൊക്കെ അവയ്ക്ക് വേണ്ടത്ര പ്രോത്സാഹനങ്ങൾ നൽകാറുണ്ട്.


### നമ്മുടെ വിദ്യാഭ്യാസ രീതിയിൽ കായിക വിനോദങ്ങളോടുള്ള സമീപനത്തിൽ എന്തു മാറ്റങ്ങളാണ് വരുത്തേണ്ടത്?

കായിക വിനോദങ്ങൾ വെറും ഒരു എക്സ്ട്രാ കരിക്കുലർ ആക്റ്റിവിറ്റി എന്ന നിലയ്ക്ക് മാത്രമാണ് നമ്മുടെ വിദ്യാഭ്യാസരീതിയിൽ കാണുന്നത്. അത് അങ്ങനെ യാവരുത്. കായിക വിനോദങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാകണം. കായിക വിനോദങ്ങളിൽ ഏർപ്പെടുന്നതനുസരിച്ച് വിദ്യാർഥികൾക്ക് ക്രെഡിറ്റ്സ് ഏർപ്പെടുത്തണം. പഠനവും കളികളും ചേരുന്ന സംയോജിത വിദ്യാഭ്യാസ രീതിയാണ് നമുക്കുവേണ്ടത്. പലപ്പോഴും സ്കൂളിലെ ഫിസിക്കൽ എജ്യുക്കേഷൻ അധ്യാപകർ വിദഗ്ധമായ കായിക ഇനങ്ങളിൽ മാത്രമാണ് ആ സ്കൂളിലെ വിദ്യാർഥികൾക്ക് കാര്യമായ പരിശീലനം നൽകുക. അത് മാറണം. സ്കൂളുകൾ പരസ്പരം ഒരു ധാരണയിലെത്തി, പല കായിക ഇനങ്ങളിൽ പ്രാഗത്ഭ്യമുള്ള അധ്യാപകരെ സ്കൂളുകളിൽ എത്തിച്ചാൽ ഈ പ്രശ്നത്തിന് ഒരു പരിഹാരമാകും. മാത്രമല്ല ചെറുപ്രായത്തിൽതന്നെ നല്ല താരങ്ങളെ നമുക്ക് വളർത്തിയെടുക്കാനും കഴിയും.

മദ്യത്തിനും ലഹരിക്കും അടിപ്പെടുന്ന യുവജനങ്ങൾ ഏറിവരുന്ന കാലത്ത്, മോശം സ്വാധീനങ്ങളിൽനിന്ന് കുട്ടികളെ വഴിതിരിച്ചുവിട്ട് കലകളിലും കായിക വിനോദങ്ങളിലും അവരുടെ ശ്രദ്ധ ക്ഷണിച്ച് അതിൽ ലഹരി കാണാനും അവരെ ജീവിത വിജയത്തിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്യുന്ന ഡോൺ ബോസ്കോയുടെ 'Preventive system' ആയിരക്കണക്കിന് യുവജനങ്ങളെയാണ് രക്ഷപ്പെടുത്തിയിട്ടുള്ളത്.

കളികളിലൂടെ വിദ്യാഭ്യാസ ലക്ഷ്യം നേടിയടുക്കുന്ന സലേഷ്യൻ സഭയുടെ ഈ മുന്നേറ്റം അനേകർക്ക് വെളിച്ചമാകട്ടെ. കെയ്റോസിന്റെ ആശംസകൾ.

ലേഖനം / അഡ്വ. ജോൺസൺ കെ. ജെ



**ജീസസ് യൂത്ത് മുന്നേറ്റത്തിന് ലഭിച്ച പൊന്തിഫിക്കൽ അംഗീകാരത്തിനുശേഷം കേരളത്തിലെ മുഴുവൻ ജീസസ് യൂത്തും ഒത്തുചേരുന്ന ആദ്യത്തെ കോൺഫറൻസ് ഈ ഓണാവധിക്കാലത്ത് നടക്കുന്നു. മുന്നേറ്റത്തിൽ ദൈവം നിക്ഷേപിച്ച നിധികളെ അതിന്റെ എല്ലാ നന്മയോടും പവിത്രതയോടും കൂടെ പരിപോഷിക്കാനും കൈമാറാനും പുത്തൻ ഊർജം നിറയ്ക്കുന്നതാകട്ടെ ഹൃദ്യമായ ഈ കൂടിച്ചേരൽ.**

# കൽഭരണികൾ നിറയുന്നത് നോക്കിക്കോ...

കഠിനമായ വേദനകളിലൂടെയും നിരന്തരമായ പ്രക്രിയയിലൂടെയും രൂപപ്പെടുന്നതാണ് വിലയേറിയ മുത്തുകൾ. അധ്വാനത്തിന്റെ മിച്ചവും ബോധപൂർവമായ ഉപേക്ഷകളുടെ ഫലങ്ങളുമാണ് നിക്ഷേപങ്ങൾ. ജീസസ് യൂത്ത് മുന്നേറ്റത്തിലെ നിധികളും നിക്ഷേപങ്ങളും നാളുകളിലൂടെ രൂപാന്തരപ്പെട്ടതും, അറിയപ്പെട്ടവരും അല്ലാത്തവരുമായ വ്യക്തികളുടെ പ്രേഷിതതീക്ഷ്ണതയിലൂടെയും ജീവിതശൈലിയിലൂടെയും വളർന്നുകൊണ്ടിരിക്കുന്നതുമാണ്. കരിസ്മാറ്റിക് ആധ്യാത്മികതയിലൂടെ ജന്മമെടുത്ത് സവിശേഷ സാഹചര്യങ്ങളിലൂടെ പടിപടിയായി വളർന്ന മുന്നേറ്റത്തിന്റെ നിധികൾ അതിന്റെ ശൈലികളും മനോഭാവങ്ങളുമാണ്. ഇവയിലൂടെ വ്യക്തിയുടെ രൂപവത്കരണവും സഭയുടെ വളർച്ചയും ജീസസ് യൂത്ത് മുന്നേറ്റം ലക്ഷ്യം വയ്ക്കുന്നു.

## ആനന്ദകരമായ ആധ്യാത്മികത

"നിങ്ങൾ എപ്പോഴും നമ്മുടെ കർത്താവിൽ സന്തോഷിക്കുവിൻ. ഞാൻ വീണ്ടും പറയുന്നു, നിങ്ങൾ സന്തോഷിക്കുവിൻ (ഫിലി 4:4). വ്യക്തിപരമായ ദൈവാനുഭവങ്ങളിലൂടെയാണ് അനുദിനം ജീസസ് യൂത്ത് നയിക്കപ്പെടുന്നത്. വ്യക്തിപരമായ പ്രാർഥനയിലൂടെയും, ദൈവവചന പഠനത്തിലൂടെയും, കൗദാശിക ജീവിതത്തിലൂടെയും അനുദിന മാനസാന്തരത്തിലൂടെയും ക്രിസ്തുവിലേയ്ക്കു വളരുവാനുള്ള നിരന്തര പരിശ്രമം നടക്കുന്നു.

ആനന്ദകരമായ ആധ്യാത്മികത ഈ മുന്നേറ്റത്തിന്റെ സവിശേഷ നിധിയാണ്. പ്രതിസന്ധികളിൽ ഹൃദയത്തിന്റെ അടിത്തട്ടിൽ അനുഭവിക്കുന്ന സമാധാനം, വ്യക്തിഹത്യയിലേക്കു നയിക്കാതെ വിയോജിപ്പുകൾ പ്രകടിപ്പിക്കൽ, വ്യക്തിപരമായ നഷ്ടങ്ങൾ ഉണ്ടാകുമെന്നറിഞ്ഞിട്ടും മൂല്യങ്ങളെ കൈവിടാതിരിക്കൽ, വേഷഭൂഷാദികൾ, വർഗ, വർണ, ഭാഷ എന്നിവയിൽ തളയ്ക്കപ്പെടാത്ത പ്രാർഥനാ ശൈലികൾ ഇവയെല്ലാം കാലഘട്ടങ്ങളിലൂടെ ദൈവം ചൊരിഞ്ഞ നിക്ഷേപങ്ങളാണ്. കരിസ്മാറ്റിക് ആധ്യാത്മിക ശൈലികൾ നവീകരിക്കുന്നതിനും ആനന്ദകരമാക്കുന്നതിനുമുള്ള നിരന്തര പരിശ്രമം മുന്നേറ്റം നടത്തുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ നവമായ അഭിഷേകം ദിവസവും സ്വീകരിക്കാനും ഫലങ്ങളിൽ ജീവിക്കുന്നതിനുള്ള സന്നദ്ധത ഇതിൽ പ്രധാനമാണ്. സഭയ്ക്കും സമൂഹത്തിനും വ്യക്തികളുടെ നവീകരണത്തിന് ത്യാഗം സഹിച്ചുള്ള മധ്യസ്ഥ പ്രാർഥനാശൈലി മുന്നേറ്റത്തിന്റെ നിക്ഷേപമാണ്.

## ഏറ്റവും നല്ലത് ദൈവത്തിന്

"സത്യമായി ഞാൻ നിങ്ങളോടു പറയുന്നു ഈ വിധവ മറ്റാരെയുംകാൾ കൂടുതൽ ഭണ്ഡാരത്തിൽ നിക്ഷേപിച്ചിരിക്കുന്നു" (മർക്കോ 12:43).

'നിങ്ങളുടെ പ്രോഗ്രാമുകളും, പ്രവർത്തനങ്ങളും മാധ്യമങ്ങളും എല്ലാം എത്ര മനോഹരമാണ്' ഈ അഭിപ്രായം പലപ്പോഴും കേൾക്കുന്നതാണ്. സമ്പത്തിനും, സാങ്കേതിക വൈദഗ്ധ്യത്തിനും ഉപരിയായ സ്ഥാനം ദൈവത്തിനു ജീസസ് യൂത്ത് കൊടുക്കുന്നുണ്ട്. കഴിവുകളുടെയും വൈദഗ്ധ്യങ്ങളുടെയും വൈശ്യ

ഷ്ടമായ ഒരംശം ദൈവത്തിനുവേണ്ടി നീക്കി വച്ചതു മൂലമാണ് സമൂഹത്തിലെ പല മേഖലകളിലും സുവിശേഷം മനോഹരമായി കൈമാറാൻ നമുക്കാവുന്നത്. സുവിശേഷ നിലപാടുകൾക്കുവേണ്ടി ഉപേക്ഷിച്ച ജോലിക്കു പകരമായി അതിലധികം വേതനം ലഭിക്കുന്ന സാഹചര്യങ്ങളും എളിയ സാഹചര്യങ്ങളിൽ നിന്ന് വലിയ സ്വാധീന മേഖലകളിലേക്ക് ചേക്കേറിയവരും ഉള്ളതിനാൽ ഏറ്റവും നല്ലത് ദൈവത്തിന് കൊടുത്തവരാണ്. മുന്നേറ്റത്തിനും ദൈവം ചൊരിഞ്ഞ മനോഹരമായ നിക്ഷേപമാണ് ഈ മനോഭാവം.

## തനിമയാർന്ന പ്രാർഥനാശൈലികൾ

വൈവിധ്യങ്ങളായ പ്രാർഥനാ ശൈലികളും യുവജനങ്ങൾക്കു പ്രചോദനപരമായ ആരാധനാ രീതികളും ജീസസ് യൂത്തിന്റെ തനിമയാണ്. ദൈവവചനം തന്നെ പലരീതിയിൽ പഠിക്കാനുള്ള ആവേശം, പ്രാർഥനകളിൽ ഗാനങ്ങൾക്കുള്ള പ്രാധാന്യം, വരദാനങ്ങളുടെ വിവേകപൂർണമായ ഉപയോഗം ഇവയൊക്കെ മുന്നേറ്റത്തിന്റെ ആദ്യനാളുതൊട്ടേ ഉള്ളതാണ്. ത്യാഗപൂർണമായ മധ്യസ്ഥപ്രാർഥനാ ശൈലികൾ വ്യക്തികളെ മുന്നേറ്റത്തിലേക്ക് അടുപ്പിക്കാനും സ്നേഹിക്കാനും സഹായകരമായിട്ടുണ്ട്. ഹൃദയസ്പർശിയായ, ജീവിതബന്ധിയായ സ്വയംപ്രേരിത പ്രാർഥനകളും കൗദാശിക ജീവിതത്തിന് കൊടുക്കുന്ന പ്രാമുഖ്യവും മുന്നേറ്റത്തിന് ദൈവം നല്കിയ നിക്ഷേപങ്ങളാണ്.

## സഭയോടുള്ള സ്നേഹം

അഗാധമായ സ്നേഹമാണ് ജീസസ് യൂത്തിന് സഭയോടുള്ളത്. സഭയുടെ വിവിധ മേഖലകളിൽ പ്രസന്നതയോടെ ക്രിയാത്മകമായി സേവനം ചെയ്യുന്നവർ ധാരാളം. സഭ സജീവമല്ലാത്തതും സാന്നിധ്യമില്ലാത്തതുമായ സ്ഥലങ്ങളിൽ സഭാവക്താക്കളായി മാറുന്ന ജീസസ് യൂത്തുകൾ ഏറെയുണ്ട്. മുന്നേറ്റത്തിലൂടെ വളർന്ന് സഭാസേവനങ്ങളിൽ പൗരോഹിത്യ സന്ന്യാസ വിളികൾ സ്വീകരിച്ചവരും അധികമുണ്ട്. സഭയുടെ പ്രബോധനങ്ങൾ പഠിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും



അതിനനുസൃതമായി ജീവിതശൈലി രൂപപ്പെടുത്തുന്നതിനുള്ള പ്രചോദനം മുന്നേറ്റത്തിൽ പ്രത്യക്ഷമാണ്. ഇടവക മുതൽ ആഗോള സഭാതലങ്ങളിൽവരെ സജീവമായ ജീസസ് യൂത്ത് സാന്നിധ്യം ഇതിനു തെളിവാണ്.

## കൂട്ടായ്മയിലെ ശക്തി

"ദൈവഭക്തന്റെ സൗഹൃദം സുദൃഢമാണ്. അവന്റെ സ്നേഹിതനും അവനെപ്പോലെ തന്നെ." മുന്നേറ്റത്തിലെ സവിശേഷമായ നിക്ഷേപമാണ് കൂട്ടായ്മ. ഈ സ്നേഹവലയത്തിൽ ആകുവാൻ മുന്നേറ്റം വ്യക്തികളെ പ്രചോദിപ്പിക്കുന്നു. പ്രാർഥനാ ഗ്രൂപ്പുകളും, സെൽഗ്രൂപ്പുകളും, ഹൗസ്ഹോൾഡുകളും മിനിസ്ട്രികളുമെല്ലാം ജീസസ് യൂത്തിന്റെ ശക്തിദുർഗങ്ങളാണ്. വളരുവാനും വളർത്തുവാനും, പഠിക്കുവാനും, പഠിപ്പിക്കുവാനും സഹോദരതുല്യമായ സ്നേഹബന്ധങ്ങൾ പണിതുയർത്തുവാനും, ഈ കൂട്ടായ്മകൾ സഹായിക്കുന്നു. ജീസസ് യൂത്തിന്റെ ഭവനങ്ങൾ ചെറുപ്പക്കാർക്ക് അവരുടെ വിശ്വാസപരിശീലനത്തിന് സഹായിക്കുന്നു. പ്രേഷിത പ്രവർത്തനത്തിന് ഈ കൂട്ടായ്മകളിൽ നിന്നാണ് പലരും പോകുന്നത്. കൂട്ടായ്മകൾ തമ്മിലുള്ള പരസ്പര ബന്ധവും സഖ്യവും ഒരേ ശരീരത്തിലെ അംഗങ്ങളാണ് തങ്ങളെന്ന ചിന്ത ഉണർത്തുന്നു.

## വളരുവാനും വളർത്തുവാനും

യുവജനങ്ങളുടെ വിശ്വാസ പരിശീലനത്തിനും ക്രിസ്തുകേന്ദ്രീയമായ ജീവിതശൈലി അവരിൽ വളർത്തുന്നതിനും മുന്നേറ്റം മുൻഗണന കൊടുക്കുന്നു. യുവജനങ്ങളോടൊപ്പമായിരുന്ന്, അവരുടെ ഭാഷയിൽ ശൈലിയിൽ സംവദിക്കാനും ആത്മീയ വളർച്ചയിൽ അവരെ സഹായിക്കാനും മുതിർന്ന അംഗങ്ങൾ കാണിക്കുന്ന ശ്രദ്ധ ആദ്യ നാളുകളിൽ തന്നെ രൂപപ്പെട്ടു വന്നിട്ടുള്ളതും ഇന്നും തുടരുന്നതുമാണ്.

## അടങ്ങാത്ത പ്രേഷിത തീക്ഷ്ണത

"നിങ്ങൾ ലോകമെങ്ങുംപോയി സകലസൃഷ്ടികളോടും സുവിശേഷം പങ്കുവയ്ക്കുവിൻ" എന്ന ക്രിസ്തുവചനം ഉള്ളിൽ സ്വീകരിച്ചവരാണ് ഓരോ ജീസസ് യൂത്തും.

ജീസസ് യൂത്ത് എന്നാൽ ഒരു പ്രേഷിതൻ ആയിരിക്കുക എന്നതാണ്. തങ്ങളുടെ ജോലിസ്ഥലങ്ങളിലും വാസസ്ഥലങ്ങളിലും സുവിശേഷം ജീവിച്ചു പ്രസംഗിക്കുന്നതോടൊപ്പം, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് പ്രേഷിത പ്രവർത്തനത്തിനു പോയിട്ടുള്ളവർ നിരവധിയാണ്. തങ്ങളുടെ കഴിവുകളും, സമ്പത്തും, വൈദഗ്ധ്യവും സാഹചര്യങ്ങളുമെല്ലാം പ്രേഷിത പ്രവർത്തനത്തിനുവേണ്ടി നീക്കി വയ്ക്കാനുള്ള സന്നദ്ധത മുന്നേറ്റത്തിന്റെ മുഖമുദ്രയാണ്. മൂവ്മെന്റിൽ മിനിസ്ട്രികൾ രൂപപ്പെട്ടിട്ടുള്ളതിന്റെ പ്രധാന ഘടകം, ക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിക്കാനുള്ള അടിസ്ഥാനപരമായ ആഗ്രഹത്തിൽ നിന്നാണ്. വർഷങ്ങളും മാസങ്ങളും ജീവിതം മുഴുവനും സുവിശേഷത്തിനായി, നീക്കിവച്ചിട്ടുള്ളവർ അനവധിയാണ്. ഈ പ്രേഷിത തീക്ഷ്ണത മുന്നേറ്റം ഇപ്പോഴും കൈമാറിക്കൊണ്ടിരിക്കുന്നു.

## കരം പിടിക്കുന്ന കാരുണ്യം

"മറ്റുള്ളവർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തട്ടെ." സമൂഹം പാർശ്വവത്കരിച്ചവരോടൊപ്പം പ്രതിഫലേച്ഛയില്ലാതെ ആയിരിക്കാൻ ഓരോ ജീസസ് യൂത്തും പ്രത്യേകം ശ്രദ്ധിക്കുന്നു. ആരാലും അറിയപ്പെടാതെയാണ് മുന്നേറ്റത്തിലെ കാരുണ്യ പ്രവർത്തനങ്ങൾ നടക്കുന്നത്. ഭവനനിർമാണം, വിവാഹസഹായം, വൈദ്യസഹായം, വിദ്യാഭ്യാസ സഹായം തുടങ്ങി വിവിധ മേഖലകളിൽ വ്യക്തികൾ ഒറ്റയ്ക്കും കൂട്ടായും യാതൊരു ആവശ്യപ്പെടലുകളും ഇല്ലാതെ പ്രവർത്തനനിരതമാകുന്നതും തെരുവോരങ്ങളിലെ കുട്ടികളെ സഹായിക്കാനും, അനാഥർക്ക് അഭയം നൽകാനുമൊക്കെ മുൻകൈ എടുക്കുന്ന ജീസസ് യൂത്തുകൾ അനവധിയാണ്. മുന്നേറ്റം അതിനെ നിരന്തരം പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു.

റൂഹായുടെ ചൈതന്യം മുന്നേറ്റത്തെ കൊണ്ടുനടക്കുകയാണ്. നാളിതുവരെയുള്ള വഴിത്താരയിൽ അനവധി നന്മകളാലും നിധികളാലും അത് സമ്പന്നമായി. ജീസസ് യൂത്ത് സഭയ്ക്കൊരു മുതൽക്കൂട്ടാണെന്ന് സഭാനേതൃത്വം അഭിമാനത്തോടെ കരുതുന്ന കാലമാണിത്. കടന്നുവന്ന വഴികളിലെ ദൈവപരിപാലന അടുത്തതലമുറയ്ക്കും പകരുവാനുള്ള നിയോഗത്തിൽനിന്ന് പിന്മാറാനാവില്ല. നമ്മെ നാമാക്കി രൂപപ്പെടുത്തിയ നിധികളും നിക്ഷേപങ്ങളും അതിന്റെ എല്ലാനന്മയോടും പവിത്രതയോടും പതിന്മടങ്ങ് ശോഭയോടും പിന്മുറക്കാർക്കായി നീക്കിവയ്ക്കാനുള്ള ഉത്തരവാദിത്വം എടുത്തു പറയേണ്ടതില്ലല്ലോ. ഓഗസ്റ്റിൽ നടക്കാൻ പോകുന്ന കോൺഫറൻസിന്റെ വേദി ഈയവസരത്തിൽ ഒരു തിരിഞ്ഞുനോട്ടത്തിന് നമുക്ക് സഹായകമാകും. ആത്മാവിന്റെ പ്രചോദനങ്ങൾക്കനുസൃതം ജീവിക്കുന്ന വിശുദ്ധസമൂഹത്തെ അത് സഭയ്ക്ക് തിരികെ നല്കട്ടെ.



ഇന്നലെ–ഇന്ന് / ഡോ. എഡ്വേർഡ് എടേഴത്ത്
edward.edezhath@gmail.com

# ജീസസ് യൂത്തും മറ്റു മുന്നേറ്റങ്ങളും – 1

ഫ്രാൻസിലെ തെയ്സെ സമൂഹവുമായി ജീസസ് യൂത്തിന് അടുത്തബന്ധം തുടങ്ങിയത് 1988 മുതലായിരുന്നു. അതിനു രണ്ടു വർഷം മുൻപ് ബോംബെയിൽ വച്ച് പരിചയപ്പെട്ടപ്പോൾ മുതൽ ബിഷപ്പ് തോമസ് മേനാംപറമ്പിൽ പിതാവിന്റെ വലിയ ആഗ്രഹമായിരുന്നു ഞാൻ തെയ്സേ സമൂഹത്തെ പരിചയപ്പെടണമെന്ന്. സഭകൾ തമ്മിലുള്ള ബന്ധത്തിന് ഊന്നൽ നല്കുന്ന മുന്നേറ്റം എന്ന് വിശേഷിപ്പിക്കപ്പെട്ടതുകൊണ്ട് അവിടെ പോകാൻ എനിക്ക് ആദ്യം വലിയ താത്പര്യമായിരുന്നു. എക്യുമെനിക്കൽ എന്നതെല്ലാം കുറച്ചെങ്കിലും സംശയത്തോടെ നോക്കിക്കാണുന്ന ഒരു പശ്ചാത്തലം കേരളത്തിലുണ്ടല്ലോ. പക്ഷേ, പിതാവിന്റെ തുടർപ്രേരണ '88–ൽ എന്നെ അവിടെ എത്തിച്ചു. തുടർന്ന് തെയ്സെ സമൂഹം എല്ലാവർഷവും രണ്ടു ജീസസ് യൂത്ത് അംഗങ്ങളെ അവിടേയ്ക്ക് ക്ഷണിക്കാൻ തുടങ്ങി. ജീസസ് യൂത്തിന്റെ ഏതാണ്ടെല്ലാ സമ്മേളനങ്ങളുടെയും അവശ്യചേരുവായായിത്തീർന്നിരിക്കുന്നു തെയ്സേ പ്രാർഥന. മാത്രമല്ല മറ്റനേകം മുന്നേറ്റങ്ങളെയും സമാന്തരസഭകളിലെ പല പ്രസ്ഥാനങ്ങളെയും സഹോദരതുല്യം അറിയാനും അവരുമായി സഹയാത്ര ചെയ്യാനും തെയ്സേ ഇടയാക്കുന്നു. ചുരുക്കത്തിൽ '88–ലെ ആ തുടക്കം ജീസസ് യൂത്തിന് ഒരു ചരിത്ര വഴിത്തിരിവായി. കരിസ്മാറ്റിക് നവീകരണത്തിലൊതുങ്ങുന്ന ഒരു യുവജനക്കൂട്ടായ്മയിൽ നിന്ന് പ്രവാചക ദർശനമുള്ള ഒരു കത്തോലിക്കാ മുന്നേറ്റമാക്കാൻ അതു സഹായകമായി.

എന്നാൽ തെയ്സെ മാത്രമല്ല ജീസസ് യൂത്ത് ചിന്തയെയും ശൈലിയെയും സ്വാധീനിക്കുകയും രൂപപ്പെടുത്തുകയും ചെയ്ത മുന്നേറ്റം. വളർച്ചാവഴികളിൽ പല സംഘടനകളുമായി കണ്ടുമുട്ടാനും, ഏറ്റുമുട്ടാനും, സഹകരിക്കാനും പരസ്പരം രൂപീകരണം നൽകാനും ഒക്കെ കഴിഞ്ഞകാലങ്ങളിൽ ഇടയായിട്ടുണ്ട്. അത് വേണ്ടരീതിയിൽ മനസ്സിലാക്കാനും അതിൽ നിന്നു നല്ല പാഠങ്ങൾ സ്വായത്തമാക്കാനും ഒരു തിരിഞ്ഞു നോട്ടം സഹായിക്കുമെന്നതിൽ സംശയമില്ല.

## ഫസ്റ്റ്ലൈൻ ഗ്രൂപ്പിലെ വിചിന്തനങ്ങൾ

നവീകരണ മേഖലയിലെ യുവജനങ്ങളുടെ ഒരു ശൃംഖല 1978 മുതൽ രൂപപ്പെട്ടെങ്കിലും ആ യുവജനനിരയുടെ ദർശനരൂപീകരണം നടന്നത് 1982 മുതൽ ഇടമുറിയാതെ മാസംതോറും ഒന്നിച്ചുചേർന്ന ഫസ്റ്റ്ലൈൻ കൂട്ടായ്മയിലായിരുന്നു. ആദ്യമാസങ്ങളിൽ എറണാകുളം വിദ്യാനികേതനിൽ മൂന്നാം വരാന്ത്യങ്ങളിൽ ഒത്തുചേർന്ന ആ സംസ്ഥാനതല സമിതി പിന്നീട് എറണാകുളം ചെമ്പുമുക്കിലെ സ്നേഹനിലയം സ്പെഷൽ സ്കൂളിൽ കൂടാൻ തുടങ്ങി. പതിന്നാലു സോണുകളിൽ ഒന്നിച്ചുകൂടുമായിരുന്ന യുവജന കൂട്ടായ്മകളുടെയും അവരുടെ വിവിധ പ്രവർത്തനങ്ങളുടെയും ശൈലിയും സമീപനങ്ങളും രൂപപ്പെടുത്തുകയായിരുന്നു. ആ തുടർ ചർച്ചകളിലെ ഒരു പ്രധാന വിഷയം നമ്മുടെ കൂട്ടായ്മയ്ക്ക് മറ്റു സംഘടനകളും പ്രസ്ഥാനങ്ങളുമായുള്ള ബന്ധമായിരുന്നു. ഇതൊരു താത്ത്വിക

വിഷയത്തെക്കാളുപരി ഞങ്ങൾ പ്രതിനിധീകരിച്ച ഗ്രൂപ്പുകൾ അഭിമുഖീകരിച്ച പ്രായോഗിക പ്രശ്ന ങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള അന്വേഷണ മായിരുന്നു.

അന്നത്തെ ഗ്രൂപ്പുകൾ പ്രധാനമായും രൂപീകൃതമായും പ്രവർത്തനങ്ങൾ നടത്തിയിരുന്നതും ഇടവകകളിലും കോളേജ് കാമ്പസുകളിലും ആയിരുന്നു. കെ.സി.വൈ. എം, സി.എൽ.സി എന്നീ പ്രസ്ഥാനങ്ങൾ അന്ന് ഇടവ കകളിൽ ഏറെ സജീവമായിരുന്നു. കോളേജുകളിൽ ഐക്കഫ് അല്ലെങ്കിൽ സി.എസ്.എം എന്ന കത്തോ ലിക്കാ പ്രസ്ഥാനവും. പെന്തക്കോസ്താ സഭാവിഭാ ഗങ്ങൾ നേതൃത്വം നൽകുന്ന കാമ്പസ് ക്രൂസേഡ്, ഐ.സി.പി.എഫ് എന്നീ മുന്നേറ്റങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചിരുന്നു. ഏറെ വ്യത്യ സ്തമായ വെല്ലുവിളികൾ ഈ ഓരോ സംഘടനയും ഉയർത്തിയത് ഞങ്ങളുടെ തുടർച്ചകൾക്ക് വിഷയമായി. ചില സമീപനങ്ങൾ രൂപപ്പെടാൻ ഇത് ഇടവരുത്തു കയും ചെയ്തു.

സഭയിലും സ്ഥാപനങ്ങളിലും ഔപചാരികമായി ആരംഭിച്ചു പ്രവർത്തന സജ്ജമായവയായിരുന്നു കെ.സി.വൈ.എം, സി.എസ്.എം എന്നീ സംഘടനകൾ. എന്നാൽ, ഞങ്ങളുടെ ഗ്രൂപ്പകളും പ്രവർത്തന ശൃഖ ലയും നല്ല ബന്ധങ്ങളിലൂന്നിയ മിഷൻ കാൽവയ്പു കളും അനൗപചാരിക ഗ്രൂപ്പുകളും ആയിരുന്നു. കത്തോലിക്കാ പഠനങ്ങളും സഭാസംവിധാനങ്ങളു മായി ഒന്നുചേരുന്ന പ്രവർത്തന ശൈലിയുമാണ് പെന്തക്കുസ്താപ്രസ്ഥാനങ്ങളുമായി ഞങ്ങളെ വ്യത്യ സ്തമാക്കിയത്. ഇപ്രകാരമുള്ള വ്യക്തതയ്ക്കു പുറമെ സഭയുടെ ഒഫിഷ്യൽ സംവിധാനങ്ങളും പ്രസ്ഥാന ങ്ങളുമായി ഒന്നിച്ചു പ്രവർത്തിക്കണം, കഴിയുന്നത്ര പേരും അവയുടെ ഭാഗമാകണം എന്ന ആഹ്വാനം താഴെക്കിടയിലേയ്ക്ക് പോകണം എന്ന നിർദേശവും ചർച്ചകളിൽ രൂപപ്പെട്ടു.

സഭയുടെ ഔപചാരിക പ്രസ്ഥാനങ്ങളെ പ്രവർത്തന സജ്ജമാക്കാൻ നമ്മൾ നടത്തുന്ന ശ്രമങ്ങൾ നല്ല സുവിശേഷവത്ക്കരണ സംരംഭങ്ങളാണെന്ന ചിന്ത അതില്ലെങ്കിൽ ഉണ്ടാക്കുന്ന മാത്സര്യ മനോഭാവം ഇല്ലാ താക്കും എന്നും ഒരു തിരിച്ചറിവുണ്ടായി. ഇതിന്റെ മറ്റൊരു വശവും ശ്രദ്ധയിൽപ്പെട്ടു. ഏറെ മിഷണറി ചൈതന്യത്തോടെ ഐക്കഫിൽ സജീവ നേതൃത്വം ഏറ്റെടുത്ത ബെന്നി എന്ന ചെറുപ്പക്കാരൻ ആ പുതിയ തിരക്കിനിടെ ജീസസ് യൂത്തുമായുള്ള ബന്ധം ഇല്ലാ താകുകയും വർഷങ്ങൾക്കുശേഷം ഈ മാതൃകൂട്ടാ യ്മയിൽ നിന്നു കിട്ടുമായിരുന്ന നല്ല രൂപീകരണവും ബന്ധങ്ങളും തനിക്ക് നഷ്ടമായിപ്പോയി എന്ന് പരിത പിക്കുന്നതും കേൾക്കാനിടയായി. ഇതിന്റെയെല്ലാം ഫലമായി മുന്നേറ്റത്തിലെ ബന്ധങ്ങളും പരിശീലന ങ്ങളും സ്വീകരിച്ചുകൊണ്ട് സഭയിലും അതിലെ പ്രധാന പ്രസ്ഥാനങ്ങളിലും സാന്നിധ്യമാകുന്ന ഒരു പ്രവർത്തന രീതി പ്രാത്സാഹിപ്പിക്കാൻ ഞങ്ങളുടെ ഇട യിൽ ധാരണയുണ്ടായി.

കുറച്ചു വർഷങ്ങൾക്കുശേഷം ജീസസ് യൂത്ത് എന്ന പേരും അനുബന്ധ സംവിധാനങ്ങളും ശൈലികളും രൂപപ്പെട്ടു വന്നപ്പോൾ കേരളത്തിലെ ചില രൂപതക ളിൽ നിന്ന് ഈ പ്രസ്ഥാനത്തെ രൂപതയിലെ 'ഒഫി ഷ്യൽ' യുവജന സംഘടനയായി അംഗീകരിച്ചു മുന്നോട്ടു കൊണ്ടുപോകാൻ ചില ചിന്തകളുണ്ടായി. തുടർ ചർച്ചകളിൽ ഒരു കാര്യം നമ്മുടെ ഭാഗത്തുനിന്ന് വ്യക്തമാക്കപ്പെട്ടു. അപ്രകാരമുള്ള ഒരു ഔപചാരിക സംഘടനയാകുകയല്ല ജീസസ് യൂത്തിന്റെ ഭാഗധേയം. അങ്ങനെ എല്ലാ യുവജനങ്ങളെയും ഉൾക്കൊള്ളേണ്ട ഒരു പ്രസ്ഥാനം അവരുടെ എല്ലാ വളർച്ചയും അവകാ ശങ്ങളും എല്ലാം ഉൾക്കൊള്ളണം. ജീസസ് യൂത്തിന് വ്യക്തവും പരിമിതവുമായ നവീകരണ ലക്ഷ്യങ്ങളാ ണുള്ളത്. എന്നാൽ ഔപചാരിക സംഘടനയെ ഒരു പ്രവാചക ബോധ്യത്തോടെ പിന്തുണയ്ക്കാനും സഹാ യിക്കാനും ജീസസ് യൂത്ത് ഉണ്ടാകണം. അതിനായി നമ്മുടെ ഭാഗത്തുനിന്ന് നിർദേശിച്ചത് ആ രൂപതയിൽ പ്രവർത്തിക്കുന്ന വിവിധ യുവജന പ്രസ്ഥാനങ്ങൾ ഒന്നിച്ചു വരുന്ന സംവാദ-സഹകരണ സംവിധാനങ്ങ ളാണ്. ചില രൂപതകളിൽ അപ്രകാരമുള്ള യുവജന അജപാലന സംവിധാനങ്ങൾ ഉണ്ടാകുകയും ജീസസ് യൂത്ത് അതിൽ സജീവ പങ്കാളിത്തം വഹിക്കുകയും ചെയ്തു.

രൂപതകൾ, ഇടവകകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ ജീസസ് യൂത്ത് സജീവമാകണം മറ്റുള്ള വരുമായി ബന്ധങ്ങൾ വിച്ഛേദിച്ച് "സ്വന്ത വിശുദ്ധി" മാത്രം കേന്ദ്രീകരിച്ച് മുന്നേറുന്ന കൂട്ടായ്മകളാകരുത് എന്ന ചിന്ത മുന്നേറ്റത്തിൽ വളർന്നു. എല്ലാ യുവജന ങ്ങളേയും മുന്നിൽ കണ്ടുള്ള രൂപതാ-ഇടവക നേതൃ ത്വത്തിന്റെ ശ്രമങ്ങളിൽ സജീവ പങ്കാളിത്തം ഉണ്ടാകു കയും മറ്റു പ്രസ്ഥാനങ്ങളെ ആഴപ്പെടുത്താനുള്ള പദ്ധതികളും പരിശീലനങ്ങളും നടത്താനും ജീസസ് യൂത്ത് അങ്ങനെ വിവിധ രീതികളിലും സ്ഥലങ്ങളിലും മുൻകൈയെടുത്തു. *(അടുത്ത ലക്കത്തിൽ തുടരും)*



കവർസ്റ്റോറി / ജോസഫ് ജോർജ്

# കളി ഒരു വല്ലാത്ത സ്പിരിറ്റാണ്

1998 ലോകകപ്പിൽ ബ്രസീലിന്റെ ഫുട്ബോൾ കളി കണ്ടപ്പോൾ വല്ലാത്തൊരു ആകർഷണം തോന്നി. ചെറുപ്പം മുതലേ ക്രിക്കറ്റ് കളിച്ചിരുന്ന ആ ബാലന്റെ ഹൃദയത്തിൽ ഫുട്ബോൾ ഒരു മായാത്ത മുദ്ര പതിപ്പിച്ചിരുന്നു. ലോകകപ്പ് ഫൈനലിൽ റൊണാൾഡോയും, റിവാൾഡോയും, റോബർച്ചോ കാർലോസുമൊക്കെയുണ്ടായിരുന്നിട്ടും, താരനിബിഢമായ ആ ബ്രസീൽ ടീം തോറ്റുപോയപ്പോൾ കൂടെക്കരഞ്ഞ ആ ബാലന്റെ ജീവിതത്തിൽ പിന്നീട് കളി ഒരു പ്രധാന ഘടകമായി മാറുകയായിരുന്നു.

കളിയല്ലിത് ജീവിതം എന്നു പറയുന്നവർക്ക് മറുപടിയായി കളിയിലൂടെയുള്ള എന്റെ ജിവിതമാണ് എനിക്ക് പറയാനുള്ളത്. വൈകുന്നേരങ്ങളിൽ പതിവായി ക്രിക്കറ്റോ ഫുട്ബോളോ കളിക്കുമായിരുന്നു. പഠിച്ചു തീർത്താൽ കളിക്കാൻ പോകാൻ പറ്റും എന്നുള്ളതിനാൽ പഠനത്തിലും ശ്രദ്ധ നഷ്ടപ്പെട്ടില്ല. ഒരു ദിവസം കളിക്കാൻ പറ്റിയില്ലെങ്കിൽ എന്തൊ ഒരു വലിയ കുറവുള്ളതായി തോന്നുമായിരുന്നു അക്കാലത്ത്. പൊതുവേ കുട്ടികൾ പഠിത്തത്തിനിടയ്ക്ക് ഒരു വിശ്രമത്തിനായി കളിക്കാനിറങ്ങുമ്പോൾ എനിക്കിഷ്ടം കളിച്ചു മടുക്കുമ്പോൾ നിറുത്തുന്നതായിരുന്നു. ക്രിക്കറ്റ്, ഫുട്ബോൾ, ബാഡ്മിന്റൺ, ബാസ്ക്കറ്റ്ബോൾ, വോളിബോൾ, കബഡി, ഖൊ-ഖൊ, അത്ലറ്റിക്സ്... അങ്ങനെ ചെറുപ്പത്തിൽ കളിക്കാത്ത കളികളില്ല. മേൽപറഞ്ഞ കളികളിലെല്ലാം സ്കൂൾ അല്ലെങ്കിൽ കോളേജ് ടീമിനെ പ്രതിനിധാനം ചെയ്ത് കളിക്കാൻ അവസരം കിട്ടിയിട്ടുണ്ട്. സ്കൂൾ, കോളേജ് വ്യത്യാസമില്ലാതെ ബുദ്ധിമുട്ടനുഭവിച്ച ഒരു കാര്യം പരീക്ഷാസമയത്ത് കൂടെക്കളിക്കാൻ ആളെക്കൂട്ടുക എന്നതായിരുന്നു.

എഞ്ചിനീയറിങ്ങിനു അഡ്മിഷൻ കിട്ടിയപ്പോൾ മെക്കാനിക്കൽ എടുക്കാതെ കമ്പ്യൂട്ടർ സയൻസ് എടുക്കാനുള്ള പ്രധാന കാരണം കളിക്കാൻ കൂടുതൽ സമയം കിട്ടുമെന്നത് തന്നെയായിരുന്നു. വർഷങ്ങൾക്കുശേഷം തിരിഞ്ഞുനോക്കുമ്പോൾ അത് ദൈവത്തിന്റെ ഒരു ഇടപെടലായിട്ടു തോന്നുന്നു. സോഫ്റ്റ്‌വെയർ എഞ്ചിനീയറിങ്ങും, ഇൻഫോസിസിലെ ജോലിയുമൊക്കെ നന്നായി വിശകലനം ചെയ്യാൻ എന്നെ പ്രാപ്തനാക്കി.

2013-ൽ ജോലി രാജിവച്ച് ഉപരിപഠനത്തിനു പോകാൻ തീരുമാനിച്ചപ്പോഴും അവിടെയും ഒരു ദൈവിക ഇടപെടൽ ഉണ്ടായിരുന്നു. നാട്ടിൽ അധികം കേട്ടറിവുപോലുമില്ലാത്ത സ്പോർട്സ് മാനേജുമെന്റ് തെരഞ്ഞെടുത്തപ്പോൾ പലരും നെറ്റി ചുളിക്കുകയും ഇവന് എന്തുപറ്റിയെന്ന് ചോദിക്കുകയുമുണ്ടായി. എൽഡറിന്റെ സഹായത്തോടെ പ്രാർഥിച്ചെടുത്ത ഒരു തീരുമാനമായിരുന്നു സ്പോർട്സ് മാനേജുമെന്റിൽ ബിരുദാനന്തരബിരുദം. പലരും ചോദ്യം ചെയ്തിട്ടുപോലും ആ തീരുമാനത്തെ മാതാപിതാക്കളും സഹോദരനും അംഗീകരിക്കുകയും ചെയ്തു.

ഉപരിപഠനത്തിനിടയിൽ ഉണ്ടായ ആദ്യത്തെ തിരിച്ചറിവ് സാമ്പത്തിക അന്തരമായിരുന്നു. ഒരു സോഫ്ട്‌വെയർ എഞ്ചിനീയറും സ്പോർട്സ് മാനേജുമെന്റുകാരനും

തമ്മിലുള്ള ആ വ്യത്യാസം എന്നെ പലപ്പോഴും ഇരുത്തി ചിന്തിപ്പിച്ചു. ക്യാമ്പസ് പ്ലേസ്മെന്റുകളിൽ ആദ്യത്തെ ചിന്ത ഈ ജോലി ഈ ശമ്പളത്തിൽ ചെയ്താൽ ആത്മ സംതൃപ്തി കിട്ടുമോ എന്നതായിരുന്നു. ജോലി തെര ഞ്ഞെടുത്തശേഷം വേണ്ടത്ര സന്തോഷം നല്കിയി ല്ലെങ്കിൽ, പിന്നീട് അത് ഉപേക്ഷിക്കേണ്ടി വരുമ്പോൾ അതുമൂലം മറ്റൊരാളുടെ അവസരം നിഷേധിക്കും എന്നുള്ളതിനാൽ ഏറ്റെടുക്കാൻ സാധ്യതയില്ലാത്ത ജോലി ഇന്റർവ്യൂവിൽ തന്നെ വേണ്ട എന്നു വയ്ക്കാനും അവ രോട് അത് പറയാനും ഞൊടിയിടയിൽ സാധിച്ചു.

ദൈവാനുഗ്രഹത്താൽ പഠനം കഴിഞ്ഞ് ഒരാഴ്ചയ്ക്കു ള്ളിൽ തന്നെ മുംബൈയിലെ ഒരു സ്പോർട്സ് സ്ഥാപ നത്തിൽ ജോലി കിട്ടി. പിന്നീട് ഇന്ത്യൻ സൂപ്പർ ലീഗ് (ISL) പ്രൊ കബഡി ലീഗ് (PKL) ഇന്ത്യൻ പ്രീമിയർ ലീഗ് (IPL) കബഡി ലോക കപ്പ് എന്നിങ്ങനെ പല പ്രൊജക്ടു കൾ എന്റെ നേതൃത്വത്തിലുള്ള ഡേറ്റ അനാലിസിസ് ടീമിനു കിട്ടുകയും അവിടെയൊക്കെ വിശകലനം നടത്തി ഇന്ത്യയിലെ പ്രമുഖരായ സ്പോർട്സ് വിദഗ്ധ രുമായും കമന്റേറ്റർമാരുമായും പഴയകാല കളിക്കാരു മായും നല്ലൊരു ബന്ധം സ്ഥാപിക്കാനും ഇടയായി, മൂന്നു വർഷത്തിനുശേഷം ആ ജോലിയിൽ നിന്നു വിടപറഞ്ഞപ്പോൾ ഇന്ത്യൻ സൂപ്പർ ലീഗ് 2017/18 സീസ ണിൽ മലയാളം കമന്ററി പറയാനുള്ള ഒരവസരം നഷ്ടപ്പെട്ടല്ലോ എന്നൊരു വിഷമമുണ്ടായിരുന്നു. പക്ഷേ, ദൈവപദ്ധതി മറ്റൊന്നായിരുന്നു, കഴിഞ്ഞ ആറു മാസത്തിനിടെ ഇന്ത്യയുടെ സൗത്ത് ആഫ്രിക്കൻ പര്യടനത്തിൽ ഹിന്ദി/ഇംഗ്ലീഷ് കമന്ററി ബോക്സിലും, കോമൺ വെൽത്ത് ഗെയിംസിലും, യുവേഫ ചാമ്പ്യൻസ് ലീഗ് മത്സരങ്ങളിലുമൊക്കെ ഒരു സ്റ്റാറ്റിസ്റ്റീഷ്യനായി ഞാനുമുണ്ടായിരുന്നു. പല കായിക വിഭാഗങ്ങളിൽ പ്രശസ്തരായ കമന്റേറ്റഴ്സിന്റെ അടുത്തിരുന്ന് അവ രുടെ രീതികളും ശൈലികളും നോക്കി മനസ്സിലാക്കു വാനും വിശകലനം ചെയ്യാനും സാധിച്ചു. 2018 ഫിഫ ലോക കപ്പിൽ കമന്ററി പറയാനുള്ള ആഗ്രഹം പ്രകടി പ്പിച്ചു. പിന്നീട് പ്രൊഡ്യൂസർ & കമന്റേറ്റർ എന്ന ഡബിൾറോൾ ഏറ്റെടുത്ത് രണ്ടു ജോലി ഒരേ സമയത്ത് ചെയ്യാൻ സാധിച്ചത് ദൈവകൃപ. ഇപ്പോഴും ജോലിത്തി രക്കിനിടയിലും വീട്ടിലെ കാര്യങ്ങൾ നോക്കുന്നതിനിട യിലും ആഴ്ചയിലൊരിക്കൽ കളത്തിലിറങ്ങി ഫുട്ബോൾ കളിക്കാനായി സമയം കണ്ടെത്തുന്നു.

ഇന്നത്തെക്കാലത്ത് കുട്ടികളെ കളിക്കളത്തിൽ കാണു ന്നത് അത്യപൂർവം. സ്കൂളും ട്യൂഷനുമൊക്കെ കഴി ഞ്ഞിട്ട് ഒരൽപം സമയം കിട്ടിയാൽ ടിവി കാണാനും കമ്പ്യൂട്ടറിലും മൊബൈൽ ഫോണിലും ഗെയിം കളിക്കാ നുമാണ് കുട്ടികൾക്കിഷ്ടം. എന്റെ കുട്ടിക്കാലത്തേക്ക് തിരിഞ്ഞുനോക്കുമ്പോൾ വിദ്യാലയങ്ങളെപ്പോലെ കളി ക്കളങ്ങളും ഒരു പാഠ്യ കളരിയായിരുന്നു.

ഒരു പാഠം പഠിച്ചുകഴിഞ്ഞാൽ കളിക്കാൻ പോകാം എന്ന ഒരു ലക്ഷ്യം മുന്നിൽ വച്ചപ്പോൾ പഠിക്കാൻ അതൊരു പ്രചോദനമായി. അച്ചടക്കവും കൃത്യനി ഷ്ടയും ചിട്ടകളും കുട്ടിക്കാലത്തിൽ അനിവാര്യമായി മാറി. വ്യക്തിഗത മികവിനോടൊപ്പം ടീം വർക്കും കൂടി ചേരുമ്പോൾ വിജയത്തിലേക്കുള്ള വഴി അനായാസ മായി. പെനാൽട്ടിയെടുക്കാനായി തയ്യാറെടുക്കു മ്പോഴുള്ള ഫോക്കസ് പിന്നീട് പല ഘട്ടങ്ങളിലും ഗുണം ചെയ്തു. വിജയ പരാജയങ്ങൾ മാറിമറിഞ്ഞ കളിക്കളങ്ങൾ എന്തിനെയും നേരിടാൻ പ്രാപ്തനാക്കി.

മാതാപിതാക്കൾക്ക് ജോലി സംബന്ധമായി സ്ഥലം മാറ്റം കിട്ടിയപ്പോൾ, പുതിയ ഒരു സ്ഥലത്ത് ഒരു സമൂ ഹത്തിൽ അംഗമാകാനും അവരുടെ കൂട്ടായ്മയിൽ ചേരാനും എളുപ്പമായതിനും കാരണം ഈ കായിക ബന്ധം തന്നെ. സംഘടനയുടെ ഭാഗമാകാനും ഉത്ത രവാദിത്വങ്ങൾ ഏറ്റെടുത്ത് നേതൃനിരയിലേയ്ക്ക് കടന്നു വരുവാനും കളിക്കളങ്ങൾ അടിത്തറ പാകി. മുതിർന്ന കുട്ടികൾക്കെതിരെ കളിക്കാനുള്ള അവസരം കിട്ടിയപ്പോൾ ധൈര്യം കിട്ടി എന്നു മാത്രമല്ല കിട്ടുന്ന അവസരം വിനിയോഗിക്കണം എന്ന പാഠം പഠിക്കാ നുമായി. ടീമിന്റെയും കളിക്കാരുടെയും ശക്തിയും ദൗർബല്യങ്ങളും തിരിച്ചറിഞ്ഞു തന്ത്രങ്ങൾ മെനയാൻ ചെറുപ്പത്തിലെ പഠിച്ചു. ജീവിതത്തിൽ ഏതൊരു സാഹ ചര്യവും നേരിടാനും എന്തു വലിയ റിസ്കു എടുക്കാനും പ്രാപ്തനാക്കുന്നതിൽ കളിക്കളങ്ങൾ വലിയൊരു പങ്കുവഹിച്ചു എന്ന് പറയുന്നതാണ് എനിക്കിഷ്ടം.

ആദ്യമായി കമന്ററി പറഞ്ഞു തിരിച്ചു വീട്ടിലെത്തിയ പ്പോൾ 10 മാസം പ്രായമായ ഞങ്ങളുടെ കുഞ്ഞുവാവ അതു കേട്ടുകൊണ്ട് ഫുട്ബോൾ കളിക്കുന്ന വീഡിയോ ഭാര്യ കാണിച്ചു തന്നതും കളിയിലൂടെയുള്ള ഈ ജീവിതത്തിനിടയിൽ കിട്ടിയ മറ്റൊരു സമ്മാനം.



മിഷൻ ഡയറി / ദീപാഞ്ജലി സി ഞാവള്ളിൽ

# 'ചലോ' വെറും കുട്ടിക്കളിയല്ല

ജീസസ് യൂത്ത് ടീൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തുന്ന 'ചലോ മധ്യപ്രദേശ്' എന്ന മിഷൻ പ്രോഗ്രാമിനെക്കുറിച്ച് അറിഞ്ഞപ്പോൾ ഒരു മാസം മുഴുവൻ വീട്ടിൽ വെറുതെ ഇരുന്നതിന്റെ മടുപ്പ് തീർക്കാനായി പോകാൻ തീരുമാനിച്ചു. രണ്ടാഴ്ചയോളം മധ്യപ്രദേശിലെ വിവിധ ഗ്രാമങ്ങളിൽ ആയിരിക്കുമെന്നും 8, 9, 10 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന ഇൻഡ്യയുടെതന്നെ പല ഭാഗങ്ങളിൽ നിന്നും ഉള്ളവർ കാണുമെന്നും അറിഞ്ഞതോടെ ഉള്ളിൽ ചെറിയൊരു ഭയം തോന്നി. എന്നിരുന്നാലും പോകാൻ തന്നെ തീരുമാനിച്ചു. അങ്ങനെ മേയ് മാസം 5-ാം തീയതി. ഒരു സിസ്റ്ററുൾപ്പെടെ 10 പേരടങ്ങുന്ന സംഘം യാത്ര തിരിച്ചു. ട്രെയിനിലും മറ്റും വാഹനങ്ങളിലും ഒക്കെ ദീർഘദൂരം യാത്ര ചെയ്യേണ്ടി വന്നപ്പോഴൊക്കെ ഇതുവരെ അനുഭവിക്കേണ്ടി വന്നിട്ടില്ലാത്ത പല ബുദ്ധിമുട്ടുകളും സഹിക്കേണ്ടി വന്നു. അസഹ്യമായ ചൂടും വെള്ളം കിട്ടാതെവന്ന സാഹചര്യവുമൊക്കെ ദൈവകൃപയാൽ തരണം ചെയ്യാൻ സാധിച്ചു.

മേയ് 7-ാം തീയതി ഉച്ചയോടെ ഞങ്ങൾ സി.എം.ഐ. അച്ചന്മാരുടെ ഒരാശ്രമത്തിൽ എത്തി. അവിടെ തെലുങ്കാന, ഛത്തീസ്ഗഡ്, കർണാടക, നാഗ്പൂർ എന്നീ സംസ്ഥാനങ്ങളിൽ നിന്നും വന്നിട്ടുള്ള കുട്ടികളും ലീഡേഴ്സും അടങ്ങുന്ന 10 പേരും, കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു വന്ന 16 പേരും അടങ്ങുന്ന സംഘമായിരുന്നു ഞങ്ങളുടേത്. പിന്നീടുള്ള ദിവസങ്ങൾ അവർ ഞങ്ങളെ മിഷനുവേണ്ടി ഒരുക്കുകയായിരുന്നു. മിഷൻ എന്നാൽ 'സുവിശേഷ പ്രഘോഷണം' മാത്രമാണ് എന്ന ചിന്താഗതിയിൽ നിന്ന് ലീഡേഴ്സും അച്ചന്മാരും ഞങ്ങളെ മാറ്റിയെടുത്തു. ഓരോരുത്തരുടെയും ആത്മീയ ജീവിതത്തെ ആഴപ്പെടുത്തുവാനും കഴിവുകളെ കണ്ടെത്താനും വിവിധ പ്രവർത്തനങ്ങളിലൂടെ പരസ്പരം അറിയാനും, പങ്കുവയ്ക്കാനും ആ ഒരാഴ്ചക്കാലം ഞങ്ങൾക്ക് സാധിച്ചു. ചിരിച്ചും കളിച്ചും നടന്ന ആ ദിവസങ്ങളിൽ ഞങ്ങളിൽ ആരും തന്നെ ഞങ്ങളുടെ വീട്ടുകാരെ മിസ് ചെയ്തില്ല എന്നതാണ് സത്യം.

കുട്ടികളായ ഞങ്ങൾക്ക് വെറുമൊരു പുഞ്ചിരിയിലൂടെ പോലും  ഈശോയ്ക്ക് സാക്ഷ്യം വഹിക്കാൻ സാധിക്കുമെന്ന് വിവിധ ക്ലാസ്സുകൾ നയിച്ച ലീഡേഴ്സിലൂടെ ഞങ്ങൾക്ക് ബോധ്യമായി. പാട്ടുകൾ പാടിയും നൃത്തം വച്ചുമെല്ലാം കർത്താവിൽ ആനന്ദിച്ച ദിനങ്ങളായിരുന്നു അത്. ഒരാഴ്ചയിലെ ധ്യാനത്തിനും പരിശീലനത്തിനും ശേഷം കഴിഞ്ഞ ദിവസങ്ങളിൽ കണ്ടതും, കേട്ടതുമായ കാര്യങ്ങൾ നേരിട്ടറിയാനായി ജബൽപൂരി നടുത്തുള്ള സ്ഥലത്ത് വിവിധ സ്ഥലങ്ങളിലേക്ക് ഗ്രൂപ്പുകളായി തിരിഞ്ഞ് വില്ലേജ് സന്ദർശനത്തിനായി പോയി. ഇതുവരെ ഒരു ഗ്രാമം നേരിട്ടുപോലും കണ്ടിട്ടില്ലാത്ത ഞങ്ങൾക്ക് മൂന്നു ദിവസം അവിടെ താമസിക്കുക എന്നത് ചിന്തിക്കാൻ പോലും കഴിയാത്ത, ഒപ്പം തന്നെ ആകാംക്ഷ നിറഞ്ഞ ദിവസങ്ങളായിരുന്നു. പൊടിക്കാറ്റും, ഉണക്കമരങ്ങളുമുള്ള ഗ്രാമങ്ങളിലേയ്ക്ക് ഞങ്ങൾ പോകുമ്പോൾ ഞങ്ങൾക്ക് അറിഞ്ഞു

കൂടായിരുന്നു ഓരോ ഗ്രാമവും വ്യത്യസ്ത അനുഭവങ്ങൾ ഞങ്ങൾക്ക് സമ്മാനിക്കുമെന്ന്. ഞാൻ അടങ്ങിയ എന്റെ ഗ്രൂപ്പ് 'പിൻട്റി' എന്ന ഗ്രാമത്തിൽ എത്തിച്ചേർന്നപ്പോൾ അവിടത്തെ ആൾക്കാർക്കെല്ലാം ഒരു അമ്പരപ്പായിരുന്നു മുഖത്ത്. ആ ഗ്രാമവാസികൾ വളരെ സ്നേഹത്തോടെയാണ് ഞങ്ങളോട് പെരുമാറിയത്.

അന്ന് വൈകുന്നേരം തന്നെ അവിടത്തെ കുട്ടികളെയെല്ലാം വിളിച്ചുകൂട്ടുകയും അവരെ കുറെ നല്ല ആക്ഷൻ സോങ്ങുകൾ പഠിപ്പിക്കുവാനും സാധിച്ചു. പേടിച്ചു നിന്ന, ഹിന്ദി ഭാഷ ഒട്ടുമറിയാതെ ഞങ്ങളിൽ കുറച്ചു പേർ അന്നുതന്നെ അവിടത്തെ എല്ലാം ജനങ്ങളേയും പരിചയപ്പെടുകയും എല്ലാവരുമായി നല്ല സൗഹൃദത്തിലാവുകയും ചെയ്തു. നാട്ടിൽ തിരിച്ചെത്തിക്കഴിഞ്ഞ്, ഇക്കഴിഞ്ഞ ദിവസം അവിടെ നിന്നും ഒരു പെൺകുട്ടി ഇങ്ങോട്ട് ഫോൺ വിളിച്ചിരുന്നു. അവർ എത്രമാത്രം ഞങ്ങളെ സ്നേഹിച്ചിരുന്നു എന്നതിന്റെ തെളിവാണത്.


എന്നാൽ ഞങ്ങളെയെല്ലാം അത്ഭുതപ്പെടുത്തിയത് അവിടുത്തെ 'പ്രമീള' എന്ന പെൺകുട്ടിയാണ്. അവൾ ഈശോയുടെ ജനനം മുതൽ സ്വർഗാരോഹണം വരെയുള്ള സംഭവങ്ങൾ ഞങ്ങളെ പറഞ്ഞു കേൾപ്പിച്ചു. അതുപോലെതന്നെ കൊന്ത ചൊല്ലാനും ബൈബിൾ വായിക്കാനുമൊക്കെ അവൾ ആഗ്രഹം പ്രകടിപ്പിക്കുകയും വളരെ അഭിമാനത്തോടെ അവൾക്ക് ഞങ്ങൾ കാണിച്ചു കൊടുക്കുകയും ചെയ്തു. ഒരു ഹൈന്ദവ പെൺ കുട്ടിയായ അവൾക്ക് ഇതെങ്ങനെ കഴിയുമെന്നത് ഞങ്ങൾക്ക് അത്ഭുതമായിരുന്നു.

അവളുടെ ആഗ്രഹപ്രകാരം ഒരു ഹിന്ദി ബൈബിൾ സമ്മാനിച്ചിട്ടാണ് ഞങ്ങൾ മടങ്ങിയത്. രണ്ട് ദിവസം പിന്നിട്ടപ്പോൾ അവർ ഞങ്ങളുടെ ഒരുമിച്ചുള്ള പ്രാർഥനകളും പ്രെയ്സ് ആന്റ് വർഷിപ്പുകളുമൊക്കെ നിരീക്ഷിക്കുകയും ഞങ്ങളോട് ക്രിസ്ത്യാനികളെപ്പറ്റിയും ഈശോയെപ്പറ്റിയും ചോദിക്കുവാനും തുടങ്ങി. അത് ദൈവം ഞങ്ങൾക്കായി പ്രത്യേകമായി ഒരുക്കിത്തന്ന നിമിഷങ്ങളായിരുന്നു. അതിനുശേഷം പല ഭവനങ്ങളിലും അവരുടെ വീടുകളിൽ പ്രാർഥിക്കുവാനും അവരോടൊപ്പം ഭക്ഷണം കഴിക്കാനുമൊക്കെ ക്ഷണിച്ചു. ആ മൂന്ന് ദിവസം അവരോടൊപ്പം താമസിച്ചും അവർ നല്കിയ ഭക്ഷണം കഴിച്ചും വളരെ പരിമിതമായ സാഹചര്യങ്ങളിൽ അവിടത്തെ സഹോദരങ്ങളോടൊപ്പം കഴിയാൻ സാധിച്ചു. തിരികെ പോന്നപ്പോൾ പല ദീദിമാരും കരഞ്ഞുകൊണ്ടാണ് യാത്രയാക്കിയത്. വീണ്ടും വരണമെന്നും അവരെ കാണണമെന്നും ഉറപ്പുവാങ്ങിയശേഷമാണ് അവർ ഞങ്ങളെ വിട്ടത്.

ഗ്രാമങ്ങളിൽ നിന്നും തിരിച്ചെത്തിയ ഞങ്ങൾക്ക് എല്ലാവരോടും വിശേഷങ്ങൾ പറയാൻ നൂറ് നാവായിരുന്നു. ഹൈന്ദവ ഗ്രാമങ്ങളുടെ നടുവിൽ നിന്ന് ഈശോയെ സ്തുതിക്കുവാനും കൊന്ത ചൊല്ലുവാനും അതുപോലെ ആറു കിലോമീറ്റർ നടന്ന് വി.കുർബാന കൂടിയതും 'തേള്' കടി കൊള്ളേണ്ടി വന്നതുമൊക്കെ അമ്പരപ്പ് നിറച്ച കാര്യങ്ങളായിരുന്നു.

19-ാം തീയതി തിരിച്ച് നാട്ടിലേക്ക് പോകുമ്പോൾ എല്ലാവരുടെയും കണ്ണുകൾ ഈറനണിഞ്ഞിരുന്നു. എങ്കിലും ഇനിയും മിഷനിലേക്ക് അനേകം കുട്ടികളെയും യുവജനങ്ങളെയും കൂട്ടി കൊണ്ടുപോകുവാനുള്ള, അതിലുപരി ഇനിയും അനേകം മിഷനുകളുടെ ഭാഗമാകാനുള്ള ഒരാഗ്രഹം മനസ്സിൽ ഉണർത്തിക്കൊണ്ടാണ് എല്ലാവരും ഈ യാത്ര അവസാനിപ്പിച്ചത്.

"വിളവധികം; വേലക്കാരോ ചുരുക്കം അതിനാൽ, തൻെറ വിളഭൂമിയിലേക്കു വേലക്കാരെ അയയ്ക്കാൻ വിളവിൻെറ നാഥനോടു പ്രാർഥിക്കുവിൻ" (മത്താ 9:37-38).



ഗ്രേയ്സ് എൽസ ജോൺസൺ

# അടുത്തുകണ്ട മരണം

മറ്റൊരു സംഭവം ഇതാണ്: വില്ലേജിലെ രണ്ടാം ദിവസം ഒരു അമ്മൂമ്മയ്ക്ക് അസുഖമാണെന്ന് ഞങ്ങൾ അറിഞ്ഞു. ദീപചേച്ചിയും സിസ്റ്ററും ഞാനും ആ അമ്മൂമ്മയെ കാണാൻ പോയി. സിസ്റ്റർ ഒരു ഹിന്ദി ടീച്ചറാണ്. ഞങ്ങൾ ആ വീട്ടിൽ ചെന്നപ്പോൾ ആ അമ്മൂമ്മയ്ക്ക് പനിയാണെന്നും രണ്ട് ദിവസമായി ഭക്ഷണംകഴിച്ചിട്ടില്ലെന്നും അറിഞ്ഞു. അമ്മൂമ്മയ്ക്ക് ചുറ്റും കുറേ ചേച്ചിമാർ ഉണ്ടായിരുന്നു. സിസ്റ്റർ അവരോട് കാര്യങ്ങൾ തിരക്കി. അവിടത്തെ വീട്ടുകാർ ഇതിനിടയിലും ആതിഥ്യമര്യാദ ഒട്ടും കുറച്ചില്ല. ഞങ്ങൾക്ക് കഴിക്കാനൊക്കെ അവർ തന്നു. അവസാനമായപ്പോൾ സിസ്റ്ററും ഞങ്ങളും പ്രാർഥിക്കാനുള്ള അനുവാദം ചോദിച്ചു. ഞങ്ങൾ ആ അമ്മൂമ്മയ്ക്ക് വേണ്ടി മുട്ടുകുത്തി പ്രാർഥിച്ചു.

അതിനുശേഷം ഒരു മൂന്നു-നാല് മണിക്കൂർ കഴിഞ്ഞ് അമ്മൂമ്മ മരിച്ചു. അങ്ങനെ ആ അമ്മൂമ്മയ്ക്ക് സുഖമരണം ലഭിക്കുവാൻ ഞങ്ങളെയും ദൈവം ഉപയോഗിച്ചു. രാത്രി ഞങ്ങൾ അമ്മൂമ്മയുടെ ആത്മശാന്തിയ്ക്കായി ആ ഗ്രാമത്തിനു നടുവിൽ വട്ടം കൂടി നിന്ന് പ്രാർഥിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു.

# JESUS YOUTH

## MONTHLY REFLECTION
## AUGUST 2018




### വിചിന്തനം

പരിശുദ്ധ ത്രിത്വവുമായുള്ള ഐക്യവും അവിടത്തെ ഗാഢമായസ്നേഹവും അനുഭവിച്ചറിയാതെ സുവിശേഷവത്ക്കരണം ഫലപ്രദമായി നിർവഹിക്കാൻ നമുക്ക് സാധിക്കുകയില്ല. വി.പൗലോസിനെപ്പോലെ "അവിടത്തെ സ്നേഹം എന്നെ നിർബന്ധിക്കുന്നു" (2 കോറി 5:14) എന്നും "സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം" (1 കോറി 9:16) എന്നും ഉറക്കെ പ്രഖ്യാപിക്കാൻ ഈ അനുഭവം നമുക്ക് കരുത്ത് പകരുന്നു. ഈ തേങ്ങലിന് നമ്മുടെയുള്ളിൽ നിന്ന് ഉയരുന്ന പ്രത്യുത്തരമാണ് സുവിശേഷ പ്രഘോഷണം. പോൾ ആറാമൻ മാർപാപ്പ സുവിശേഷ പ്രഘോഷണം എന്താണെന്നതിനെക്കുറിച്ച് ഇങ്ങനെ വിശദീകരിക്കുന്നു: ദൈവപുത്രനായ നസ്രായേൽക്കാരൻ യേശുവിന്റെ നാമവും ജീവിതവും പ്രബോധനവും വാഗ്ദാനങ്ങളും ദൈവരാജ്യരഹസ്യങ്ങളും പ്രഘോഷിക്കപ്പെടുന്നില്ലെങ്കിൽ യഥാർഥ സുവിശേഷപ്രഘോഷണം സംഭവിക്കുന്നില്ല (ഇവാൻജലി ന്യൂൻഷിയാന്റി, 1975).

യേശു ജീവിച്ചത് മനുഷ്യവംശത്തെ തന്റെ പിതാവിന്റെ ആശ്ലേഷത്തിൽ എത്തിക്കണമെന്ന ഏകലക്ഷ്യത്തോടെ ആയിരുന്നു. ആത്മാവു നല്കിയ സംപൂർണ ഊർജത്തോടെ അതിനായി അവിടന്ന് അധ്വാനിച്ചു. തന്റെ ഉത്ഥാനത്തിനു ശേഷം നാല്പതു ദിവസങ്ങളോളം ദൈവരാജ്യത്തിന്റെ സത്തയെപ്പറ്റി അവിടന്ന് തന്റെ ശിഷ്യരെ ഉദ്ബുദ്ധരാക്കി (അപ്പ 1:3). അങ്ങനെയുള്ള ഒരു കൂടിക്കാഴ്ചയിലാണ് താൻ പിതാവിൽ നിന്ന് സ്വീകരിച്ച ദൗത്യം തന്റെ ശിഷ്യരെ ഏല്പിക്കുന്നത്: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇത് പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ (യോഹ 20: 21-22). ഈ ദൗത്യം അവരുടെ ഹൃദയങ്ങളിൽ ആവഹിക്കുവാനും പീഡനങ്ങളുടെയും പരീക്ഷണങ്ങളുടെയും ഇടയിലും സധൈര്യം വചനം പ്രഘോഷിക്കുവാനും അവരെ പ്രാപ്തരാക്കിയത് പന്തക്കുസ്താ അനുഭവമാണെന്ന് നമുക്കറിയാമല്ലോ. പ്രതികൂല സാഹചര്യങ്ങൾ മലപോലെ അവർക്കെതിരെ ഉണ്ടായിരുന്നു. പരിമിതമായ അംഗസംഖ്യ, യഹൂദ നേതാക്കളുടെ ശക്തമായ

*Prepared by the **Jesus Youth International Formation Team.** Email: formation@jesusyouth.org*

പ്രതിരോധം, അവരുടെതന്നെ പാമരത്വം, അപ്രധാനവും സ്വാധീനമില്ലാത്തതുമായ അവരുടെ സാഹചര്യം ഇതൊക്കെയായിട്ടും ക്രിസ്തുവിന്റെ സ്നേഹം അവരെ മുന്നോട്ടുന യിച്ചു. അവർ സുവിശേഷത്തെ സ്നേഹിച്ചു, അത് ജീവിക്കുകയും പ്രഘോഷിക്കുകയും ചെയ്തു ബാക്കിയെല്ലാം പരിശുദ്ധാത്മാവ് നിർവഹിച്ചു.

ആ ദൗത്യം ഇന്ന് നിങ്ങളുടെ കൈകളിലാണ്. ഏകാന്തതയ്ക്ക്, ദുരിതത്തിന്, ഹീനതാ ഭാവത്തിന്, അർഥരാഹിത്യത്തിന് ഒരു തരത്തിൽ മരണത്തിനു തന്നെയുള്ള പ്രതിവിധി നിങ്ങളുടെ കൈകളിലാണ്. മനുഷ്യന്റെ അസന്തോഷത്തിന്റെ പ്രതിവിധി അതുതന്നെയാണ്. അർബുദരോഗത്തിനുള്ള ഒറ്റമൂലി നിങ്ങളുടെ കൈവശമുണ്ടെങ്കിൽ അത് നിങ്ങൾ രഹസ്യമായി വയ്ക്കുമോ? സകല ദുരിതങ്ങൾക്കുമുള്ള സംപൂർണ പ്രതിവിധിയും യേശുവാണെന്ന് നിങ്ങൾക്ക് എത്രമാത്രം ബോധ്യപ്പെട്ടിട്ടുണ്ട്? ഈ ഉറച്ച ബോധ്യത്തിൽ ആഴപ്പെടുന്നതിന് പരിശുദ്ധാത്മാവിനോട് തീവ്രമായി പ്രാർഥിക്കുവാൻ നിങ്ങൾക്ക് സാധിക്കുമോ? സ്വർഗീയ പിതാവ് മനുഷ്യരെ നിരുപാധികം സ്നേഹിക്കുന്നുവെന്നും അവർക്കു പകരം കുരിശിൽ മരിച്ചുകൊണ്ട് സകല ദുരിതങ്ങളിൽ നിന്നും യേശു അവരെ രക്ഷിച്ചുകഴിഞ്ഞു എന്നും പരിശുദ്ധാത്മാവിനോട് വഴങ്ങി ജീവിക്കുന്നതിലൂടെ വിജയകരമായി ജീവിക്കാനുള്ള ശക്തി അവർക്ക് ലഭിക്കുമെന്നും ലോകം അറിയേണ്ടിയിരിക്കുന്നു. എന്നാൽ ഇത് തീവ്രതയോടെ, ബോധ്യത്തോടെ അവർക്ക് ഗ്രഹിക്കാവുന്ന ഭാഷയിൽ അവതരിപ്പിക്കുന്നതിന് പ്രസക്തമായ രീതികളും പ്രകടനങ്ങളും രൂപപ്പെടുത്തേണ്ടതുണ്ട്.

നിങ്ങളുടെ ജീവിതത്തിലെ ആനന്ദവും ലാളിത്യവും പരിശുദ്ധിയുമായിരിക്കും കെറിഗ്മയുടെ ആധികാരികമായ സന്ദേശം ഉയർത്തിക്കാണിക്കുന്നതിനുള്ള നിങ്ങളുടെ അടിസ്ഥാനം. കൊൽക്കത്തയിലെ വി. തെരേസ ഇങ്ങനെ പറയുന്നു: "ആത്മാക്കളെ വീശിപ്പിടിക്കാനുള്ള സ്നേഹവല ആനന്ദമാണ്." എന്നാൽ സാക്ഷ്യം ഒന്നുകൊണ്ട് മാത്രം അത് പൂർത്തിയാകുന്നില്ല. 'ഇവാൻജലി ന്യൂൻഷിയാറ്റി (1974)' ഇങ്ങനെ പഠിപ്പിക്കുന്നു: "സാക്ഷ്യം അതിൽത്തന്നെ പൂർണത നൽകുന്നില്ല. മുന്നോട്ടുള്ള ജീവിതത്തിൽ അത് വിശദമാക്കിയും തെളിയിക്കപ്പെട്ടും നടക്കുന്നില്ലെങ്കിൽ യേശുവിനെ അസന്ദിഗ്ധമായ തരത്തിൽ പ്രഘോഷിക്കുന്നതിന് കേവലം സാക്ഷ്യം അപര്യാപ്തമായിത്തീരും."

ഒരു അഗ്നിജ്വാലയാണ് സുവിശേഷം. അത് അനുഭവവേദ്യമായ ഒരാൾക്ക് തനിക്കായിത്തന്നെ അത് വച്ചുകൊണ്ടിരിക്കാൻ സാധിക്കില്ല. അയാൾക്ക് മറ്റുള്ളവരോടു പങ്കുവയ്ക്കുന്നതിനുള്ള സ്വാഭാവികമായ ഒരു തള്ളൽ അനുഭവപ്പെട്ടുകൊണ്ടിരിക്കും. ഈ താത്പര്യം കർത്താവിനെ പകർന്നുകൊടുക്കുന്നതിനുള്ള വിശപ്പും ദാഹവുമായിട്ടു മാറണം. (വി.ജോൺ പോൾ II). അതിനുള്ള ആഗ്രഹം മാത്രം പോരാ. അതിനുള്ള ധൈര്യവും ഉണ്ടാകണം. "നമുക്ക് ലഭിച്ചത് മറ്റുള്ളവർക്കുകൂടി നൽകുന്നതിന് പുറത്തേക്കിറങ്ങുന്നതിനുള്ള ധൈര്യം ആവശ്യമാണ്; ഇതാകട്ടെ പ്രാർഥനയിലൂടെ മാത്രമാണ് നമുക്ക് ലഭിക്കുന്നത് (ഫ്രാൻസിസ് മാർപാപ്പാ).

പ്രാർഥനയിലൂടെ ശക്തി പ്രാപിച്ച് യേശുവിനെ പങ്കുവച്ചു നൽകാൻ നിങ്ങൾക്ക് വിശപ്പും ദാഹവും ഉണ്ടാകുമോ? നിങ്ങൾക്കുള്ള സകലതും അതിശ്രേഷ്ഠമായ ഈ കല്പന നിർവഹിക്കുന്നതിനായി വഴിതിരിച്ചുവിടാൻ സാധിക്കുമോ? സുവിശേഷ പ്രഘോഷണത്തിനുള്ള ഏറ്റവും ഉചിതമായ മാർഗം വ്യക്തിപരമായ സംഭാഷണമായിരിക്കും. അത് സ്വഭാവികമാണെന്നു മാത്രമല്ല ആർക്കും എവിടെയും സാധ്യമായ കാര്യവുമാണ്. ഉത്സാഹവും ബോധ്യവും അതോടൊപ്പം സ്നേഹവുമുള്ള ഒരാൾക്ക് ആരേയും സ്വാധീനിക്കാനും ബോധ്യപ്പെടുത്താനും കഴിയും. യേശുവിന്റെ ഈ കല്പന നിറവേറ്റുന്നതിനുള്ള പാടവവും ആത്മീയശക്തിയും നിങ്ങൾക്കുണ്ട്. ഒരു ആത്മാവിനെ യേശുവിലേക്ക് ആനയിക്കുന്നതിലും ഉപരിയായി ജീവിതസായൂജ്യം നൽകുന്ന മറ്റൊരു കാര്യവുമില്ല. യേശുവിന്റെ സ്ഥാനപതി ആയിരിക്കുന്നതിലും ഉപരിയായ ബഹുമതിയൊന്നും ഇല്ല. താത്കാലികമായ പരാജയങ്ങളും നിരാശയും പരിഹാസവുമൊക്കെ ഉണ്ടായേക്കാം. എന്നാൽ, സ്നേഹം അവയെല്ലാം അതിജീവിക്കും. യേശുവിന്റെ സാന്നിധ്യത്താൽ ഉന്മേഷം വീണ്ടെടുത്ത് അയാൾ വീണ്ടും മുന്നോട്ടു കുതിക്കുന്നു. കാരണം, ക്രിസ്തുവിന്റെ സ്നേഹം അയാളെ മുന്നോട്ടു നയിക്കുന്നു.

### വിശുദ്ധന്റെ മൊഴി

നാഥാ, അങ്ങയുടെ മുറിവേറ്റ കൈപ്പത്തിക്കുള്ളിലായി കാണപ്പെടുന്നതിൽ ഞങ്ങൾ ആനന്ദിക്കുന്നു. ഞങ്ങളെ മുറുക്കിപ്പിടിക്കുക; ശക്തമായി അമർത്തുക; ലോകത്തിന്റെ സകല നികൃഷ്ടതകളും ഞങ്ങളിൽ നിന്ന് പുറത്തു പോകട്ടെ. ഞങ്ങളെ പവിത്രീകരിക്കുക; അഗ്നിയാൽ ജ്വലിപ്പിക്കുക. അങ്ങയുടെ ദിവ്യരക്തത്തിൽ ഞങ്ങൾ കുതിരട്ടെ. എന്നിട്ട് ഞങ്ങളെ ദൂരെ, അങ്ങ് ദൂരേയ്ക്ക് അയക്കുക. അങ്ങയുടെ സ്നേഹത്തെ പ്രതി കൂടുതൽ ഫലപ്രദമായി വിത്തുവിതയ്ക്കാനും വിളവ് കൊയ്തെടുക്കാനും ഞങ്ങൾ വിശപ്പുള്ളവരാകട്ടെ.

*– വി.ജോസ് മരിയ എസ്ക്രീവ*

### സത്ക്രിയ

മൂന്നു പേരോടെങ്കിലും ഈ മാസം യേശുവിന്റെ സുവിശേഷം പങ്കുവയ്ക്കുന്നതിനുള്ള തീരുമാനം എടുക്കുക. ജീസസ് യൂത്ത് മൂവ്മെന്റ് പ്രേഷിത ചൈതന്യത്തെ ആശ്ലേഷിക്കുന്നതിനായി ആവേശപൂർവം പ്രാർഥിക്കുക.



**വാർത്താവിചാരം / സണ്ണി കോക്കാപ്പിള്ളിൽ**
*sunnykokkappillil@gmail.com*

## ഒരത്ഭുത ശിശുവിന്റെ ജനനം

ഇതൊരത്ഭുത കഥയാണ്. കുട്ടികളെ വേണ്ടെന്നു വയ്ക്കുന്നവരും നിസ്സാര കാര്യത്തിന്റെ പേരിൽ ഗർഭച്ഛിദ്രം നടത്തുന്നവരും വായിക്കേണ്ട സംഭവം. മൂന്ന് മാസം ഗർഭിണിയായിരിക്കുമ്പോഴാണ് ആ യുവതിക്ക് തലച്ചോറിന് ക്ഷതമേറ്റ് അബോധാവസ്ഥയിലായത്. ശ്വാസോച്ഛ്വാസം പോലും നിലച്ച മട്ടിൽ ഒന്നര മാസം വെന്റിലേറ്ററിൽ കിടക്കേണ്ടി വന്നു. കോട്ടയം കാരിത്താസ് ആശുപത്രിയിലായിരുന്നു ഈ കിടപ്പ്. പിന്നീട് യാതൊരനക്കവും ഇല്ലാത്തതിനാൽ അമ്മ അബോധാവസ്ഥയിൽ നിന്ന് എപ്പോൾ ഉണരുമെന്നറിയാത്തതിനാൽ ഗർഭച്ഛിദ്രം ചെയ്യണമെന്ന് ഡോക്ടർമാർ പറഞ്ഞതിനാൽ കോട്ടയം മെഡിക്കൽ കോളേജിലേക്ക് ഈ യുവതിയെ വീട്ടുകാരെത്തിച്ചു. ധാരാളം ആന്റിബയോട്ടിക്കുകൾ യുവതിക്കു നൽകിയിരുന്നു. ഈ സ്ഥിതിയിൽ ഗർഭം അലസിപ്പിച്ചാൽ അമ്മയുടെ ആരോഗ്യത്തിന് അപകടകരമായതിനാൽ ഇപ്പോൾ നടത്തേണ്ടതില്ല എന്നും തനിയെ അതു സംഭവിച്ചുകൊള്ളുമെന്നും ഡോക്ടർമാർ തീരുമാനിച്ചു. വീണ്ടും കാരിത്താസിലെ ഐ.സി.യുവിൽ യുവതി പ്രവേശിക്കപ്പെട്ടു. ഗർഭം തനിയെ അലസിയില്ല. വീട്ടുകാർ ഐ.സി.യു-വിന് പുറത്ത് പ്രാർഥനയുമായി കാവലിരുന്നു. സ്കാനിങ് റിപ്പോർട്ടിലൊന്നും കുഞ്ഞിനു തകരാറൊന്നും കാണാത്തതിനാൽ കുഞ്ഞിനെയും കൂടി രക്ഷിക്കുന്നതിലായി ഡോക്ടർമാരുടെ ശ്രദ്ധ.

പിന്നെ കുഞ്ഞിനു ഹാനികരമാകാവുന്ന മരുന്നുകൾ നിറുത്തലാക്കിയെങ്കിലും എന്തെങ്കിലും വൈകല്യങ്ങൾക്കുള്ള സാധ്യത നിലനിന്നിരുന്നു. ഇക്കഴിഞ്ഞ ജൂൺ 14-ന് യുവതിയെ ശസ്ത്രക്രിയചെയ്ത് പൂർണ വളർച്ചയെത്തിയ കുഞ്ഞിനെ പുറത്തെടുത്തു. അപ്പോഴും നിശ്ചലാവസ്ഥയിലായിരുന്നു യുവതി. ആവശ്യമായ പരിശോധനകൾ എല്ലാം നടത്തിയതിനുശേഷം ഡോക്ടർമാർ പൂർണ ആരോഗ്യവാനായ കുഞ്ഞിനെയാണ് കിട്ടിയതെന്നു പറഞ്ഞു. പിന്നീടാണ് അത്ഭുതം നടക്കുന്നത്. അവന്റെ കരച്ചിൽ കേട്ട് അമ്മയുടെ കണ്ണുകൾക്ക് ചലനമുണ്ടാകുന്നു. അവനെ ചേർത്തു കിടത്തിയപ്പോൾ അവൾ കരയുന്നു. കുഞ്ഞിനെ വാരിയെടുക്കാനായി കൈകൾ ചലിപ്പിക്കുന്നു. അവസാനം ചേർന്ന് കിടക്കുന്ന കുഞ്ഞിന്റെ നെറുകയിൽ ഒരു മുത്തംകൂടി കൊടുത്തു. ഇപ്പോൾ സ്വഭവനത്തിൽ ഒരു കുഴപ്പവും കൂടാതെ അമ്മയും കുഞ്ഞും സുഖമായിരിക്കുന്നു. ഏതാനും മാസങ്ങൾ ഫിസിയോതെറാപ്പി ചെയ്താൽ പഴയ സ്ഥിതിയിലേക്ക് അമ്മയെത്തിച്ചേരുമെന്ന് ഡോക്ടർമാർ പറയുന്നു. കോട്ടയം പേരൂർ, പെരുമണ്ണിക്കാലായിൽ അനൂപ് മാത്യുവിന്റെ ഭാര്യ ബെനിറ്റയാണ് ഈ യുവതി. നിശ്ചലാവസ്ഥയിലായ ഒരമ്മയെ ഉണർത്താനുള്ള കുഞ്ഞിന്റെ ശക്തി ഇതിലൂടെ മനസ്സിലാക്കണം. അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധത്തിന്റെ ദൃഢത അറിയാത്തവരാണ് ഗർഭം വേണ്ടെന്നു വയ്ക്കുന്നവരും താമസിപ്പിക്കുന്നവരും അലസിപ്പിക്കുന്നവരുമൊക്കെ. ശാസ്ത്രീയ നിഗമനങ്ങൾക്കപ്പുറത്ത് മറ്റുപലതുമുണ്ടെന്ന് നാമറിയണം. ആർക്കും നിശ്ചയിക്കാനാവാത്ത ദൈവിക ഇടപെടലുകൾ ഇത്തരം സംഭവങ്ങളിലൂടെയാണ് നമുക്കു വെളിപ്പെടുന്നത്.

## വിശുദ്ധ മരിയഗൊരേത്തിയെ മറക്കുന്നതെന്ത്?

ഈ ലോകജീവിതത്തിൽ അനുഭവിക്കേണ്ട സൗഭാഗ്യങ്ങളും ഉന്നതികളും ലക്ഷ്യമാക്കുന്നവർക്ക് വിശുദ്ധ മരിയഗൊരേത്തി തരുന്ന സന്ദേശം സ്വീകരിക്കാൻ വിഷമമുണ്ടാകും. വികാരവിവശനായി തന്റെ കന്യകാത്വം നശിപ്പിക്കാൻ കടന്നു വന്ന യുവാവിന്റെ ഇംഗിതത്തിനു വഴങ്ങാതെ ശരീരത്തെ വിശുദ്ധമാക്കിക്കൊണ്ട് സ്വർഗത്തിന്റെ ചവിട്ടുപടികൾ കയറിപ്പോയ വിശുദ്ധയുടെ ജീവിതസന്ദേശത്തിനു നിറം മങ്ങിയോ എന്ന് സംശയിച്ചാൽ കുറ്റം പറയാനൊക്കുമോ? മേലിൽ പാപം ചെയ്യുകയില്ലെന്നും പാപസാഹചര്യങ്ങളെ ഉപേക്ഷിക്കുമെന്നും ഓരോ കുമ്പസാരത്തിലും പ്രതിജ്ഞയെടുക്കുന്നവർ അത്തരം സാഹചര്യങ്ങളിലേയ്ക്ക് ഈയാംപാറ്റയെപോലെ എത്തിപ്പെടാൻ കാരണമെന്താണ്?

സമൂഹത്തിനു മുഴുവൻ വെളിച്ചം നൽകേണ്ടവരുടെ വിളക്കിൽ എണ്ണ വറ്റിയതിനു കാരണമുണ്ടോ? പുരോഹിതനായാലും സന്ന്യസ്തരായാലും അല്മായനായാലും ലൗകികതയ്ക്ക് ജീവിതത്തിൽ ഒന്നാം സ്ഥാനം കൊടുക്കുമ്പോൾ എണ്ണ വറ്റുക തന്നെ ചെയ്യും. എണ്ണയ്ക്ക് സ്നേഹമെന്ന് ബൈബിളിൽ വ്യാഖ്യാനമുണ്ട്. സ്നേഹം നഷ്ടപ്പെടുമ്പോൾ അവരവരുടെ പ്രവർത്തന വ്യാപ്തി അനുസരിച്ച് അത്രയും ഭാഗത്ത് ഇരുട്ടുണ്ടാകും. ലോകകപ്പു കാണുന്നതിനിടയിൽ വൈദ്യുതി നിലച്ചാൽ പ്രതികരണമെന്തായിരിക്കും? കാറ്റത്ത് വൈദ്യുതി ലൈനിൽ മരം വീണതാണ്. ലൈൻമാനെ ചീത്ത വിളിച്ചതുകൊണ്ട് പ്രയോജനമില്ല. ആദ്യം ലൈൻ ഓഫ് ചെയ്യണം. മരം മുറിച്ച് നീക്കണം. പൊട്ടിയ ലൈൻ കൂട്ടിക്കെട്ടണം. ഫ്യൂസ് കെട്ടണം. ചർച്ച് ആക്ടിന്റെ പേരിൽ സഭയെ ചീത്ത വിളിച്ച് ചാനലുകളിൽ ഇരിപ്പിടം ഉറപ്പിച്ച യുവതിയ്ക്കും കൂദാശയെന്തന്നറിയാത്ത പ്രശസ്ത സാഹിത്യകാരിക്കും ചാനൽ

അവതാരികയ്ക്കും മാർപാപ്പയെവരെ ഉപദേശിക്കാൻ എന്തൊരു തിടുക്കമാണ്. അതിനിടയിൽ സഭയെ അടിമുടി ഇപ്പോൾതന്നെ ശുദ്ധീകരിച്ചിട്ടേയുള്ളുവെന്ന് ചിന്തിച്ച് മറ്റു കുറേപേരും ഉറഞ്ഞു തുള്ളുന്നു. ഇതിനൊക്കെ അവസരങ്ങൾ വേണ്ടപ്പെട്ടവർ ഉണ്ടാക്കിക്കൊടുക്കണമായിരുന്നോ എന്നാണ് മറ്റൊരു ചോദ്യം. ഒരു ഭാഗത്ത് ധാർഷ്ട്യത്തിന്റെ കൂടാരങ്ങളിൽ അഭിരമിക്കുന്നവർ; മറ്റൊരു വശത്ത് സഹനത്തിന്റെ മൂല്യത്തെ തിരിച്ചറിയാത്തവരും. ഒരു വ്യക്തിയുടെ നീതി സമൂഹത്തിന് അനീതിയായി മാറുന്ന സന്ദർഭത്തെ സൃഷ്ടിക്കരുതായിരുന്നു. ഒരു കുടുംബത്തിൽ ഒരു വ്യക്തിക്കു മാരകരോഗം പിടിപെടുന്നു. രക്ഷപ്പെടാൻ ഒരു സാധ്യതയുമില്ല. കുറേ അംഗങ്ങളുള്ള ആ കുടുംബത്തിലുള്ള സകലതും വിറ്റ് രോഗിയായ വ്യക്തിയെ ചികിത്സിക്കുന്നത് ശരിയോ എന്ന ചോദ്യം ധാർമിക ശാസ്ത്രത്തിലുണ്ട്. **ക്രിസ്തു പ്രത്യേകം തെരഞ്ഞെടുത്ത 12 പേരിൽ ഒരാൾ ഗുരുവിനെത്തന്നെ ഒറ്റിക്കൊടുത്തു. ഗുരുവിനെ ഒറ്റിക്കൊടുത്തവന്റെ സംഘമാണെന്നു പറഞ്ഞ് സഭയിലേക്ക് ആരും വരാത്തതായി കേട്ടിട്ടില്ല.** വീഴ്ചകൾ സ്വാഭാവികമാണ്. മനുഷ്യ പ്രകൃതിയുടെ ഭാഗമാണത്. ഓരോ വീഴ്ചകളും തിരുത്തലുകൾക്കും വിശുദ്ധീകരണത്തിനും കാരണമാകട്ടെയെന്നു പ്രാർഥിക്കാം.

## തെറ്റിന്റെ വ്യാഖ്യാനങ്ങൾ മനസ്സിലാകുന്നില്ല

മദർ തെരേസയെ എന്നും ചിലർക്കു ഭയമാണ്. അവരുടെ മരണത്തിനുശേഷവും ആ വേട്ടയാടൽ തുടർന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ മദർ സ്ഥാപിച്ച സ്ഥാപനങ്ങൾക്കെതിരെയാണ് രോഷം മുഴുവനും. നിസ്സഹായരും നിരാലംബരുമായ ചിലരെ അവർ മരിക്കാൻ അനുവദിക്കുന്നില്ല പോലും! ദീപിക ദിനപത്രം ജൂലൈ 19-ന് പ്രസിദ്ധീകരിച്ച ഒന്നു രണ്ടു സംഭവങ്ങൾ വായിക്കുമ്പോഴാണ് ഝാർഖണ്ഡ് എന്ന സംസ്ഥാനത്തു നടമാടുന്ന വേദനാജനകമായ അനുഭവങ്ങൾ നമുക്കു മനസ്സിലാക്കാൻ കഴിയുന്നത്. ചൺഡിൽ നഗരത്തിൽ നടന്ന ഒരു സംഭവം ഇങ്ങനെയാണ്: പ്രണയത്തിൽ കുരുങ്ങി ഗർഭിണിയായ 17 കാരിയെ കാമുകനും വീട്ടുകാരും കൈയൊഴിഞ്ഞപ്പോൾ റോഡിലായി വാസം. പ്രസവവേദന തുടങ്ങിയപ്പോൾ തൊട്ടടുത്തുള്ള ആശുപത്രിയിൽ ചെന്നു. കൂടെ ആരുമില്ലാത്തതിനാൽ ആശുപത്രി അധികൃതർ അവിടെ നിന്നും ഇറക്കി വിട്ടു. റോഡരികിൽ കിടന്ന് പിറ്റേന്ന് അവൾ ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. പൊക്കിൾകൊടിപോലും വേർപെടുത്താൻ കഴിയാതെ രക്തത്തിൽ കുളിച്ച് ഏറെ നേരം റോഡരികിൽ കിടന്നു. ഇത് മൊബൈലിൽ പകർത്തി ഷെയർ ചെയ്യാൻ പലരുമെത്തി. ആശുപത്രിയിൽ ആരോ വിവരമറിയിച്ചിട്ടും അവർ തിരിഞ്ഞു നോക്കിയില്ല. പിന്നീട് ഒരു നല്ല മനുഷ്യൻ അവരെ ഓട്ടോറിക്ഷ വിളിച്ച് ആശുപത്രിയിലെത്തിച്ചു.



മറ്റൊരു സംഭവം ഇങ്ങനെയാണ്: ഗുരുഗ്രാം ജില്ല ആശുപത്രിയിൽ പ്രവേശിച്ച 18 കാരി കുഞ്ഞിനെ ഉപേക്ഷിച്ചു കടന്നുകളഞ്ഞു. അയൽവാസി ബലാൽസംഗം ചെയ്തതാണ്. ജോലി സ്ഥലത്തു വച്ചായിരുന്നു ഈ സംഭവം. അയാൾ കൈയൊഴിഞ്ഞതോടെ യുവതിക്കു സ്വന്തം ഭവനത്തിലേക്കു പോകാൻ പോലും രക്ഷയില്ലാതായി. ഈ കുഞ്ഞിനെ പിന്നീട് എന്തുചെയ്യും? ഝാർഖണ്ഡിൽ ഓരോ വർഷവും ഇത്തരത്തിൽ നൂറു കണക്കിന് സംഭവങ്ങൾ അരങ്ങേറുന്നു. അതിൽ പകുതി കുഞ്ഞുങ്ങളെങ്കിലും അനാഥരായി മരിച്ചു പോകുന്നു. കുറേ കുഞ്ഞുങ്ങളെങ്കിലും മിഷണറീസ് ഓഫ് ചാരിറ്റിയുടെ റാഞ്ചിയിലെ നിർമൽ ഹൃദയ് പോലുള്ള സ്ഥാപനങ്ങളിൽ എത്തിപ്പെടുന്നു. അവർ ജീവിതത്തിലേക്ക് പിച്ച വയ്ക്കുന്നു.

ഇത്തരത്തിലുള്ള ഒരു കുഞ്ഞിനെ ദത്തു നൽകിയതിലെ സാങ്കേതികത്വത്തിന്റെ പേരു പറഞ്ഞാണ് മിഷണറീസ് ഓഫ് ചാരിറ്റിയിലെ ഒരു സിസ്റ്ററെ അറസ്റ്റ് ചെയ്തതും അവരുടെ എല്ലാ സ്ഥാപനങ്ങളും പരിശോധനയ്ക്കു വിധേയമാക്കുന്നതും. അനാഥമായ ഒരു ശിശു ദത്തു സ്ഥാനംവഴി ഏതെങ്കിലും കുടുംബത്തിന്റെ അംഗമാകുന്നത് വലിയ തെറ്റാണിപ്പോൾ. പാവപ്പെട്ട പെൺകുട്ടികളെ പ്രണയിച്ചും ബലാൽസംഗം നടത്തിയും ഗർഭിണിയാക്കി അനാഥ ശിശുക്കളെ ജനിപ്പിച്ചുവിടുന്നതിൽ ഒരു തെറ്റും അധികൃതർ കാണാത്തതെന്ത്?

വാണിജ്യ താത്പര്യം മാത്രം നോക്കി ഏതോ അനാഥശാലക്കാർ അനാഥശിശുക്കളെ വിറ്റതിന്റെ പേരിൽ പടച്ചുണ്ടാക്കിയ പുതിയ നിയമം മിഷണറീസ് ഓഫ് ചാരിറ്റിപോലെ അനാഥരെ സനാഥരാക്കുന്ന പ്രവൃത്തിയിലേർപ്പെട്ടിരുന്നവരെയൊക്കെ നിരുത്സാഹപ്പെടുത്തി. ജീവിതത്തിലേക്ക് പിച്ചവച്ചുകൊണ്ടിരുന്ന ആയിരക്കണക്കിനു കുഞ്ഞുങ്ങളുടെ അവസ്ഥ ഇപ്പോൾ എന്താണെന്ന് ആരെങ്കിലും അന്വേഷിക്കുന്നുണ്ടോ? മനുഷ്യനെക്കാളുപരി പട്ടിക്കുവേണ്ടി ജീവിതം മാറ്റിവച്ച ശ്രീമതി മനേകാ ഗാന്ധി തന്നെ ഈ നിയമത്തിനും ചുക്കാൻ പിടിക്കുന്നുവെന്നത് സ്വാഭാവികമാണെന്നേ കരുതാൻ പറ്റൂ. മദർ തെരേസയുടെ സ്ഥാപനങ്ങൾക്കു പകരം വയ്ക്കാൻ ഭാരതത്തിൽ മറ്റൊന്നില്ലായെന്ന തിരിച്ചറിവായിരിക്കണം ഇതിന്റെയെല്ലാം പിന്നിൽ അടിസ്ഥാനകാരണമായി നിലനിൽക്കുന്നത്.



# ക്ഷമകൊണ്ട് എന്തും നേടാം

വിശുദ്ധ ഡൊമിനിക് സാവിയോയും കൂട്ടുകാരും പഠിച്ചുകൊണ്ടിരിക്കുകയാണ്. പെട്ടെന്നാണ് രണ്ടുപേർ തമ്മിൽ തലയണയെറിഞ്ഞു കളിക്കാൻ തുടങ്ങിയത്. തലയിണ കൊണ്ട് ഒരു ബൾബ് താഴെ വീണു പൊട്ടിച്ചിതറി. ശബ്ദം കേട്ട് വാർഡനായിരുന്ന വി. ഡോൺബോസ്കോ എത്തി. കുട്ടികൾ രണ്ടു പേരും ഒന്നുമറിയാത്തവരെപ്പോലെ വായനതുടങ്ങി. ആരാണിതു ചെയ്തത്? ഡോൺ ബോസ്കോ ചോദിച്ചു, ഡൊമിനിക് സാവിയോ ആണെന്ന് ഒരു കുട്ടി വിളിച്ചുപറഞ്ഞു. ഡൊമിനിക് സാവിയൊ ന്യായീകരണ മൊന്നും പറയാതെ ശിക്ഷ ഏറ്റുവാങ്ങി. ഇതു കണ്ടപ്പോൾ തെറ്റുചെയ്തവർക്ക് മനസ്താപം വന്നു. അവർ പറഞ്ഞു: ഡൊമിനിക്കല്ല ഞങ്ങളാണിതു ചെയ്തത്. ഡൊമിനിക് സാവിയോയുടെ എളിമയും ക്ഷമയും ഡോൺബോസ്കോ പ്രശംസിച്ചു.

# വിശുദ്ധ റോസവെനറീനി



"മയിസ്ത്രേ, എനിക്ക് കുമ്പസാരിക്കണം. പക്ഷേ പ്രാർത്ഥന ഒന്നും അറിയില്ല." "വിഷമിക്കേണ്ട, ഞാൻ സഹായിക്കാം." വിശുദ്ധ റോസവെനറീനിയും ഒരു ഗ്രാമവാസിയും തമ്മിലുള്ള സംഭാഷണമാണിത്. ആരാണീ റോസവെനറീനി എന്നറിയുമോ? 1656ൽ ഇറ്റലിയിലെ വിത്തെർബോ എന്ന സ്ഥലത്തു ജനിച്ച്, അറിവില്ലാത്തവരെ പഠിപ്പിച്ചും സംശയമുള്ളവരുടെ സംശയങ്ങൾ നീക്കിയും നന്മചെയ്തു ജീവിച്ച്, 1728ൽ സ്വർഗത്തിലേയ്ക്കു പറന്നുയർന്ന ഒരു ധീരക ന്യക. അവളുടെ പിതാവ് ഡോ. ഗൊഫ്രെദോയും മാതാവായ മാർസിയായും ഭക്തരും വിശുദ്ധിയിൽ മക്കളെ വളർത്തുവാൻ നിഷ്ഠയുള്ളവരുമായിരുന്നു. എന്നും ദൈവഹിതത്തിനു മുൻതൂക്കം കൊടുക്കാൻ ആ മാതാപിതാക്കൾ മക്കളെ പഠിപ്പിച്ചു.

പൂർണമായും ഈശോയുടെ സ്വന്തമാകാൻ ആഗ്രഹിച്ച റോസ സ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം അവളുടെ ആന്റിയുള്ള മഠത്തിൽ ചേരാൻ ആഗ്ര ഹിച്ചു. പക്ഷേ ദൈവഹിതം മറിച്ചായിരുന്നു. ഒരു രാത്രിയിൽ റോസയ്ക്ക് വിചിത്രമായ ഒരു സ്വപ്നമുണ്ടായി. അഗാധമായ ഒരു ഗർത്തത്തിനു മുകളിൽ നിന്ന് നൃത്തം ചെയ്യുന്ന പെൺകുട്ടികൾ. ഒന്ന് ഇടറിയാൽ അവർ ഗർത്തിൽ പതിക്കും. നഷ്ടപ്പെടുന്ന ആത്മാക്കളെക്കുറിച്ചുള്ള സ്വപ്നമായിരുന്നു അത്.

സ്ത്രീകൾക്ക് സ്വാതന്ത്ര്യവും വിദ്യാഭ്യാസവും നിഷേധിക്കപ്പെട്ട ആ കാലഘട്ടത്തിൽ അജ്ഞതയും സുരക്ഷിതത്വമില്ലായ്മയും സ്ത്രീകളുടെ ജീവിതത്തെ ഇരുട്ടിലാഴ്ത്തിയിരുന്നു. അവരുടെ പുനരുദ്ധാരണത്തുനുവേണ്ടി എന്തെങ്കിലുംചെയ്യണമെന്ന ആഗ്രഹം റോസയിൽ ശക്തമായി. അവളുടെ ആത്മപിതാവായിരുന്ന ഫാ. ബലിസ്ട്രയോട് ആലോചന ചോദിച്ചുകൊണ്ട് അവൾ തന്റെ ഗ്രാമത്തിലെ പാവപ്പെട്ടവരായ പെൺകുട്ടികളുടെ ഇടയിലേയ്ക്കിറങ്ങി. അവരെക്കൂട്ടി ജപമാല ചൊല്ലുകയായിരുന്നു അവൾ ആദ്യം ചെയ്തത്. പരിശുദ്ധ അമ്മയോടുള്ള ഭക്തി അവരിൽ ജനിപ്പിക്കാനും ഏതവസരത്തിലും മാതാവിൽ അഭയം തേടാൻ അവരെ പഠിപ്പിക്കാനും അവൾക്കു സാധിച്ചു.

അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും അവരെ മോചിപ്പിച്ചാലേ സ്ത്രീകളുടെ ഉന്നമനം സാധ്യമാകൂ എന്നു മനസ്സിലാക്കിയ റോസ വീടുകൾതോറും കയറിയിറങ്ങി. ആർക്കും എന്നെ സഹായിക്കാനാവില്ല എന്നു വിലപിച്ചുകൊണ്ടിരുന്ന ഒരു പെൺകുട്ടിയോട് റോസ പറഞ്ഞു: " വിഷമങ്ങൾ ഒപ്പിയെടുക്കാനുള്ള കടലാസൊന്നും എന്റെ കയ്യിൽ ഇല്ല. പക്ഷേ ഈ വേദനകളിൽനിന്നും കരേറാനുള്ള ശക്തി നിന്നിൽ ദൈവം വച്ചിട്ടുണ്ട്. അതു നീ തിരിച്ചറിയണം. " റോസയുമായുള്ള സംസർഗം അവൾക്ക് മനഃശക്തി നൽകി. മതപരമായ കാര്യങ്ങളിലുള്ള അവരുടെ അജ്ഞത മനസ്സിലാക്കിയ അവൾ മതപഠനക്ലാസുകൾ ആരംഭിച്ചു. കൂദാശകൾ സ്വീകരിക്കാനും കുടുംബ പ്രാർത്ഥന മുടക്കാതെ ചൊല്ലുവാനും അവൾ അവരെ അഭ്യസിപ്പിച്ചു. പെൺകുട്ടികൾക്കായി ഒരു സൗജന്യ സ്ക്കൂളും അവൾ ആരംഭിച്ചു. പുതിയ പ്രേഷിതമേഖലയിൽ സഹകരിക്കാൻ രണ്ടു കൂട്ടുകാരെയും അവൾക്കു ലഭിച്ചു. സ്ക്കൂൾ തുടങ്ങാനുള്ള പണമില്ലാതെ വിഷമിച്ചപ്പോൾ സിഗനോറ എന്ന സമ്പന്നയായ ഒരു സ്ത്രീ സഹായവുമായെത്തി. ബൗദ്ധികമായ അറിവുപകരുന്നതിനോടൊപ്പം ജീവിതമൂല്യങ്ങളും റോസ കുട്ടികളെ അഭ്യസിപ്പിച്ചു. ആ പ്രദേശവാസികൾ അവളെ 'മയിസ്ത്ര' എന്നു സ്നേഹപൂർവം വിളിച്ചു. വീട്ടിൽ ഭക്ഷണം വിളമ്പുമ്പോൾ കുട്ടികൾ പറയും പ്രാർത്ഥിച്ചിട്ടേ കഴിക്കാവൂ എന്ന് മയിസ്ത്ര പറഞ്ഞിട്ടുണ്ട്. പ്രാർത്ഥിച്ചിട്ടേ കിടക്കാവൂ എന്ന് മയിസ്ത്ര പറഞ്ഞിട്ടുണ്ട്. ഇങ്ങനെ മയിസ്ത്ര അവരുടെ ജീവിതത്തിന്റെ തന്നെ വെളിച്ചമായി മാറി.

റോസയുടെ സ്തുത്യർഹമായ സേവനങ്ങൾ കേട്ടറിഞ്ഞ റോമിലെ മെത്രാൻ സ്ക്കൂൾ തുടങ്ങനായി അവളെ റോമിലേയ്ക്കു ക്ഷണിച്ചു. അവിടെയും അവളുടെ പ്രവർത്തനങ്ങൾ വിജയിച്ചു. റോസയുടെ പ്രവർത്തനങ്ങൾ അന്നത്തെ മാർപ്പാപ്പയായ ക്ലെമന്റ് പതിനൊന്നാമന്റെ ചെവിയിലെത്തി. അദ്ദേഹം അവരുടെ സ്ക്കൂൾ സന്ദർശിച്ചു. പിതാവ് കുട്ടികളോടു ചോദിച്ചു: ആരെയാണ് നിങ്ങൾക്കിഷ്ടം? ഈശോയെ എന്ന് അവർ മറുപടി പറഞ്ഞു. പിതാവു വീണ്ടും ചോദിച്ചു: ഈശോ നിങ്ങളുടെ ആരാണ്? "കൂട്ടുകാരൻ". കുട്ടികളുടെ മറുപടിയിൽ സംതൃപ്തനായ പരിശുദ്ധ പിതാവ് അവരെ അഭിനന്ദിച്ചുകൊണ്ടു പറഞ്ഞു: " ഈ സ്ക്കൂൾ വഴി റോം വിശുദ്ധീകരിക്കപ്പെടുകയാണ്. റോമിന്റെ സ്വപ്നം സഫലമാക്കുന്നതിനു നന്ദി. "

അറിവില്ലാത്തവരെ പഠിപ്പിക്കുന്നത് കാരുണ്യപ്രവൃത്തികളിൽ ഒന്നാണ്. വിശുദ്ധ റോസവെനറീനിയേപ്പൊലെ വലിയ കാര്യങ്ങൾ ചെയ്യാൻ സാധിക്കില്ലെങ്കിലും നമ്മൾ പഠിക്കുന്ന നല്ല കാര്യങ്ങൾ മറ്റുള്ളവർക്കു പറഞ്ഞുകൊടുക്കുമ്പോൾ ഈ കാരുണ്യപ്രവൃത്തിയിൽ നമ്മളും പങ്കുചേർക്കപ്പെടുകയാണ്.

## പദപ്രശ്നം

**വിശുദ്ധ റോസവെനറീനിയുടെ മുകളിൽ തന്നിരിക്കുന്ന ജീവചരിത്രം വായിച്ച് താഴെകൊടുത്തിരിക്കുന്ന പദപ്രശ്നം പൂരിപ്പിക്കാമോ?**




### വലത്തോട്ട്

1. അറിവില്ലാത്തവരെ പഠിപ്പിക്കുന്നത് എന്തുസുകൃതമാണ്? *(6 അക്ഷരം)*
2. വിശുദ്ധ കുട്ടികളെ മുടങ്ങാതെ ചൊല്ലാൻ പഠിപ്പിച്ചത് *(7 അക്ഷരം)*
3. വിശുദ്ധയുടെ രാജ്യം *(3 അക്ഷരം)*
4. സ്ക്കൂൾ തുടങ്ങാനായി വിശുദ്ധ ക്ഷണിക്കപ്പെട്ടത് എവിടേയ്ക്ക്? *(1 അക്ഷരം)*
5. വിശുദ്ധ കുട്ടികളെക്കൂട്ടി ആദ്യം ചൊല്ലിയത് എന്ത്? *(4അക്ഷരം)*
6. വിശുദ്ധ ജനിച്ചസ്ഥലം *(4അക്ഷരം)*
7. വിശുദ്ധയെ സ്നേഹപൂർവം വിളിച്ചിരുന്ന പേര് *(4അക്ഷരം)*

### താഴേയ്ക്ക്

8. അന്നത്തെ മാർപ്പാപ്പ ............... പതിനൊന്നാമൻ ആയിരുന്നു. *(2 അക്ഷരം)*
9. വിശുദ്ധയെ സഹായിച്ച സമ്പന്ന *(4അക്ഷരം)*
10. വിശുദ്ധയുടെ ആത്മപിതാവ് *(4അക്ഷരം)*
11. വിശുദ്ധയുടെ പിതാവ് *(3അക്ഷരം)*
12. ആരെയാണു നിങ്ങൾക്കിഷ്ടം എന്ന ചോദ്യത്തിന് കുട്ടികൾ നൽകിയ മറുപടി എന്ത്? *(2അക്ഷരം)*






കവർസ്റ്റോറി / ജീവൻ ജോൺ

# പാരിഷ് ഹാളിലെത്തിയ സിക്സറുകൾ

പോളച്ചൻ (ശരിക്കും അച്ചനല്ല, അച്ചനെന്നു പേരിനൊപ്പമുള്ളതാണ്) സിക്സറടിക്കുന്നത് ഒന്നുകാണേണ്ട കാഴ്ചയാണ്. മെലിഞ്ഞുണങ്ങിയ ആ മനുഷ്യൻ ഫോമായാൽ പിന്നെ ഷോർട്ട് പിച്ചെന്നോ യോർക്കറെന്നോ ഫുൾ ടോസെന്നോ ഇല്ല. പന്തടിച്ച് പാരിഷ്ഹാളിനു മുകളിലേക്കോ കപ്പേളയ്ക്കു പുറകിലേക്കോ പറത്തും. ശനിയാഴ്ച രാവിലെയുള്ള കുർബാനയുടെ കാഴ്ചവയ്പിന്റെ സമയത്ത് എന്റെ പ്രധാന പ്രാർഥന പലപ്പോഴും ഇങ്ങനെയായിരുന്നു: കർത്താവേ ഒന്നുകിൽ ഇന്ന് പോളച്ചന്റെ ടീമിൽ കയറ്റണം. അല്ലെങ്കിൽ ഒരു ക്യാച്ചെടുത്ത് പോളച്ചനെ ഔട്ടാക്കാൻ സഹായിക്കണം. അന്നു കർത്താവ് പരമാവധി പരിശ്രമിച്ച് എന്റെ കൈയിലേക്കെത്തിച്ച ക്യാച്ച് ഡ്രോപ് ചെയ്തതിന്റെ വിഷമത്തിൽ ഞാൻ നോക്കിയപ്പോൾ പോളച്ചനതാ ആകാശത്തേക്കു നോക്കി നന്ദിപറയുന്നു. വെറുതെയല്ല, പോളച്ചനും കാഴ്ചവയ്പിന്റെ സമയത്ത് എന്തോ പ്രാർഥിച്ചിട്ടുണ്ട്.

കുർബാന കഴിഞ്ഞുള്ള ആ ക്രിക്കറ്റ് കളിയായിരുന്നു അക്കാലത്ത് ഞാനടക്കമുള്ള ഒത്തിരിപ്പേരെ ശനിയാഴ്ച പള്ളിയിലേക്ക് ആകർഷിച്ചത്. ക്രിക്കറ്റിന്റെ ആദ്യപാഠങ്ങൾ പഠിച്ചതും പള്ളിപ്പറമ്പിൽനിന്നുതന്നെ. പോളച്ചനും അയാളുടെ സിക്സറുകൾ ഏറ്റുവാങ്ങിയ ഹതഭാഗ്യന്മാരായ ബൗളർമാരും പോളച്ചന്റെ ആരാധകരായിരുന്ന ഞാനടക്കമുള്ള ജൂനിയർ കളിക്കാരുമെല്ലാം ഇന്ന് ഇടവകപ്പള്ളിയിൽ ഇടയ്ക്കുമാത്രം പോകുന്ന പരദേശവാസികളായി. ഇപ്പോൾ ചെല്ലുമ്പോൾ കാണുന്നത് പഴയ ക്രിക്കറ്റ് ഗ്രൗണ്ട് മുഴുവൻ പാർക്കിങ്ങിനായി തയാറാക്കിയിരിക്കുന്നു. ഇടവകക്കാരെല്ലാവരുംതന്നെ കാറുമായാണെത്തുന്നത്. കുർബാന കഴിഞ്ഞാലും പാർക്കിങ്ങൊഴിവാകാൻ സമയമെടുക്കും. പിന്നെ എങ്ങനെ കളിക്കും? മാത്രമല്ല, കളിക്കാൻ പുതിയ പോളച്ചന്മാരോ ആരാധകരായി എന്നെപ്പോലുള്ളവരോ ഇല്ല.

പള്ളിയോടു ചേർന്ന് വിരിഞ്ഞുനിൽക്കുന്നൊരു വല, കമുകിൻതടികൊണ്ടുള്ള രണ്ടു പോസ്റ്റുകൾ, രണ്ടു ഭാഗത്തായി നാട്ടിയിരിക്കുന്ന മൂന്നുവീതമുള്ള കോലുകൾ... ഇതുകാണുന്നതുതന്നെ എന്തൊരു ഐശ്വര്യമാണെന്റെ വികാരിയച്ചാ... വൈകുന്നേരങ്ങളിൽ സ്കൂൾവിട്ട് ചായയും കഴിച്ച് പള്ളിയുടെ അടുത്തുള്ള കുട്ടികൾ ഒരു സൈക്കിളിൽ രണ്ടെന്ന കണക്കിൽ പള്ളിമുറ്റത്തേക്കെത്തുന്നു. പിന്നെ ആരവമായി, ആർപ്പുവിളികളായി. അപ്പോൾ അംപയറായി അച്ചനുമുണ്ടെങ്കിൽ (ശരിക്കുമുള്ള അച്ചൻ) കളിയുടെ രസവും കൂടും. അവസാനം സന്ധ്യയാകുമ്പോൾ, വെളിച്ചക്കുറവിനെത്തുടർന്ന് കളിനിറുത്തേണ്ടിവരുമ്പോൾ, ആ ഗ്രൗണ്ടിൽത്തന്നെ നിന്ന് കൊന്തയുടെ ഒരു രഹസ്യവും ചൊല്ലിപ്പിരിഞ്ഞാലോ... ഇതു വെറും പറച്ചിലല്ല, കുറച്ചുകാലംവരെ വളരെ വ്യാപകമായിരുന്നതും ഇപ്പോഴും ചിലയിടങ്ങളിലെങ്കിലും നടക്കുന്നതുമാണ്. പള്ളിക്കു സ്ഥലമില്ലെങ്കിൽ ഇടവകക്കാർ പിരിവെടുത്ത് അൽപം സ്ഥലം പിള്ളേരു കളിക്കായി വാങ്ങുന്നതുപോലും ആലോചിക്കാവുന്നതാണ്.

കുട്ടികൾ ചെറുപ്പത്തിലേ വഴിതെറ്റുന്നു, ചിലർക്കു ഡിപ്രഷനാകുന്നു, ഫോണിൽ അഴുക്കു വീഡിയോകൾ കണ്ട് അടിമയാകുന്നു എന്നൊക്കപ്പറഞ്ഞ് കരയുന്ന രക്ഷിതാക്കൾ ഇതുകൂടിയൊന്നു പരീക്ഷിക്കണം. എല്ലാത്തിനുമുള്ള പരിഹാരം ധ്യാനവും കൗൺസലിങ്ങും തലയ്ക്കുപിടിത്തവുമല്ല. ചിലപ്പോൾ ബാറ്റും പന്തും റാക്കറ്റും ഷട്ടിലുമൊക്കെയാണ്. ചില സ്കൂളുകളിൽ ഇതെല്ലാം ശാസ്ത്രീയമായി തയാറാക്കിയിട്ടുണ്ടാകും. എന്നാൽ എല്ലാ സ്കൂളുകൾക്കും ഇതുകഴിഞ്ഞെന്നുവരില്ല. നാട്ടിൻപുറങ്ങളിലും മറ്റും പഠിക്കുന്ന മഹാഭൂരിപക്ഷം വരുന്ന കുഞ്ഞുങ്ങൾക്ക് കളിക്കാൻ ഏറ്റവും നല്ല സ്ഥലം പള്ളിമുറ്റമാണെന്നാണ് തോന്നുന്നത്. എല്ലാവരും കളിച്ച് ഖേൽരത്ന അവാർഡ് വാങ്ങാനല്ല, ബാല്യം ചെറുതായെങ്കിലുമൊന്ന് ആഘോഷിക്കാൻ, ടീം സ്പിരിറ്റ് ഉണ്ടാകാൻ, അഞ്ചുമിനുട്ടെങ്കിലും കിതയ്ക്കാതെ ഓടാൻ... ആർപ്പുവിളിക്കാൻ... കുട്ടികളുടെ സിക്സറുകൾ പൊട്ടിക്കുന്ന ജനാലകളെപ്പറ്റിയോ, ഭിത്തിയിൽ വീഴുന്ന പന്തിന്റെ പാടുകളെപ്പറ്റിയോ പള്ളിഅധികം വ്യാകുലപ്പെടരുത്. കാരണം, പള്ളിവിട്ടുപോയവരെ തിരികെക്കൊണ്ടുവരുന്നതിൽ എത്രയോ എളുപ്പമാണ് ജനാലച്ചില്ലു മാറ്റുന്നത്. കുട്ടികൾക്കുമാത്രമല്ല, മുതിർന്നവർക്കും വയോജനങ്ങൾക്കും സ്ത്രീകൾക്കുമെല്ലാം കളിക്കാനുള്ള സൗകര്യം പള്ളിയൊരുക്കണമെന്നാണ് ലേഖകന്റെ അഭിപ്രായം. അതിനുള്ള കഴിവ് കേരളത്തിലെ പള്ളികൾക്കുണ്ട്.

പള്ളിമുറ്റത്തെ കളിയാരവങ്ങളിൽ ആരും അലോസരപ്പെടരുത്. കാരണം, കുട്ടികൾ പള്ളിക്കടുത്തുതന്നെയുണ്ടെന്നുള്ളതിന് തെളിവാണത്.



**ഔട്ട് റീച്ച്:** ടെക്നോപാർക്കിലെ ജീസസ് യൂത്തുകാർ തിരുവനന്തപുരം റാണിഗിരി ഇടവകയിലേക്ക് 'എറൈസ്' എന്നപേരിൽ ഔട്ട് റീച്ച് നടത്തി. ഫാ. ഡൊമിനിക് CMF-ന്റെ ഒപ്പം മുപ്പതോളം ജീസസ് യൂത്താണ് ഈ ഏകദിന മിഷൻ പ്രവർത്തനത്തിന് സമയം കണ്ടെത്തിയത്.



**ഫുൾടൈമേഴ്സ്:** ഇരുപത്തിയേഴാമത് ബാച്ച് ഫുൾടൈമേഴ്സിന്റെ കമ്മീഷനിംഗ് ചടങ്ങുകൾ ആലുവ ആത്മദർശനിൽ വച്ച് നടന്നു. പുനലൂർ രൂപതാധ്യക്ഷൻ റൈറ്റ്. റവ. ഡോ. സിൽവസ്റ്റർ പൊന്നുമുത്തൻ പിതാവ് പുതിയ ബാച്ചിലെ ഇരുപത്തിയൊൻപത് പേരെയും പ്രാർഥിച്ചനുഗ്രഹിച്ച് പ്രേഷിത വയലിലേക്കയച്ചു.





**ആത്മാവിന്റെ ഇടപെടലിനെപ്പറ്റി സണ്ണി കോക്കാപ്പിള്ളിൽ സ്വാനുഭവത്തിൽനിന്ന് എഴുതിയ പുതിയ ഗ്രന്ഥം.**

കോപ്പികൾക്ക്: **94468 90744**

RNI No. KERMAL/2002/12027, Postal Registered No. KL/EKM/734/2016-18, Licence No. KL/CR/EKM/WPP-02/2016-18
Licenced to Post Without Prepayment. Date of publication: 01/08/2018. ₹20.00.


# കേരള ജീസസ് യൂത്തിന്റെ ഒത്തുചേരൽ

മൂവാറ്റുപുഴ നിർമലാ കോളേജിൽ, 2018 ആഗസ്റ്റ് 23 മുതൽ 26 വരെ

JYKC 2018

Jesus Youth Kerala Conference

*Rediscovering Our Treasures*



Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041, Cell: 98479 00555. Place of publication Kairos, Emmaus, HMT Colony P.O Ernakulam-683503. Editor Dr. Chackochan Njavallil, Parathodu, Kanjirapally, Kottayam-686512